# മാനന്തവാടി രൂപത

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

## ബുള്ളറ്റിൻ

Vol. 13/ Issue 12
December 2022



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY

HAVE A VERY

# Merry CHRISTMAS

HAPPY NEW YEAR




MAR ALEX THARAMANGALAM
AUXILIARY BISHOP OF MANANTHAVADY



തിരുപട്ട സ്വീകരണത്തിനൊരുങ്ങുന്ന
ഡീക്കൻമാർക്ക്
ആശംസകൾ
DN KURIAN (ARUN) POYIKAYIL
ST ANTONY'S CHURCH KOTTATHARA
Dec 26 9.15 am
DN MATHEW (ANOOP) KOCHERIL
ST SEBASTIAN'S CHURCH VILAMBUKANDAM
Dec 27 9.15 am
DN MATHEW (AMAL) PANNACKAL
ST JUDE'S CHURCH KURUMBALAKOTTA
Dec 27 2.30 pm
DN AUGUSTINE (JIJO) PALLATTUKUNNEL
ST SEBASTIAN'S CHURCH POROOR
Dec 28 9.15 am
DN GEORGE (ANEESH) PURAKKAL
ST. MARY'S CHURCH, KALLUVAYAL
Dec 29 9.15 am
DN THOMAS NJALLAMPUZHA
LITTLE FLOWER FORANE CHURCH, NILAMBUR
Dec 31 9.15 am

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 13 ഡിസംബർ 2022 ലക്കം 12

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


ഇടയലേഖനം........................................................................ 09

സർക്കുലർ........................................................................ 18

രൂപതാ കച്ചേരി വാർത്തകൾ................................................ 23

ജൂബിലി വാർത്തകൾ........................................................... 23

അൾത്താരബാലന്മാരുടെ ക്യാമ്പ്........................................ 27

മതബോധനരംഗം ............................................................. 28

ചെറുപുഷ്പ മിഷൻലീഗ്........................................................ 32

*Department of Youth Ministry* ........................................ 37

കെ.സി.വൈ.എം.................................................................. 40

കുടുംബപ്രേഷിതത്വം........................................................... 47

സീയോൻ വാർത്ത.............................................................. 55

വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................... 57

സാമൂഹ്യ സേവനരംഗം (WSSS)........................................... 62

ബയോവിൻ അഗ്രോ റിസർച്ച്.............................................. 67

റേഡിയോ മാറ്റൊലി ........................................................... 70

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. 74

കത്തോലിക്കാ കോൺഗ്രസ്................................................. 79

ജീസസ് ഫ്രട്ടേണിറ്റി............................................................ 84

*Mary Matha Arts & Science College*.............................. 85

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 87

ബിഷപ്സ് പ്രോഗ്രാം ............................................................ 97

# ഇടയലേഖനം

**Prot. No. 26774 /2022**

**No. 3/2022**

*മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ് പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനോട് ചേർന്ന് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും മ്ശംശാനാമാർക്കും സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്: നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും.*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കോവിഡ് മഹാമാരിയുടെ പ്രഹരത്തിൽ നിന്ന് ഏറെക്കുറെ നാം വിമുക്തരായിക്കഴിഞ്ഞു. പുതിയ ഊർജ്ജം ഉൾക്കൊണ്ട് വീണ്ടും നാം നമ്മുടെ ഇടവക കേന്ദ്രീകൃത വിശ്വാസ ജീവിതത്തിലേക്ക് സാവധാനം തിരിച്ചെത്തിക്കൊണ്ടിരിക്കുന്നു. എങ്കിലും കോവിഡനന്തര വിശ്വാസജീവിതം, പ്രത്യേകിച്ച് കുട്ടികളുടേതും യുവജനങ്ങളുടെയും, കോവിഡിന് മുമ്പത്തേതു പോലെ ആയിരിക്കില്ല എന്നത് നിസ്സംശയമാണ്. അവരിൽ പലരുടെയും ദൈവാലയ സാന്നിദ്ധ്യം വളരെ ചുരുങ്ങി എന്നത് വസ്തുതയാണ്.

അവർ വിശ്വാസജീവിതം തീർത്തും അവസാനിപ്പിച്ചതു കൊണ്ടല്ല അങ്ങനെ സംഭവിക്കുന്നത് എന്നത് ശുഭോദർക്കമാണ്. അതുകൊണ്ട് നാം നിരാശപ്പെടേണ്ടതില്ല. ഇന്റർനെറ്റ് ബന്ധിത ലോകത്തിൽ ജീവിക്കുന്ന അവർക്കായി പുതിയ വിശ്വാസ ജീവിതരീതികൾ നാം കണ്ടെത്തേണ്ടിവരും. കോവിഡ് കാലത്ത് ആ മേഖലയിൽ നമ്മുടെ രൂപതയിൽ അത്തരം ശുശ്രൂഷകൾ നാം ധാരാളം ചെയ്തു. അതിൽ നിന്ന് നാം ആർജ്ജിച്ച അനുഭവ പരിജ്ഞാനം വിലപ്പെട്ടതാണ്. അവ ആവശ്യമായ മാറ്റങ്ങളോടെ നാം തുടരണം. നമ്മുടെ ഇടവകകളിൽ അതിനുള്ള ശ്രമങ്ങൾ ആരംഭിക്കാൻ അമാന്തിക്കേണ്ടതില്ല. കാരണം കോവിഡ് സമാനമായ സ്ഥിതിവിശേഷം ഇനിയും കൂടുതലായി സംജാതമാകാനുള്ള സാധ്യതകൾ ഏറെയുണ്ട്. കാലാവസ്ഥ വ്യതിയാനവു

മായി ബന്ധപ്പെട്ടവയായിരിക്കും. അവ എന്ന് വിദഗ്ദർ ചൂണ്ടികാട്ടുന്നു. വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം ഭാവിയിലെ വിശ്വാസ ജീവിതരീതികളുമായി പരിചയപ്പെടാൻ ദൈവം തരുന്ന അവസരമാണിപ്പോൾ.

2022 ഒക്ടോബർ 12 മുതൽ 30 വരെ തായ്‌ലണ്ടിലെ ബാങ്കോക്കിൽ നടന്ന ഏഷ്യൻ മെത്രാന്മാരുടെ സാക്ഷ്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് കോവിഡനന്തര വിശ്വാസജീവിതത്തിൽ വന്ന മാറ്റങ്ങൾ എല്ലാ നാട്ടിലും ഒരുപോലെയാണെന്നുള്ളതാണ്. അവിടെ സന്നിഹിതരായിരുന്ന 170 ൽ അധികം പ്രതിനിധികൾ സഭാജീവിതത്തിന്റെ ഭാവി ഏത് ദിശയിലായിരിക്കണം എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. അവരിൽ പലരുടെയും രൂപതകൾ ഈ മേഖലയിൽ നമ്മെക്കാൾ ഏറെ മുന്നിലാണ്. അവർ നമ്മെക്കാൾ സമ്പന്നരായതുകൊണ്ടല്ല, മറിച്ച് പുതിയ രീതിയിലുള്ള ശുശ്രൂഷകളുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിഞ്ഞതുകൊണ്ടും അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറായതുകൊണ്ടുമാണ്.

മനുഷ്യനെയും ഈ ലോകത്തെയും വീണ്ടും ദൈവവുമായി കൂട്ടി യോജിപ്പിക്കാൻ ദൈവം തന്നെ മനുഷ്യനായി ഈ ലോകത്ത് ജനിച്ച്, ജീവിച്ച്, മനുഷ്യന്റെ ഭാഷയിൽ അവരോട് സംസാരിച്ച് അവരെ രക്ഷിക്കുന്ന കാഴ്ചയാണ് ക്രിസ്തു സംഭവങ്ങളിലും നാം കാണുന്നത്. അതായത് ഇന്നത്തെ ലോകത്തെയും മനുഷ്യരെയും രക്ഷിക്കണമെങ്കിൽ അവരുടെ ഭാഷ സംസാരിക്കണം. അവർക്ക് മനസ്സിലാകുന്ന ശൈലികൾ സ്വീകരിക്കണം. വിശുദ്ധഗ്രന്ഥം ലോകത്തിലെ വിവിധ ഭാഷകളിലേയ്ക്ക് തർജ്ജിമ ചെയ്യപ്പെടുന്നതുപോലെ ക്രിസ്തു സംഭവങ്ങളും ഓരോ കാലഘട്ടത്തിലും ജീവിക്കുന്ന വിശ്വാസികൾക്ക് മനസ്സിലാക്കുന്ന ഭാഷയിൽ തർജ്ജിമ ചെയ്യപ്പെടണം.

കോവിഡുകാലത്ത് ലോകമെമ്പാടും അനേകായിരം സഹോദരങ്ങൾ ഇഹലോകത്തോട് വിട പറഞ്ഞു. അവർക്ക് കർത്താവിന്റെ സന്നിധിയിൽ നിത്യം ആയിരിക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തങ്ങളുടെ പ്രിയപ്പെട്ടവരുടെ ആകസ്മിക വേർപാടിൽ വേദനിക്കുന്ന എല്ലാവർക്കും കർത്താവിന്റെ കരുണാർദ്രമായ കരസ്പർശം ഉണ്ടാകട്ടെ എന്നാശംസിക്കുകയും അവരുടെ വേദനയിൽ പങ്ക് ചേരുകയും ചെയ്യുന്നു.

കോവിഡുകാലത്ത് സ്വജീവനെപ്പോലും മറന്ന് കോവിഡ് ബാധിതരെ ശുശ്രൂഷിച്ച നമ്മുടെ ആതുരശുശ്രൂഷകരുടെ മുമ്പിൽ നന്ദിപൂർവം ശിരസ്സ് നമിക്കാം. കോവിഡ് ബാധയുടെ അനന്തര ഫലങ്ങളായ ആരോഗ്യ പ്രശ്നങ്ങളുമായി ജീവിക്കേണ്ടി വരുന്ന വർക്ക് ആയുരാരോഗ്യം നേരാം. കോവിഡിൽ നിന്ന് ഉൾക്കൊണ്ട അനുഭവങ്ങൾ ഭാവിയിലേക്ക് നമുക്ക് പാഠങ്ങളാകട്ടെ.

മാനന്തവാടി രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ഈ ക്രിസ്തുമസ്സിന് ദൈവം നമുക്ക് തരുന്ന സമ്മാനമാണ്. അദ്ദേഹത്തിന്റെ മേൽപ്പട്ട ശുശ്രൂഷ നമ്മുടെ രൂപതക്ക് മാത്രമല്ല ആഗോളസഭക്ക് തന്നെ ഉപകാരപ്പെ ടട്ടെ എന്ന് പ്രാർത്ഥിക്കാം. അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേരാം. അദ്ദേഹത്തിന്റെ മെത്രാഭിഷേക കർമ്മങ്ങൾ ഭംഗിയായി നടക്കാൻ അത്യദ്ധ്വാനം ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

മെത്രാഭിഷേകത്തിന്റെ പിറ്റേദിവസം തന്നെ അദ്ദേഹ ത്തിന്റെ സഹോദരനും സഹോദര പുത്രനും അതിദാരുണമായി മരണപ്പെട്ടു എന്നത് നമ്മുക്കെല്ലാം വലിയ ദു:ഖത്തിന് കാരണ മായി. അവരുടെ ആത്മാക്കളെ ദൈവം നിത്യജീവൻ നല്കി അനു ഗ്രഹിക്കട്ടെ. തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖി ക്കുന്ന അഭിവന്ദ്യ പിതാവിനെയും കുടുംബാംഗങ്ങളെയും നമുക്ക് പ്രാർത്ഥനകളിൽ സ്മരിക്കാം.

2023 മെയ് ഒന്നിന് നമ്മുടെ രൂപതയുടെ സുവർണ്ണ ജൂബിലി ആചരണം അവസാനിക്കുകയാണ്. ആത്മീയവും ഭൗതികങ്ങളു മായ വിവിധ പദ്ധതികൾ ജൂബിലി വർഷത്തിൽ നാം ആരംഭിച്ചു. ചിലതെല്ലാം പൂർത്തിയായി. മറ്റ് ചിലത് നടന്നുകൊണ്ടിരിക്കുന്നു. ഇനിയും ചിലത് ആരംഭിക്കാനിരിക്കുന്നതേയുള്ളു. സാഹചര്യ ങ്ങൾ അനുകൂലമായാൽ അവയും ക്രമേണ ആരംഭിക്കാമെന്ന് കരുതുന്നു. ജൂബിലി വർഷം സമുചിതമായി ആചരിക്കാൻ രൂപ താംഗങ്ങൾ എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർ ത്ഥിക്കുന്നു. ജൂബിലി നമ്മുടെ രൂപതയുടെ വിശ്വാസജീവിതം കൂടുതൽ ഊർജ്ജസ്വലമാക്കട്ടെ.

ക്രിസ്തുമസ്സ് ആചരണത്തിനായി നാം ഒരുങ്ങുകയാ ണല്ലോ. അതു സംബന്ധമായ ചില ചിന്തകൾ നിങ്ങളുമായി പങ്ക് വയ്ക്കട്ടെ. ആദിമാതാക്കന്മാരുടെ പാപത്തോടെ മനുഷ്യകുല

ത്തിന് ദൈവികജീവനുമായുള്ള ബന്ധം അറ്റുപോയി. അതോടെ തിന്മയുടെ ശക്തി മനുഷ്യനെ കീഴ്പ്പെടുത്താൻ തുടങ്ങി. അതിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ ദൈവത്തിന് മാത്രമേ കഴിയു മായിരുന്നുള്ളൂ.

*ദൈവപ്രമാണം ലംഘിച്ചെങ്കിലും ദൈവം മനുഷ്യകുലത്തെ തീർത്തും ഉപേക്ഷിച്ചില്ല. നഷ്ടപ്പെട്ട ബന്ധം വീണ്ടെടുക്കാൻ ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു (ഉൽപ. 3:15).* ദൈവമായ ആ രക്ഷകന്റെ ജനനത്തിനായി ഒരു ജനതയെ തെരഞ്ഞെടുത്ത് അവരുമായി ഒരു ഉടമ്പടിയുണ്ടാക്കി. ദൈവം പറഞ്ഞു: *അതു കൊണ്ട് നിങ്ങൾ എന്റെ വാക്കുകേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനം ആയിരിക്കും. കാരണം ഭൂമി മുഴുവൻ എന്റേതാണ്* (പുറ. 19-5). *നിങ്ങൾ എനിക്ക് പുരോഹിത രാജ്യവും വിശുദ്ധജനവും ആയിരിക്കും. ഇവയാണ് ഇസ്രായേൽക്കാരോട് നീ പറയേണ്ട വാക്കുകൾ* (പുറ:19-6). അവർ ആ ഉടമ്പടിയുടെ വ്യവസ്ഥകൾ പാലിക്കുന്ന തിനുപകരം മിക്ക സന്ദർഭത്തിലും ലംഘിക്കുകയാണ് ചെയ്തത്. ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ അവർക്ക് എന്ത് സംഭവിക്കും എന്ന് ദൈവം മുന്നറിയിപ്പ് നൽകിയിരുന്നു. അവ യെല്ലാം അവരുടെ മേൽ വന്നുചേർന്നു.

ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിച്ച ജനത്തെ തിരുത്താനും ശരിയായ ദിശാബോധം കൊടുക്കാനും ന്യായാധിപന്മാരേയും രാജാക്കന്മാരേയും പ്രവാചകരേയും പുരോഹിതരേയും അവ രുടെ ഇടയിലേക്ക് ദൈവം അയച്ചു കൊണ്ടിരുന്നു. എന്നാൽ ജനം എല്ലാവരും അവരെ അനുസരിച്ചില്ല എന്നു മാത്രമല്ല അങ്ങനെ അയയ്ക്കപ്പെട്ടവരിൽ പലരും ജനത്തെ വഴിതെറ്റിക്കുകയും ചെയ്തു. ദൈവത്തിന്റെ വചനം അവർ ജനത്തെ അറിയിച്ചില്ല. അതുകൊണ്ട് ആമോസ് പ്രവാചകൻ പറഞ്ഞു; ദൈവമായ കർത്താവ് അരുളിചെയ്യുന്നു. *ദേശത്ത് ഞാൻ ക്ഷാമം അയയ് ക്കുന്ന നാളുകൾ വരുന്നു. ഭക്ഷണക്ഷാമമോ ദാഹജലത്തിനുള്ള വറുതിയോ അല്ല കർത്താവിന്റെ വചനം ലഭിക്കാത്തതുകൊ ണ്ടുള്ള ക്ഷാമമായിരിക്കും അത്. അവർ കടൽമുതൽ കടൽവ രെയും വടക്കുമുതൽ കിഴക്കുവരെയും അലഞ്ഞുനടക്കും.*

*കർത്താവിന്റെ വചനം തേടി അവർ ഉഴലുമെങ്കിലും കണ്ടെത്തു കയില്ല* (ആമോസ് 8:11-12). ജറമിയാ പ്രവാചകൻ പറയുന്നു: *അതുകൊണ്ട് എന്റെ നാമത്തിൽ പ്രവചിക്കുന്ന പ്രവാചകന്മാരെ പറ്റി കർത്താവായ ഞാൻ പറയുന്നു. അവരെ ഞാൻ അയച്ച തല്ല. എന്നിട്ടും അവർ ഈദേശത്ത് വാളും പട്ടിണിയും വരികയില്ല എന്ന് പ്രവചിക്കുന്നു. വാളും പട്ടിണിയും അവരെ നശിപ്പിക്കും* (ജെറ. 14-15). *നാട്ടിലെ പട്ടണങ്ങളിൽ വച്ച് വീശുമുറം കൊണ്ട് ഞാൻ അവരെ പാറ്റി. ഉറ്റവരുടെ വേർപാടിൽ ഉള്ള വേദന അവ രിൽ ഞാൻ ഉളവാക്കി. എന്റെ ജനത്തെ ഞാൻ നശിപ്പിച്ചു. എന്നിട്ടും അവർ തങ്ങളുടെ വഴികളിൽ നിന്ന് പിന്തിരിഞ്ഞില്ല* (ജെറ: 15-7). ദൈവത്താൽ അയയ്ക്കപ്പെട്ടവരിൽ പലർക്കും വഴി തെറ്റി. അവസാനം ദൈവം തന്റെ പുത്രനെ തന്നെ അയച്ചു. ഹെബ്രായർ ലേഖനം പറയുന്നു.

*പൂർവ്വകാലങ്ങളിൽ പ്രവാചകൻമാർ വഴി വിവിധ ഘട്ടങ്ങ ളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു. അവൻ അവിടുത്തെ മഹത്വത്തിന്റെ തേജസും സത്തയുടെ മുദ്രയും ആണ്. തന്റെ ശക്തിയുടെ വചനത്താൽ അവൻ എല്ലാറ്റിനെയും താങ്ങി നിർത്തുന്നു. പാപങ്ങളിൽ നിന്ന് നമ്മെ ശുദ്ധീകരിച്ചതിനു ശേഷം അത്യുന്നതങ്ങളിൽ ഉള്ള മഹത്വത്തിന്റെ വലതുഭാഗത്ത് അവൻ ഉപവിഷ്ടനായി* (ഹെബ്രാ:1:1-3)

മനുഷ്യനായി ഭൂമിയിൽ ജീവിച്ച് മരിച്ച് ഉത്ഥാനം ചെയ്ത ഈശോ നമ്മളോട് ദൈവത്തിന് പറയാനുള്ള അവസാന വാക്കാണ്. അവിടുന്ന് പറഞ്ഞുതന്ന കാര്യങ്ങളാണ് ദൈവത്തിന് നമ്മളോട് പറയാനുള്ളത്. അവയുടെ ഒരു ഭാഗമാണ് സുവിശേഷ ങ്ങളിൽ എഴുതിയിരിക്കുന്നത്. ഈശോ പറഞ്ഞ എല്ലാ കാര്യ ങ്ങളും സുവിശേഷങ്ങളിൽ ഇല്ല എന്നത് സത്യമാണ്. വി. യോഹ ന്നാൻ എഴുതി; *എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് നിങ്ങൾ വിശ്വസി ക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്*

(യോഹ: 20-31). നമ്മുടെ പക്കലുള്ള സുവിശേഷങ്ങൾ ദൈവിക ജീവനിലേക്ക് വീണ്ടും പ്രവേശിക്കാൻ നമ്മളെ സഹായിക്കാൻ മതിയാകും എന്നാണ് ഇതിനർത്ഥം. നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവർത്തികളെയും പ്രതികരണങ്ങളെയും എല്ലാം സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന അടിസ്ഥാന ഘടകമാകണം എന്ന് മാത്രം.

എങ്ങനെയാണ് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നത് എന്ന് വിശുദ്ധ പൗലോസ് പറയുന്നത് ഇപ്രകാരമാണ്. *വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റ് തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണത കൈവരിക്കുകയും എല്ലാ നല്ല പ്രവർത്തികളും ചെയ്യുന്നതിന് പര്യാപ്തനാവുകയും ചെയ്യുന്നു* (2 തിമോ. 3:16-17).

ഈശോയുടെ ജനനത്തിരുനാൾ അഥവാ ക്രിസ്തുമസ്സ് മുകളിൽ ഉദ്ധരിച്ച തിരുവചനങ്ങളുടെ പശ്ചാത്തലത്തിൽ വേണം നമ്മൾ ആഘോഷിക്കാൻ. ദൈവമായ ഈശോ തന്റെ വാക്കുകളിലൂടെ മാത്രമല്ല തന്റെ പ്രവൃത്തികളിലൂടെയുമാണ് നമുക്ക് നഷ്ടപ്പെട്ട ദൈവിക ജീവൻ എങ്ങനെ തിരികെ ലഭിക്കുമെന്ന് പഠിപ്പിക്കുന്നത്. ഒറ്റ വാചകത്തിൽ പറഞ്ഞാൽ അവിടുത്തെ ജീവിത മാതൃക പിൻചെല്ലുക എന്നതാണത്. ശിഷ്യന്മാരുടെ കാലു കഴുകിയ ശേഷം ഈശോ പറയുന്നത് ശ്രദ്ധിക്കുക:

*ഞാൻ എന്താണ് നിങ്ങൾക്ക് ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അത് ശരി തന്നെ. ഞാൻ ഗുരുവും കർത്താവും ആണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകി എങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ഒരു മാതൃക നൽകിയിരിക്കുന്നു; സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു ഭൃത്യൻ യജമാനനേക്കാൾ വലിയവൻ അല്ല; അയക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല. ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇത് അനുസരിച്ച് പ്രവർത്തിച്ചാൽ അനുഗ്രഹീതർ.* (യോഹ: 13: 12-17).

ഈശോയുടെ തിരിപ്പിറവി തരുന്ന മാതൃക എന്താണ് എന്ന് വിശുദ്ധ പൗലോസ് പറയുന്നു:

*ഓരോരുത്തരും സ്വന്തം താല്പര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച് മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം. യേശുക്രിസ്തുവിൽ ഉണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെ പോലെ കാണപ്പെട്ടു. മരണം വരെ അതേ-കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെതന്നെതാഴ്ത്തി* (ഫിലി. 2: 4-8).

പുൽക്കൂട്ടിലെ ഉണ്ണിയീശോയുടെ രൂപം നമ്മളെ ഓർമ്മപ്പെടുത്തേണ്ടത് മേൽപ്പറഞ്ഞ കാര്യങ്ങളാണ്. ധനിക കുടുംബങ്ങളിൽ നിർമ്മിക്കുന്ന വില കൂടിയ പുൽക്കൂട്ടിലെയും, ദരിദ്രകുടുംബങ്ങളിലെ ചുള്ളിക്കമ്പുകളും വൈക്കോലും കൊണ്ട് നിർമ്മിച്ച പുൽക്കൂട്ടിലെയും, പുൽക്കൂട് നിർമ്മാണ മത്സരത്തിൽ സമ്മാനാർഹമാകുന്നതും അല്ലാത്തതുമായ പുൽക്കൂടുകളിലെയും ഉണ്ണിയീശോ നമുക്ക് തരുന്ന സന്ദേശം ഇത് മാത്രമാണ്. പരസ്പരം കൈമാറുന്ന ക്രിസ്തുമസ്സ് കാർഡുകളും സമ്മാനങ്ങളും വാട്ട്സ് ആപ്പിലൂടെ കൈമാറുന്ന ആശംസകൾക്കും ഓരോരുത്തരും ഇടുന്ന സ്റ്റാറ്റസ് ചിത്രത്തിനും എല്ലാം ഈ ഒരേഒരു സന്ദേശമേ തരാനുള്ളു. ഏറ്റവും വലിയവൻ ഏറ്റവും ചെറിയവൻ ആകാനുള്ള ക്ഷണമാണത്. എല്ലാം ഉള്ളവൻ ഒന്നുമില്ലാത്തവനെപോലെ ആകാനുള്ള ക്ഷണം. അത് സ്വികരിക്കുന്നവർക്കേ നഷ്ടപ്പെട്ട ദൈവിക ജീവനിലേക്ക് വീണ്ടും പ്രവേശിക്കാൻ കഴിയുകയുള്ളു. ആ സന്ദേശമാണ് പിതാവായ ദൈവം തന്റെ പുത്രനിലൂടെ നമുക്ക് തരുന്നത്. പ്രേഷിത പ്രവർത്തനത്തിന്റെ ലക്ഷ്യം ഈ സന്ദേശം എല്ലാവരിലേക്കും എത്തിക്കുക എന്നതാണ്. അപ്പോൾ ലോകം രക്ഷിക്കപ്പെടും. അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ ഭൂമിയിലും നടപ്പാക്കപ്പെടും.ഈ സന്ദേശം പ്രചരിപ്പിക്കുമ്പോൾ മാത്രമാണ് ക്രിസ്തുമസ് ക്രൈസ്തവമാകുന്നത്.


ഈശോയുടെ ജനനതിരുനാൾ അഥവാ ക്രിസ്തുമസ്സ് ഈ വർഷം സാധാരണ രീതിയിൽ തന്നെ ആഘോഷിക്കുകയാണ്. ഈ തിരുനാൾ നമ്മുടെ ഭൗതികവും ആത്മീയവുമായ രക്ഷയുടെ അടയാളമായി എന്നും നമുക്ക് അനുഭവവേദ്യമാകട്ടെ. കോവിഡിനെ അതിജീവിക്കാൻ നമ്മെ സഹായിച്ച കാരുണ്യവാനായ ദൈവത്തിന് നന്ദി പറയാം. അവിടുത്തെ തിരുനാമത്തെ മഹത്വപ്പെടുത്താം. എങ്കിലും പുതിയ രീതികളും ശൈലികളും അവിടെയും നമ്മൾ കണ്ടെത്തണം. ക്രൈസ്തവ വിശ്വാസികളുടെ സാന്നിധ്യം ഈ ലോകത്തിൽ നിലനിർത്താൻ അത് അനിവാര്യമാണ്.

2022 ലെ ക്രിസ്തുമസ് നമുക്കൊരു പുതിയ ദിശാബോധം നൽകട്ടെ എന്നാശംസിക്കുന്നു. ദൈവത്തെയും ക്രിസ്തുവിനെയും അവിടുത്തെ ബോധനങ്ങളെയും വ്യക്തി ജീവിതത്തിൽ നിന്നും സമൂഹ ജീവിതത്തിൽ നിന്നും പുറത്താക്കാൻ ശ്രമിക്കുന്ന ഇന്നത്തെ വിശ്വാസരഹിത ലോകത്തിന്റെ മുമ്പിൽ നമ്മൾ ക്രൈസ്തവരുടെ സാക്ഷ്യം വളരെ പ്രധാനപ്പെട്ടതാണ് എന്ന ബോധ്യം നമ്മുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. നമ്മുടെ ഹൃദയങ്ങൾ പുൽക്കൂട്ടിലെ ഉണ്ണിയീശോ തരുന്ന ആനന്ദവും സമാധാനവും കൊണ്ട് നിറയട്ടെ. ഏവർക്കും അനുഗ്രഹീതമായ ക്രിസ്തുസ്സ് നേരുന്നു.

ക്രിസ്തുമസ്സ് കഴിഞ്ഞ് അധികം താമസിയാതെ 2022 നോട് നാം വിട പറഞ്ഞ് പുതിയൊരു വർഷത്തെ സ്വീകരിക്കും. കടന്നുപോകുന്ന വർഷത്തിലെ പരാജയങ്ങളെപ്പറ്റിയും നഷ്ടങ്ങളെപ്പറ്റിയും ഓർത്ത് വിലപിക്കാതെ ഭാവിയെ കരുപ്പിടിപ്പിക്കാനുള്ള മാർഗ്ഗദർശനമായി സ്വീകരിച്ച് ദൈവത്തിലാശ്രയിച്ച് ശുഭാപ്തി വിശ്വാസത്തോടെ മുന്നേറാം. നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരം 2023 ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2022 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,




**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:-** ഈ സർക്കുലർ 2022 ഡിസംബർ മാസം 4 ന് ഞായറാഴ്ച്ച എല്ലാ പള്ളികളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3802/KCBC/K-35/OL/DS
07.11.2022

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണ മാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരള സഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പെന്തക്കൊസ്താ മുതൽ 2025 പെന്തക്കൊസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത ''സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം'' (എഫേ 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണ മാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (കഹാൽ-ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർത്ഥത്തിൽ തന്നെയാണ് പുതിയനിയമവും ഈ പദം (എക്ളേസിയ-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ക്രിസ്തുവിന്റെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനം വഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയനിയമം 'സഭ'യെന്ന് വിശേഷിപ്പിക്കുന്നത് (എഫേ 2,4-8; അപ്പ 2,37-42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ 2,9); ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ 3,8-10).

**2. ക്രിസ്തുവിൽ**

ക്രിസ്തുവും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. ക്രിസ്തുവിന്റെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ

അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (kenosis) പങ്കു ചേർന്ന് ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് വളരാനും, സ്വന്ത മായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ 1,23). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരി ക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലം കൊണ്ട് കഴുകി, വചനത്താൽ വെൺമയുള്ളതാക്കി മഹത്ത്വ പൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ. 5, 27-29); അവളെ തന്റെ ശരീരവും നിർമ്മല വധുവുമായി പരി പോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർ ത്തനത്താൽ ക്രിസ്തുവിന്റെ സാന്നിധ്യം എക്കാലവും സഭ യിൽ വസിക്കുന്നു.

**3. സഭയാകുന്ന ഭവനം**

ക്രിസ്തുവിന്റെ ശരീരവും വധുവുമായ സഭ, അനേകം പേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളു ണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭ യാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാന ത്തിലൂടെ ക്രിസ്തുവിന്റെ ഏകശരീരമായി മാറുന്നു (എഫേ 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണ് സൂചിപ്പിക്കുന്നത് (1 കോറി 3,16; 2 കൊറി 6,16; എഫേ 2,21). സജീവ ശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയ ഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ക്രിസ്തു തന്നെയാണ് (1 പത്രോ 2,4-5). മൂലക്കല്ലായ ക്രിസ്തുവിൽ സഭാം ഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

**4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു**

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർ ത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന ക്രിസ്തുവിൽനിന്ന് ഊർജം സ്വീകരിച്ച് പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന ക്രിസ്തു വിന്റെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ 1,23; 4,13.).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോ ഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. ക്രിസ്തുവിലൂടെ ദൈവം സാക്ഷാത്കരിച്ച രക്ഷയുടെ പദ്ധതി സർവ്വമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ 16,16).

ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ക്രിസ്തുപിതാവായ ദൈവത്തിന് സമർപ്പിക്കുന്നതുവരെ ഇത് തുടരേണ്ടിയിരിക്കുന്നു (1 കോറി 15,21-28). ക്രിസ്തു ആരാണെന്ന തിരിച്ചറിവ് ഹൃദയം കൊണ്ടും കർമ്മംകൊണ്ടും സാക്ഷ്യം നല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാന കർത്തവ്യനിർവഹണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

**കേരള കത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെ.സി.ബി.സി ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമ പഠനബൈബിൾ പുറത്തിറക്കാൻ കഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോള തലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലിലോഗോസും ബധിര-ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വിശുദ്ധ

ഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനെ വെളിപ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് കാർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോവ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനിലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർത്ഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ. സി. ബി. സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തിയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോ

ടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണ യജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**

(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**NB:** 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

### സ്നേഹസ്മരണ

ഡിസംബർ 24 ന് ബഹു. അഗസ്റ്റ്യൻ കീലത്തച്ചന്റെയും ഡിസംബർ 25 ന് ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർക്കാം.

**New address:**

Rev. Fr Johny Kunnath
St. Michael the Archangel Parish
296 Church Street
Belleville, Ontario K8N 3C6
Canada
Phone: +1 (416) 802 8706

**New Appointment:**

Rev. Fr. Abraham (Shinto) Pulikuzhiyil: Priest- in- Residence, Kalpetta

## ജൂബിലി വാർത്തകൾ

**1. നേതൃസംഗമം** - 2022 ഡിസംബർ 10 ശനിയാഴ്ച രാവിലെ 9.30 ന് ജൂബിലിയോടനുബന്ധിച്ച് മുൻകാലങ്ങളിൽ രൂപതാതലത്തിൽ വിവിധ മേഖലകളിൽ നേതൃത്വം നല്കിയ നേതാക്കളുടെ ഒരു സംഗമം 'സൗഹൃദം' എന്ന പേരിൽ പാസ്റ്ററൽ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. 2022 ഡിസംബർ 10 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ച കഴിഞ്ഞ് 1 മണി വരെയാണ് ഇത് സംഘടിപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ അമ്പത് വർഷം കൊണ്ട് വലിയ പുരോഗതിയാണ് ദൈവം നമ്മുടെ രൂപതയ്ക്ക് തന്നത്. ബഹുമാനപ്പെട്ട വൈദികരും സമർപ്പിത സഹോദരങ്ങളും അത്മായരായ സഹോദരങ്ങളും യുവതീയുവാക്കളും കുട്ടികളും അടങ്ങിയ ദൈവ

ജനത്തിന്റെ ആത്മസമർപ്പണത്തിലൂടെയാണ് ഇത് സാധ്യമായത്. മതബോധനരംഗത്തും സംഘടനാരംഗത്തും നമ്മുടെ രൂപത മറ്റ് രൂപതകൾക്ക് മാതൃകയായി വളർന്നത് അത്മായ നേതൃത്വ ത്തിന്റെ കഴിവും നിസ്വാർത്ഥമായ പ്രവർത്തനവും കൊണ്ടാണ് എന്നതിൽ സംശയമേതും ഇല്ല.

**2. തിരുസ്വരൂപ പ്രയാണം**

നവംബർ മാസത്തിൽ കല്ലോടി ഫൊറോനയിൽ തിരു സ്വരൂപപ്രയാണം പൂർത്തിയായി. തുടർന്ന് പയ്യമ്പള്ളി ഫൊറോ നയിൽ ആറാട്ടുതറ ഇടവകയിൽ തിരുസ്വരൂപപ്രയാണത്തിന് സ്വീകരണം നൽകി. തുടർന്ന് നവംബർ 22-ാം തിയതി പയ്യമ്പള്ളി ഫൊറോനാ പള്ളിയിൽ നിന്ന് നടവയൽ ഫൊറോനയിൽ ചെറുകാട്ടൂർ ഇടവകയിൽ തിരുസ്വരൂപപ്രയാണത്തിന് ഉജ്ജ്വല സ്വീകരണം നൽകി.

കല്ലോടി ഫൊറോനയിൽ ബഹു ആന്റോ ചിറയിൽപ്പറ മ്പിൽ അച്ചനും, പയ്യമ്പള്ളി ഫൊറോനായിൽ ബഹു. അജിൻ ചക്കാലയ്ക്കൽ അച്ചനും, നടവയൽ ഫൊറോനയിൽ ബഹു. ബാബു മൂത്തേടത്ത് അച്ചനും കോർഡിനേറ്റർമാരായി പ്രവർ ത്തിച്ചു.

ഡിസംബർ 5 ന് തിരുസ്വരൂപ പ്രയാണം മുള്ളൻകൊല്ലി ഫൊറോനായിൽ എത്തിച്ചേരും. ഡിസംബർ മാസത്തിൽ തിരു സ്വരൂപ പ്രയാണം നടക്കുന്നത് മുള്ളൻകൊല്ലി, ബത്തേരി എന്നീ ഫൊറോനകളിലാണ്.

**3. അഖണ്ഡജപമാലയും അഖണ്ഡാരാധനയും**

ജനുവരി മാസത്തിൽ അഖണ്ഡജപമാലയ്ക്ക് നേതൃത്വം കൊടുക്കുന്നത് രൂപതയിലെ തിരുഹൃദയസന്യാസിനി സമൂഹ ങ്ങളാണ്.

ജനുവരി മാസത്തിൽ അഖണ്ഡാരാധന ആരംഭിക്കുന്നത് മാനന്തവാടി ഫൊറോനയിൽ ആണ്. ആവശ്യമായ ക്രമീകര ണങ്ങൾ നടത്തുമല്ലോ.

**4. ബാഡ്മിന്റൺ മത്സര വിജയികൾ**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിയോട് അനുബ ന്ധിച്ച് നടത്തിയ ബാഡ്മിന്റൺ ടൂർണമെന്റിൽ വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ. വിവിധ കാറ്റഗറികളിൽ നടത്ത പ്പെട്ട മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനം സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം നിർവഹിച്ചു.

**കാറ്റഗറി 1 (15 വയസ്സിന് താഴെയുള്ള ആൺകുട്ടികൾ)**

**ഒന്നാം സ്ഥാനം:** ഒറവച്ചാലിൽ പൈലി മാസ്റ്റർ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത് അലൻ ബൈജു & സാവിയോ (മാനന്തവാടി ടൗൺ ചർച്ച്)

**രണ്ടാം സ്ഥാനം:** ശ്രീ ഐസക്ക് മണക്കുന്നേൽ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത് നിഷാൽ മാത്യു & ലിബിൻ ബിനോയ് (ഒണ്ടയങ്ങാടി ഇടവക)

മൂന്നാം സ്ഥാനം ക്യാഷ് അവാർഡും ട്രോഫിയും ഫെനിൽ വല്ലത്ത് & ഷാരോൺ തൊമ്മി പറമ്പിൽ (മരക്കടവ് ഇടവക)

**കാറ്റഗറി 2 (15 വയസ്സിന് താഴെ പെൺകുട്ടികൾ)**

**ഒന്നാം സ്ഥാനം:** ഫാദർ സണ്ണി പുതനപ്ര മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത്, ലിൻഡ അൽഫോൻസ് & മിന്റ അൽഫോൻസ് (എള്ളുമന്ദം ഇടവക)

**രണ്ടാം സ്ഥാനം:** അലൻറ്റ & അക്സ ഒഴുകയിൽ (തേനേരി ഇടവക)

**കാറ്റഗറി 3 (16 - 35 നും ഇടയിൽ)**

**ഒന്നാം സ്ഥാനം:** ഫാ. സെബാസ്റ്റ്യൻ പാറയിൽ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത് അരുൺ & ഹെവിൻ (കൂളിവയൽ ഇടവക)

**രണ്ടാം സ്ഥാനം:** വിമൽ ജോസഫ് & ഗാഗുൽ ജിജി (മക്കിയാട് ഇടവക)

**മൂന്നാം സ്ഥാനം:** അരുൺ ജോണി & അമൽ ജോസ് (കൊമ്മയാട് ഇടവക)

**കാറ്റഗറി 4 (35 വയസ്സിന് മുകളിൽ)**

**ഒന്നാം സ്ഥാനം:** പീറ്റർ ജോർജ് ഞെരളക്കാട്ട് മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത് ജോസ് സി ജെ & റൺസ് മോൻ (നിലമ്പൂർ ഇടവക)

**രണ്ടാം സ്ഥാനം:** സജി ജോസ് നെല്ലിക്കുന്നേൽ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കിയത് ബിജു തൊമ്മി പറമ്പിൽ & മനോജ് വല്ലത്ത് (മരക്കടവ് ഇടവക)

**മൂന്നാം സ്ഥാനം:** ബിജു എം. പി & മനോജ് ജോൺ (അമരക്കുനി ഇടവക)

ഈ ടൂർണമെന്റിന്റെ വിജയത്തിനായി സഹകരിച്ചവർക്കും പങ്കെടുത്തവർക്കും വിജയികളായവർക്കും സുവർണ്ണ ജൂബിലി മത്സര കമ്മറ്റിക്കും അഭിനന്ദനങ്ങൾ.

**ഡിസംബർ മാസത്തിലെ മത്സരങ്ങൾ: ഡിസംബർ 17**

1. ഫുട്ബോൾ ടൂർണമെന്റ്

ഇടവകയിൽ നിന്ന് ഒരു ടീം.

മത്സര സമയം 20 mnts

**2. വോളിബോൾ ടൂർണമെന്റ്**

ഇടവകയിൽ നിന്ന് ഒരു ടീം

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫാ. മനോജ് അമ്പലത്തിങ്കൽ(7019627421), റ്റിബിൻ പാറയ്ക്കൽ (8086033719)

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ തോമസ് ഞള്ളംമ്പുഴ, മാത്യു പന്നയ്ക്കൽ (അമൽ), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ മാത്യു കോച്ചേരിൽ (അനൂപ്), ജോർജ്ജ് പുരയ്ക്കൽ (അനീഷ്) കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ അഗസ്റ്റിൽ പല്ലാട്ടുകുന്നേൽ (ജിജോ), റോമിലെ ഉർബാനിയം പൊന്തിഫിക്കൽ കോളേജിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കുര്യൻ പൊയ്കയിൽ (അരുൺ) എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്നു. ഇവർക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം. ഇവരെ നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം സ്മരിക്കാം.

**തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും**

| തീയതി | പേരും വീട്ടുപേരും | സ്ഥലം | സമയം |
|---|---|---|---|
| 2022 ഡിസം. 26 തിങ്കൾ | ഡീ. കുര്യൻ പൊയ്കയിൽ (അരുൺ) | കോട്ടത്തറ | രാവിലെ 9:15 |
| 2022 ഡിസം. 27 ചൊവ്വ | ഡീ. മാത്യു കോച്ചേരിയിൽ (അനൂപ്) | വിളമ്പുകണ്ടം | രാവിലെ 9:15 |
| 2022 ഡിസം. 27 ചൊവ്വ | ഡീ. മാത്യു പന്നയ്ക്കൽ (അമൽ) | കുറുമ്പാലക്കോട്ട | ഉച്ചക്ക് 2:30 |
| 2022 ഡിസം. 28 ബുധൻ | ഡീ. അഗസ്റ്റിൻ പല്ലാട്ടുക്കുന്നേൽ (ജിജോ) | പോരൂർ | രാവിലെ 9:15 |

| | | | |
|---|---|---|---|
| 2022 ഡിസം. 29 വ്യാഴം | ഡീ. ജോർജ്ജ് പുരയ്ക്കൽ (അനീഷ്) | കല്ലുവയൽ | രാവിലെ 9:15 |
| 2022 ഡിസം. 31 ശനി | ഡീ. തോമസ് ഞള്ളംമ്പുഴ | നിലമ്പൂർ | രാവിലെ 9:15 |

**മോൺ. പോൾ മുണ്ടോളിക്കൽ**
സിഞ്ചെല്ലൂസ്

## അൾത്താര ബാലൻമാരുടെ ക്യാമ്പ്

ഈ വർഷം 9,10, 11,12 ക്ലാസുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേക്ക് കടന്നുവരുവാൻ താല്പര്യമുള്ള അൾത്താര സംഘത്തിൽ അംഗങ്ങളായവരോ അല്ലാത്തവരോ ആയ ആൺകുട്ടികൾക്ക് വേണ്ടിയുള്ള ഒരു ക്യാമ്പ് നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. വൈദികജീവിതത്തിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2022 ഡിസംബർ 27 ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 29 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും.

നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ മേഖലകളിൽ നിന്നുള്ളവർക്കായി 2022 ഡിസംബർ 30 വെള്ളിയാഴ്ച രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെ മണിമൂളിയിൽ വച്ച് ക്യാമ്പ് നടത്തപ്പെടുന്നു.

ഈ ക്യാമ്പുകളിലേക്ക് 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വൈദികരാകാൻ താല്പര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

NB: ക്യാമ്പിന് വരുന്നവർ നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് ആർട്ടിക്കിൾസ്, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
റെക്ടർ, മൈനർ സെമിനാരി

# മതബോധനരംഗം

പ്രിയപ്പെട്ട അച്ചന്മാരെ, പ്രധാനധ്യാപകരെ, കുട്ടികളെ,

നമ്മുടെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ നന്നായി പോകുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. സെമസ്റ്റർ പരീക്ഷയിൽ എല്ലാവരും ഒരുക്കത്തോടെ പങ്കെടുത്തുവെന്നറിയാൻ കഴിഞ്ഞു. അധ്യാപകരുടെ ക്വിസ് മത്സരത്തിലും, മേഖല സംഗമങ്ങളിലും നല്ല പങ്കാളിത്തമുണ്ടായിരുന്നു. നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി.

ഇപ്പോൾ നാം ഉണ്ണീശോയുടെ ജനനതിരുന്നാളിന്റെ ഒരുക്കത്തിലാണല്ലോ. പുൽതൊട്ടിയിലെ ഉണ്ണി നമ്മെ ഓർമ്മിപ്പിക്കുന്നത് ലാളിത്യമാണ്. ലാളിത്യമെന്നാൽ സൗന്ദര്യം എന്നുകൂടി അർത്ഥമുണ്ട്. ലാളിത്യത്തെ മുറുകെ പിടിച്ചുകൊണ്ടാണ് ഒരുവൻ തന്റെ സൗന്ദര്യത്തിലേക്കുള്ള യാത്ര ആരംഭിക്കേണ്ടതെന്നുള്ള മന്ത്രണം പുൽതൊട്ടിയിൽനിന്ന് കേൾക്കാം. ക്രിസ്തുവെന്ന മഹാഗ്രന്ഥത്തിൽനിന്ന് നാം വായിച്ചെടുക്കേണ്ട ഒരു പ്രധാന അദ്ധ്യായം തൃപ്തിയുടേതാണ്. ക്രിസ്തുവിന്റെ തൃപ്തമായ ജീവിതത്തിന്റെ 'ഭരതവാക്യമാണ്' 'എല്ലാം പൂർത്തിയായി' എന്നത്. എല്ലാം പൂർത്തീകരിക്കുവാൻ, അന്ധകാരത്തിൽ കഴിഞ്ഞ ജനതയ്ക്ക് വലിയ പ്രകാശഗോപുരമാകാൻ ഈശോ പുൽക്കൂട്ടിൽ അവതരിക്കുന്നു. അവതരിച്ച രക്ഷകനെ ആത്മനാ സ്വീകരിക്കാനാകാത്ത അസംതൃപ്തിയുടെ ആധുനികതയാണ് നാമിന്നു കാണുന്നത്. ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്താനും, സമ്പത്തും, സ്ഥാനമാനങ്ങളും നേടാനുമുള്ള വ്യഗ്രത ഇതെല്ലാം അടുത്താക്കേണ്ടവരെ അകറ്റുന്ന ശൈലിയല്ലേ.

അസംതൃപ്തിയുടെ സങ്കീർണതയിൽ നിന്ന് എണ്ണിയാൽ തീരാത്ത നിയമങ്ങൾ 'സ്നേഹം' എന്ന ചെറുപദത്താൽ സംഗ്രഹിച്ച് അരികിലണഞ്ഞു, മനുഷ്യനായി മാതൃകയായ ഈശോയുടെ ജനനത്തിരുനാൾ നമുക്ക് സംതൃപ്തിയുടെയും ലാളിത്യത്തിന്റെയും പാഠങ്ങൾ പകർന്നു നല്കട്ടെ. പുത്തൻ വർഷം പുത്രനായ ഈശോയുടെ കരംപിടിച്ചുള്ള പുതിയ കാൽവയ്പാകട്ടെ.

ആഗതമാകുന്ന ക്രിസ്തുമസിന്റെയും, പുതുവത്സരത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും നേരുന്നു

## CATECH QUIZ

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു രൂപതാമതബോധന വിഭാഗം സംഘടിപ്പിച്ച മതാധ്യാപകർക്കായുള്ള രൂപതാതല ക്വിസ്സ് മത്സരത്തിന്റെ ഫൈനൽ നവംബർ 12 ശനിയാഴ്ച രാവിലെ 11 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. 13 മേഖലകളിൽ നിന്നുമുള്ള ടീമുകൾ ആദ്യറൗണ്ടു മത്സരത്തിൽ പങ്കെടുത്തു. അതിൽ നിന്നും വിജയിച്ച 6 ടീമുകൾ ഫൈനൽ റൗണ്ട് മത്സരത്തിൽ പങ്കെടുത്തു. ഫാ. നോബിൾ പാറക്കൽ ക്വിസ്സ് മാസ്റ്റർ ആയ മത്സരത്തിൽ 10001 രൂപയും മെമന്റോയും ഒന്നാം സമ്മാനവും 5001 രൂപയും മെമന്റോയും രണ്ടാം സമ്മാനവും 3001 രൂപയും മെമന്റോയും മൂന്നാം സമ്മാനവുമായിരുന്നു. മണിമൂളി ഫൊറോനയെ പ്രതിനിധീകരിച്ചു പങ്കെടുത്ത മണിമൂളി ഇടവക ഒന്നാം സ്ഥാനവും, നടവയൽ ഫൊറോനയെ പ്രതിനിധീകരിച്ച് പങ്കെടുത്ത നടവയൽ ഇടവക രണ്ടാം സ്ഥാനവും തരിയാട് ഫൊറോനയെ പ്രതിനിധീകരിച്ച മഞ്ഞൂറ ഇടവക മൂന്നാം സ്ഥാനവും സ്വന്തമാക്കി. വിജയികൾക്ക് മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. പങ്കെടുത്തവർക്ക് രൂപതാ ടീമംഗം സജി നരിവേലിൽ സർ സ്വാഗതവും, സെക്രട്ടറി ബെന്നി വട്ടക്കാമുളയിൽ സർ നന്ദിയും അർപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ, രൂപതാ ടീം അംഗങ്ങൾ എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.

**അഭിവന്ദ്യ പിതാവിന് സ്വീകരണം**

രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ അലക്സ് താരാമംഗലം പിതാവിന് രൂപതാ ടീമംഗങ്ങൾ ഹൃദ്യമായ സ്വീകരണം നൽകി. ഡയറക്ടറച്ചൻ ബൊക്കെ നൽകി. രൂപതാതല ക്വിസ് മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിക്കാനെത്തിയ പിതാവിന്റെ സന്ദേശം ടീമംഗങ്ങൾക്ക് ആവേശം പകരുന്നതായിരുന്നു. സെക്രട്ടറി ബെന്നി സാർ നന്ദിയർപ്പിച്ചു. അഭിഷിക്തനായതിന് ശേഷം രൂപതയിലെ ആദ്യത്തെ പ്രോഗ്രാമായിരുന്നു ഇത്. അഭിവന്ദ്യ പിതാവ് എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ച് ആശീർവാദം നൽകി.

**മേഖലാ മതാധ്യാപക സംഗമങ്ങൾ**

**കല്പറ്റ**

2022 നവംബർ 13 ന് തെനേരി ഫാത്തിമമാതാ ഇടവകയിൽ വച്ച് നടന്ന അധ്യാപക സംഗമത്തിൽ 15 ഇടവകകളിൽനിന്ന് 150 ഓളം അധ്യാപകർ പങ്കെടുത്തു. വി. ബലിയോടെ ആരംഭിച്ച സംഗമത്തിൽ രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ, മേഖലാ ഡയറക്ടർ ഫാ. സുനിൽ മഠത്തിൽ, ഫാ. സാബു കുമ്പുക്കൽ എന്നിവർ കാർമ്മികരായിരുന്നു. തെനേരി വികാരി ബഹു. ജോർജ് ആലുക്ക അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്നു നടന്ന യോഗത്തിൽ രൂപതാ ഡയറക്ടർ സംഗമം ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ ഫൊറോനാ വികാരി ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ അധ്യക്ഷ പ്രസംഗത്തിനുശേഷം പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന രൂപതാ ഡയറക്ടറെയും, ഫൊറോനാ വികാരിയെയും ആദരിച്ചു. തുടർന്ന് വിശ്വാസപരിശീലന രംഗത്ത് 15 വർഷം പൂർത്തിയാക്കിയ 22 അധ്യാപകരെ ആദരിച്ചു. തെനേരി പള്ളിയിലെ ഹെഡ്മാസ്റ്റർ ബിബിൻസർ എല്ലാവർക്കും നന്ദിയർപ്പിച്ചു. തുടർന്ന് തേവര കോളേജ് അസി. പ്രൊഫസറും തലശ്ശേരി രൂപതാംഗവുമായ ബഹു. സാബു കുംബുക്കലച്ചൻ ക്ലാസുകൾ നയിച്ചു. മേഖല ഡയറക്ടർ ബഹു. സുനിൽ മഠത്തിലച്ചനും, സെക്രട്ടറി കാതറിൻ ടീച്ചറും, ടീമംഗങ്ങളും പ്രധാനധ്യാപകരും നേതൃത്വം നൽകി. രാവിലെ 9.30ന് ആരംഭിച്ച സംഗമം വൈകുന്നേരം 4.30ന് അവസാനിച്ചു.

**നടവയൽ**

2022 നവംബർ 13 ന് പനമരം സെന്റ്. ജൂഡ് പള്ളിയിൽ മേഖലാ ഡയറക്ടർ ബഹു. ജോഷി പുൽപയിൽ അച്ചന്റെ കാർമികത്വത്തിൽ വി. കുർബാനയോടുകൂടി സംഗമത്തിന് തുടക്കമായി. പച്ചിലക്കാട് പ്രശാന്തി കൗൺസലിംഗ് സെന്റർ ഡയറക്ടർ ബഹു. വിത്സൻ മുളക്കൽ SJ അച്ചനും, കണിയാമ്പറ്റ വികാരി ബഹു. സെബാസ്റ്റ്യൻ പുത്തേൻ അച്ചനും ക്ലാസ്സുകൾ നയിച്ചു. 20, 30 വർഷങ്ങൾ വിശ്വാസപരിശീലനരംഗത്ത് പൂർത്തിയാക്കിയ അധ്യാപകരെയും, മുൻ മേഖലാ സെക്രട്ടറി മാത്യു ഐക്കരമറ്റം സാറിനെയും, രൂപതാ Catech Quiz മത്സരത്തിൽ രണ്ടാം സ്ഥാനവും, നടവയൽ മേഖലയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ സി. റോസ്മിൻ CMC യെയും, സി. ആഗ്നസ് CMC യെയും രൂപതാ ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചൻ ആദരിച്ചു. മേഖല

നടത്തിയ നിറക്കൂട്ട് മത്സര വിജയികളെയും, മേഖല പ്രതിഭാ സംഗമത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരെയും നടവയൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളി വികാരി ബഹു. ജോസ് മേച്ചേരിൽ അച്ചൻ ആദരിച്ചു. മേഖലാ ഡയറക്ടർ ജോഷിയച്ചൻ, മേഖലാ സെക്രട്ടറി രാജു വാഴയിൽ സാർ, മേഖലാ ടീമംഗങ്ങൾ ഹെഡ്മാസ്റ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. സ്ഥല സൗകര്യങ്ങൾ നൽകി സഹകരിച്ച പനമരം വികാരി ബഹു. സോണി വടയാപറമ്പിൽ അച്ചനും ഇടവകാംഗങ്ങൾക്കും നന്ദി. രാവിലെ 9.30 ന് ആരംഭിച്ച സംഗമം ഉച്ചക്ക് 2 മണിയോടെ അവസാനിച്ചു.

**+2 രൂപതാ പ്രതിഭാസംഗമം**

മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട +2 പ്രതിഭകളുടെ രൂപതാ പ്രതിഭാസംഗമം നവംബർ 13 ാം തിയ്യതി രാവിലെ 9. 30 മുതൽ 4. 30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. 13 മേഖലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 56 കുട്ടികളും +2 രൂപതാ പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. രൂപതാ ടീമംഗങ്ങളായ ശ്രീ. ജോൺസൻ വടക്കേക്കര, ശ്രീ. ജോസ് മാത്യു പുഞ്ചയിൽ, സി. അനിത CMC, സി. ലിഡിയ SABS എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. പ്രതിഭാസംഗമസമ്മേളനത്തിൽ രൂപതാ മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ കുട്ടികളുമായി സംസാരിക്കുകയും, അവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു. ഇവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പെൺകുട്ടികളും രണ്ട് ആൺകുട്ടികളുമായിരിക്കും ഡിസംബർ 28, 29, 30 തിയ്യതികളിൽ കാക്കനാട് വച്ച് നടക്കുന്ന സംസ്ഥാന തല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുക.

**സ്കോളർഷിപ്പ്**

രൂപതയുടെ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഈ വർഷം നാല് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ്സുകൾക്കും സ്കോളർഷിപ്പ് നല്കുന്നതാണ്. അതിനാൽ നാല്, ഏഴ്, പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ നല്കി വന്നിരുന്ന സ്കോളർഷിപ്പ് രീതി ഈ വർഷം ഉണ്ടായിരിക്കില്ല. ഓരോ ക്ലാസ്സിൽ നിന്നും കുട്ടികളെ തെരഞ്ഞെടുക്കേണ്ട മാനദണ്ഡവും സ്കോളർഷിപ്പ് നിർണ്ണയ രീതിയും ഉടനെ അറിയിക്കുന്നതാണ്. അതിനു ശേഷം മാത്രമായിരിക്കും രജിസ്ട്രേഷൻ ആരംഭിക്കുക. ആയതിനാൽ വെബ്സൈറ്റിൽ ഇപ്പോൾ ആരും രജിസ്റ്റർ ചെയ്യേണ്ടതില്ല.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

മഞ്ഞിൽ പുതഞ്ഞൊരു പുൽക്കൂടിന്റെ ചിത്രം പതിഞ്ഞ മനോഹരമായൊരു ക്യാൻവാസിന്റെ പേരാണ് ഡിസംബർ. മണ്ണിന്റെ ഹൃദയത്തെ ഒരു മൃദുസ്മിതം പോലെ വിണ്ണുവന്നു തൊടുന്ന ആനന്ദത്തിന്റെ നിറവാണ് ക്രിസ്തുമസ്. ആകുലതകൾ ഏറെയുള്ള വർത്തമാനത്തിലും ഹൃദയത്തിൽ പ്രതീക്ഷ നിറയ്ക്കുന്ന നക്ഷത്രവെട്ടം പതിഞ്ഞ പാതയിലൂടെ നമുക്കൊരു യാത്ര തുടങ്ങാം. എവിടേക്കാണെന്നോ ഈ യാത്ര, രക്ഷകനെ തേടി. പുൽക്കൂടിലേക്ക്. അത് ബത്ലഹേമിലേക്കുള്ള യാത്രയാണ്. 'രക്ഷകനൊപ്പം; ഇതാ ബത്ലേഹം വിളിക്കുന്നു' എന്ന വിഷയത്തിൽ അടിസ്ഥാനമാക്കി നമുക്ക് യാത്ര ആരംഭിക്കാം. ഈ യാത്ര ഒരു ഒരുക്കമാണ്. പ്രാർത്ഥനകൊണ്ടും സുകൃതം കൊണ്ടും നമ്മുടെ ഹൃദയത്തെ നിർമ്മലമാക്കി രക്ഷകന് സമ്മാനമായി നൽകാൻ. ക്രിസ്തുമസ് ഹൃദയത്തിന്റെ ആഘോഷമാകുന്നത് അങ്ങനെയാണ് ഹൃദയാനന്ദത്തിന്റെ ആഘോഷമാണ്. ആ ആനന്ദത്തിലേക്ക് എല്ലാ പ്രേഷിതരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. രക്ഷകന്റെ തിരുപിറവിയുടെ ആനന്ദം ഹൃദയത്തിൽ അനുഭവിക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**അറിയാം വളരാം**

വളർന്നു വരുന്ന തലമുറ സംഘടനയെ പറ്റി അറിയുകയും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 'അറിയാം വളരാം' എന്ന പേരിൽ സംഘടന സ്ഥാപകർ, മദ്ധ്യസ്ഥർ, സംഘടന ചരിത്രം എന്നിവ ഉൾകൊള്ളിച്ചുകൊണ്ട് ഒക്ടോബർ ഒന്നാം തീയ്യതി മുതൽ മുപ്പത്തിയൊന്നാം തീയ്യതിവരെ സ്റ്റാററസ് വീഡിയോ ചെയ്തു.

**മാനന്തവാടി രൂപതയ്ക്കു കിരീടം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി പ്ലാറ്റിനം ജൂബിലി വർഷത്തിൽ താമരശ്ശേരി പുത്തനങ്ങാടിയിൽ വച്ച് നടത്തിയ കലാ-സാഹിത്യ മത്സരത്തിൽ മാനന്തവാടി രൂപത

ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. 42 ഇനങ്ങളിലായി ആയിരത്തോളം മത്സരാർത്ഥികൾ പങ്കെടുത്ത കലോത്സവത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് 48 കലാപ്രതിഭകൾ പങ്കെടുത്ത് 418 പോയിന്റ് കരസ്ഥമാക്കി ഒന്നാം സ്ഥാനത്ത് എത്തി. ഈ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച ശാഖ, മേഖല, രൂപതാതലങ്ങളിലുള്ള എല്ലാവർക്കും സി.എം.എൽ രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**സംസ്ഥാന കലാസാഹിത്യ മത്സരങ്ങളിൽ ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർ**

സൂപ്പർ സീനിയർ പെൺകുട്ടികൾ - പ്രസംഗം
അല പള്ളത്ത് - കല്ലോടി: 2-ാം സ്ഥാനം എ ഗ്രേഡ്
സൂപ്പർ സീനിയർ ആൺകുട്ടികൾ - പ്രസംഗം
അരുൺ ചേറാടിയിൽ -പാലാങ്കര: 3-ാം സ്ഥാനം എ ഗ്രേഡ്
സബ് ജൂനിയർ ആൺകുട്ടികൾ - പ്രസംഗം
അലൻ ജെയിംസ് - കൊട്ടിയൂർ: 1-ാം സ്ഥാനം എ ഗ്രേഡ്
സബ് ജൂനിയർ പെൺകുട്ടികൾ - പ്രസംഗം
അഥില മരിയ - കമ്മന: 1-ാം സ്ഥാനം എ ഗ്രേഡ്
ജൂനിയർ പെൺകുട്ടികൾ പ്രസംഗം
എറ്റല്ല സി.ഫിലിപ്പ് - പാടിച്ചിറ: 1-ാം സ്ഥാനം എ ഗ്രേഡ്
ജൂനിയർ ആൺകുട്ടികൾ പ്രസംഗം
നോയേൽ ചെറുവുംകാലായിൽ- വാകേരി:
1-ാം സ്ഥാനം എ ഗ്രേഡ്
ജോൺ കുണ്ടുകുളം ബത്തേരി: 3-ാം സ്ഥാനം എ ഗ്രേഡ്
സൂപ്പർ സീനിയർ പെൺകുട്ടികൾ - ക്വിസ്സ്
വർഷ കതിരുവേലിൽ - തേൾപാറ: 2-ാം സ്ഥാനം എ ഗ്രേഡ്
സൂപ്പർ സീനിയർ ആൺകുട്ടികൾ - ക്വിസ്സ്
അരുൺ ചേറാടിയിൽ - പാലാങ്കര: 2-ാം സ്ഥാനം എ ഗ്രേഡ്
സീനിയർ ആൺകുട്ടികൾ - ക്വിസ്സ്
മിലാൻ മുക്കൽ - നടവയൽ: 2-ാം സ്ഥാനം ബി ഗ്രേഡ്
സീനിയർ പെൺകുട്ടികൾ- സംഗീതം
ആൻജെലിൻ പഞ്ഞിക്കാലായിൽ: 3-ാം സ്ഥാനം എ ഗ്രേഡ്
ജൂനിയർ പെൺകുട്ടികൾ - സംഗീതം
ഈവ്‌ലിൻ വള്ളത്ത് - ശിശുമല: 2-ാം സ്ഥാനം എ ഗ്രേഡ്
സൂപ്പർ സീനിയർ പെൺകുട്ടികൾ - കവിത
റോഷ്നി കമ്മന: 1-ാം സ്ഥാനം എ ഗ്രേഡ്
സൂപ്പർ സീനിയർ പെൺകുട്ടികൾ - ഉപന്യാസം
നിഷ അക്കരപ്പറമ്പിൽ -വാളവയൽ: 2-ാം സ്ഥാനം എ ഗ്രേഡ്

| | |
|---|---|
| സൂപ്പർ സീനിയർ ആൺകുട്ടികൾ - | ഉപന്യാസം |
| അരുൺ ചേറാടിയിൽ - പാലാങ്കര: | 1-ാം സ്ഥാനം എ ഗ്രേഡ് |
| സൂപ്പർ സീനിയർ ആൺകുട്ടികൾ - | കഥ |
| മെബിൻ കാരക്കുന്നേൽ - പടമല: | 3-ാം സ്ഥാനം ബി ഗ്രേഡ് |
| സീനിയർ ആൺകുട്ടികൾ - | ഉപന്യാസം |
| ലെറ്റിഷ് പീക്കുന്നേൽ - പോരൂർ: | 1-ാം സ്ഥാനം എ ഗ്രേഡ് |
| റിച്ചാർഡ് പൂവൻ - പയ്യംപള്ളി: | 2-ാം സ്ഥാനം എ ഗ്രേഡ് |
| സീനിയർ ആൺകുട്ടികൾ - | കവിത |
| ഡോൺ ഞാറ്റുകാലായിൽ - പോരൂർ: | 1-ാം സ്ഥാനം എ ഗ്രേഡ് |
| സീനിയർ ആൺകുട്ടികൾ - | കഥ |
| സജിലേഷ് അമ്പലവയൽ: | 3-ാം സ്ഥാനം എ ഗ്രേഡ് |
| സീനിയർ പെൺകുട്ടികൾ - | കവിത |
| നിധി റോസ് തായിത്തറ - കമ്മന: | 3-ാം സ്ഥാനം ബി ഗ്രേഡ് |
| സയന മുട്ടത്തുകുന്നേൽ - കല്ലോടി: | 2-ാം സ്ഥാനം ബി ഗ്രേഡ് |
| സീനിയർ പെൺകുട്ടികൾ - | കഥ |
| മെർലിൻ കപ്യാരുമലയിൽ - കാരക്കാമല: | |
| 1-ാം സ്ഥാനം എ ഗ്രേഡ് | |
| ജൂനിയർ ആൺകുട്ടികൾ - | ഉപന്യാസം |
| എൽവിസ് പുളിക്കത്തറ - കുഞ്ഞോം: | 1-ാം സ്ഥാനം എ ഗ്രേഡ് |
| ജൂനിയർ ആൺകുട്ടികൾ - | കവിത |
| സാവിയോ മാനിക്കൽ - വെള്ളമുണ്ട: | 1-ാം സ്ഥാനം എ ഗ്രേഡ് |
| ജൂനിയർ പെൺകുട്ടികൾ - | കഥ |
| മരിയ സാന്ദ്ര- കല്ലോടി: | 1-ാം സ്ഥാനം എ ഗ്രേഡ് |

**ചരിത്ര വഴിയെ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ചെയ്ത 'അറിയാം വളരാം' എന്ന സ്റ്റാറ്റസ് വീഡിയോയുടെ അടിസ്ഥാനത്തിൽ മിഷൻ മാസ അവസാനദിനത്തിൽ ചരിത്ര വഴിയെ എന്ന പേരിൽ 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്കായ് ക്വിസ്സ് മത്സരം നടത്തി. രൂപതയുടെ വിവിധ ശാഖകളിൽ നിന്നായ് 372 കുഞ്ഞുമിഷനറിമാർ മത്സരത്തിൽ പങ്കെടുത്തു. എയ്ഞ്ചൽ എലിസബത്ത് മൂലംകുന്നത്ത് (താളിപ്പാടം), മീര ജോസ് തെക്കേകുളത്തിങ്കൽ (എടപ്പെട്ടി), ആര്യൻ കെ. മനോജ് കോക്കാട്ടുമുക്കൽ (എടപ്പെട്ടി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**മെത്രാഭിഷേകം**

മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ്

താരാമംഗലം പിതാവിന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾക്കും മറ്റെല്ലാ കാര്യങ്ങൾക്കുമായി മെത്രാഭിഷേക ദിനത്തിലും തലേദിവസവും എക്സിക്യൂട്ടീവ് അംഗങ്ങൾ സജീവമായി സഹകരിച്ചു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന്റെ സഹോദരന്റെയും (മാത്യു) സഹോദര പുത്രന്റെയും (വിൻസ് മാത്യു) പെട്ടന്നുണ്ടായ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയും പിതാവിന്റെയും കുടുംബത്തിന്റെയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് അനുശോചനം അറിയിക്കുകയും ഭവനം സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**ലഹരി വിരുദ്ധമാസം**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയും, കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയും സംയുക്തമായി നവംബർ 1 മുതൽ 30 വരെ ലഹരി വിരുദ്ധ മാസമായി വിവിധ പരിപാടികളോടെ ആചരിച്ചു. ഓരോ ദിവസവും ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ രൂപതാ സമിതിയുടെ നേതൃത്വത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു. നവംബർ 27-ന് ഞായറാഴ്ച ശാഖ, മേഖലാ തലങ്ങളിൽ കുട്ടികൾ തന്നെ ലഹരി വിരുദ്ധ സന്ദേശം നല്കുകയും തുടർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തുകയും ചെയ്തു. ലഹരിക്കെതിരെ വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മികച്ച മൂന്ന് ശാഖകൾക്കായ് 5001, 3001, 2001 എന്ന ക്രമത്തിൽ ക്യാഷ് പ്രൈസ് നൽകുന്നതാണ്.

**കേക്ക് കൊണ്ടൊരു പള്ളി**

ക്രിസ്തുമസ്സിന് കേക്ക് കൊണ്ടൊരു പള്ളി പണിയാം - ഗുജറാത്ത് മിഷനിൽ ഒരു പള്ളി പണിതുകൊടുക്കുക എന്ന ലക്ഷ്യത്തോടെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന പ്രോഗ്രാമാണ് കേക്ക് കൊണ്ടൊരു പള്ളി. മിഷൻ ലീഗ് അംഗങ്ങൾ തങ്ങളുടെ ത്യാഗത്തിൽ നിന്നും ഉണ്ണീശോയ്ക്ക് ക്രിസ്തുമസ്സ് സമ്മാനമായി ഒരു കേക്കിന്റെ വില സമ്മാനിക്കുന്നു. ഓരോ അംഗത്തിൽ നിന്നും ശാഖ എക്സിക്യൂട്ടീവ് ആ തുക സമാഹരിച്ച് രൂപതയിൽ എത്തിക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിക്കുന്നു.

**വന്ദ്യ വൈദികർക്കൊപ്പം**

തങ്ങളുടെ ആയുസും ആരോഗ്യവും ദൈവത്തിനും ദൈവ

ജനത്തിനും വേണ്ടി ചിലവഴിച്ച് ഇപ്പോൾ വിയാനി ഭവനിൽ വിശ്രമ ജീവിതത്തിലായിരിക്കുന്ന വൈദീകരോടൊപ്പം ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ 20-ാം തീയ്യതി ഞായറാഴ്ച വൈകുന്നേരം ഒന്നുചേർന്ന് അത്താഴമുണ്ട് ചിരിച്ചും ചിരിപ്പിച്ചും ഏറെ സമയം ചിലവഴിച്ചു.

**സെമിത്തേരി സന്ദർശനം**

രൂപതയ്ക്കകത്തും പുറത്തും തങ്ങളുടെ ശുശ്രൂഷ പൗരോഹിത്യം അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യത പുൽകിയ വൈദീകരുടെ കബറിടങ്ങൾ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് മരിച്ചുപോയ ആത്മാക്കൾക്ക് നിത്യശാന്തി നൽകി അനുഗ്രഹിക്കുന്നതിനായ് പ്രാർത്ഥിച്ചു.

**ഗ്ലോറിയ സീസൺ 4**

മുൻ വർഷങ്ങളിലെപോലെ ഈ വർഷവും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഗ്ലോറിയ സീസൺ 4 എന്ന പേരിൽ കരോൾ ഗാനമത്സരം നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഡിസംബർ 18 ഞായറാഴ്ചയാണ് മത്സരം നടത്തുക. എല്ലാ ശാഖകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന് മേഖല:** ലഹരി വിരുദ്ധ സെമിനാർ, മിഷൻ അനുഭവം പങ്കുവെയ്ക്കൽ എന്നിവ സംഘടിപ്പിച്ചു. പ്രിവന്റീവ് ഓഫീസർ ശ്രീ. ബാബു മറ്റത്തിൽ ക്ലാസ് എടുത്തു. സ്നേഹ സന്ദർശനം 2022 എന്നപേരിൽ മേഖലയിലെ മുഴുവൻ ശാഖകളിലും സന്ദർശനം നടത്തി. മിഷൻ കിറ്റ് വിതരണവും, പ്രൊവിഡൻസ് ഹോം സന്ദർശനവും നടന്നു. പ്രത്യുത്തരം 2022 ദൈവവിളി പ്രോത്സാഹന സെമിനാർ സംഘടിപ്പിച്ചു. ഫാ. സജി നെടുങ്കല്ലേൽ, ഫാ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവർ സെമിനാർ നയിച്ചു. ടാൻസാനിയയിൽ നിന്നും ഓൺലൈനായി മിഷൻ അനുഭവങ്ങൾ മിഷൻ ലീഗ് അംഗങ്ങൾക്ക് വേണ്ടി ഫാ. ദിലീഷ് പെരിയംവേലിൽ പങ്കുവെച്ചു. അഞ്ചാഴ്ച്ച നീണ്ടുനിൽക്കുന്ന മെഗാക്വിസ് 2022 തുടങ്ങി.

പ്രേഷിതാവേശത്തോടെ ചെമ്മഞ്ഞകൊടിക്കീഴിൽ വീണ്ടും അണിനിരന്ന് തിരുപ്പിറവിക്കായ് ഒരുങ്ങാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി.എം.എൽ രൂപത സെക്രട്ടറി

# Department of Youth Ministry

**സർക്കാർ ജോലിയിലേക്ക്**

5 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ പി.എസ്.സി. Question Bank ന്റെ അഞ്ചാം ക്ലാസിലെ പാഠപുസ്തകം 'സർക്കാർ ജോലിയിലേക്ക്' എന്ന പേരിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെയും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീമംഗങ്ങളുടെയും നേതൃത്വത്തിൽ പുറത്തിറക്കി. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംകലിന്റെ നേതൃത്വത്തിൽ സി. ആൻസി തോമസ് സി.എം.സി., സി. ഡെൽഫി മരിയ സി. എം. സി. എന്നിവർ എഡിറ്റേഴ്സായും ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളായ ലിയ ഷിജു, എയ്ഞ്ചലീന ബിജു, ആഷ്‌ലി സെബാസ്റ്റ്യൻ, ആൽബിൻ ബൈജു, എമിൽ ഷാജു, ഇമ്മാനുവേൽ കെ. ജോർജ്, എയ്ഞ്ചലീന ഡിനോജ്, സെറിൻ ആൻ രാജേഷ്, ആഗ്ന അഗസ്റ്റിൻ എന്നിവർ എഡിറ്റോറിയൽ ബോർഡംഗങ്ങളായും പ്രവർത്തിച്ചു.

**ക്രിസ്റ്റീൻ ധ്യാനം**

2022 ഒക്ടോബർ 23, 24 തീയതികളിൽ കളത്തുവയൽ ഇടവകയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെയും സി.എം.സി. ഡിവൈൻ സ്മാർട്ട് ടീമിന്റെയും നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിക്കപ്പെട്ടു. രണ്ട് സെഷനുകളായി നടത്തപ്പെട്ട ധ്യാനത്തിൽ എൽ. പി വിഭാഗത്തിന് സി. ഹിത മരിയ സി. എം. സി., സി. മഞ്ജു ജോൺ സി. എം. സി. എന്നിവർ നേതൃത്വം നൽകി. സീനിയർ വിഭാഗം ധ്യാനത്തിന് ഫാ. ലാൽ ജേക്കബ് പൈനുംകൽ, സി. ആൻസി തോമസ് സി. എം. സി., സി. ഡെൽഫി മരിയ സി. എം. സി., സി. എമിലിയ സി.എം.സി., സി. പിയൂഷ എഫ്. സി. സി., സി. അന്ന എഫ്. സി. സി. എന്നിവർ നേതൃത്വം നൽകി. 80 കുട്ടികൾ പങ്കെടുത്ത ധ്യാനത്തിൽ സി. ഡീന സി.എം.സി., സി. ജോളി സി. എം. സി., സി.അനിത സി. എം. സി എന്നിവരുടെ നേതൃത്വത്തിൽ എല്ലാ കുട്ടികൾക്കും സ്പിരിച്വൽ

ഷെയറിംഗിനുള്ള അവസരം ഒരുക്കി. ധ്യാനത്തിനാവശ്യമായ ഒരുക്കങ്ങൾ ചെയ്തുതന്ന കളത്തുവയൽ ഇടവക വികാരി റവ. ഫാ. സുനിൽ മഠത്തിലിനും ഇടവകയിലെ സി.എം.സി. സിസ്റ്റേഴ്സിനും ആത്മാർത്ഥമായ നന്ദി.

**പ്രതിഭകളിലൂടെ**

2022 ഒക്ടോബർ 30-ാം തീയതി ഞായറാഴ്ച ഒന്നര മുതൽ നാലുമണിവരെ ദ്വാരക അൽഫോൻസാ ഫൊറോന ദേവാലയത്തിൽ വച്ച് ദ്വാരക മേഖല വിശ്വാസ പരിശീലന പ്രതിഭാസംഗമം നടത്തപ്പെട്ടു. VII, XII ക്ലാസ്സുകളുടെ ഈ പ്രതിഭാസംഗമത്തിൽ യൂത്ത് മിനിസ്ട്രി ടീം നേതൃത്വം വഹിച്ചു. 12-ാം ക്ലാസിന്റെ പ്രതിഭാസംഗമം സി. ആൻസി തോമസ് സി.എം.സി.യും 7-ാം ക്ലാസിന്റെ സംഗമം സി. ഡെൽഫി മരിയ സി.എം.സിയും നയിച്ചു. ദ്വാരകമേഖലാ മതബോധന ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും മേഖലാ ടീം അംഗങ്ങളും നയിച്ച സംഗമത്തിൽ 50 കുട്ടികൾ പങ്കെടുത്തു.

**സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പ്**

2022 നവംബർ 11 ന് നടവയൽ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പിന് യൂത്ത് മിനിസ്ട്രി ടീമംഗം സി. ആൻസി തോമസ് ക്ലാസ് നയിച്ചു. പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ 64 വിദ്യാർത്ഥികൾ പങ്കെടുത്തു. കുട്ടികളുടെ വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ക്ലാസിൽ പങ്കുവെച്ചത്. ഇതിന് നേതൃത്വം വഹിച്ചത് നടവയൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്കൗട്ട് മാസ്റ്റർ ടെറൻസ് സാറും ഗൈഡ് ക്യാപ്റ്റൻ ഷിന്റോ ടീച്ചറുമാണ്.

**ലൈഫ് ട്രെയിനിങ്: കവിതാ ശിൽപ്പശാല**

2022 നവംബർ 11 വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ നവംബർ 12 ശനിയാഴ്ച മൂന്നു മണിവരെ 2010, 2020, 2021 ബാച്ചുകളുടെ പരിശീലനം നടന്നു. 32 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കുചേർന്നു. പ്രശസ്ത കവി രവീന്ദ്രൻ തളീക്കരയുടെ നേതൃത്വത്തിലുള്ള കവിത ശില്പശാലയാണ് വിദ്യാർഥികൾക്കുവേണ്ടി സംഘടിപ്പിച്ചത്. കവിതാ ശിൽപ്പശാലയിലൂടെ കവിതകൾ രചിക്കാനും ആലപിക്കാനും കവിതയുടെ വിവിധ മേഖലകളെക്കുറിച്ചും വിദ്യാർഥികൾക്ക് അറിവും പ്രചോദനവും ലഭ്യമായി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ആൻസി തോമസ്

സി.എം.സി, സി. ഡെൽഫി മരിയ സി. എം. സി എന്നിവർ നേതൃത്വം വഹിച്ചു.

**ജയിൽ സന്ദർശനം**

2022 നവംബർ പതിനൊന്നാം തീയതി വെള്ളിയാഴ്ച രാവിലെ 11.30 മുതൽ 12.30 വരെ വൈത്തിരി വയനാട് ജില്ലാ സബ് ജയിൽ സന്ദർശനം യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളും, സി.എം. സി മാനന്തവാടി പ്രൊവിൻസിലെ 15 സിസ്റ്റേഴ്സും സംയുക്ത മായി നടത്തി. ജയിൽ അന്തേവാസികളെ കാണുകയും അവർക്ക് സന്ദേശവും സന്തോഷവും പകരുന്ന രീതിയിലുള്ള കലാപരി പാടികൾ അവതരിപ്പിക്കുകയും ചെയ്തു. ജയിൽ മിനിസ്ട്രി ഡയറക്ടർ ഫാ. ടോമി പുത്തൻപുരയുടെ നേതൃത്വത്തിലാണ് ഇത് സംഘടിപ്പിച്ചത്.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**സൗഹൃദ വടംവലി മത്സരം**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപത സൗഹൃദ വടംവലി മത്സരം സംഘടിപ്പിച്ചു. കായിക കരുത്തിന്റെ മാസ്മരികതകൊണ്ട് മനുഷ്യ മനസ്സിൽ ആവേശം നിറച്ച കമ്പവലി മത്സരത്തിൽ 30 ടീമുകൾ പങ്കെടുത്തു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മുള്ളൻകൊല്ലി മേഖലയുടെ ആതിഥേയത്വത്തിൽ മരകാവ് യൂണിറ്റിൽ വെച്ചാണ് സൗഹൃദ വടംവലി മത്സരം സംഘടിപ്പിക്കപ്പെട്ടത്. കെ.സി.വൈ.എം മാനന്തവാടി രൂപതയും IRE വയനാട് ജില്ല വടംവലി അസോസിയേഷനും നിയന്ത്രിച്ച യുവാക്കളുടെ സൗഹൃദ വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം എടപ്പെട്ടി യൂണിറ്റും, രണ്ടാം സ്ഥാനം പാലാങ്കര യൂണിറ്റും, മൂന്നാം സ്ഥാനം ദീപ്തിഗിരി യൂണിറ്റും, നാലാം സ്ഥാനം കുറുമ്പാലക്കോട്ട യൂണിറ്റും കരസ്ഥമാക്കി. യുവതികൾക്കായി നടത്തപ്പെട്ട വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം കുളിവയൽ യൂണിറ്റും, രണ്ടാം സ്ഥാനം മരകാവ് യൂണിറ്റും, മൂന്നാം സ്ഥാനം ചെറുകാട്ടൂർ യൂണിറ്റും കരസ്ഥമാക്കി. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് റ്റിബിൻ വർഗീസ് പാറക്കൽ അധ്യക്ഷത വഹിക്കുകയും മാനന്തവാടി രൂപത സുവർണ്ണജൂബിലി കൺവീനിയർ ഫാ. ബിജു മാവറ, ജോസ് പുഞ്ചയിൽ, ബത്തേരി ഫൊറോന വികാരി ഫാ. ജോസഫ് പരുവുമ്മേൽ എന്നിവർ ആശംസകൾ അറിയിക്കുകയും സമ്മാനം കൈമാറുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

*ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം* എന്ന ആപ്തവാക്യവുമായി മുന്നേറുന്ന 2022 പ്രവർത്തനവർഷത്തിൽ ആഗസ്റ്റ് മാസാചരണത്തിലെ മികച്ച മേഖലയായി പ്രവർത്തന മികവുകൊണ്ട് കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖല തിരഞ്ഞെടുക്കപ്പെട്ടു.

**മേഖലകളിലെ മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ടത്**

| | | |
|---|---|---|
| ബത്തേരി മേഖല | : | തോമാട്ടുചാൽ യൂണിറ്റ് |
| ചുങ്കക്കുന്ന് മേഖല | : | അമ്പായത്തോട് യൂണിറ്റ്, കൊട്ടിയൂർ യൂണിറ്റ് |
| ദ്വാരക മേഖല | : | വിളമ്പുകണ്ടം യൂണിറ്റ് |
| കല്ലോടി മേഖല | : | കല്ലോടി യൂണിറ്റ് |
| കൽപ്പറ്റ മേഖല | : | എടപ്പെട്ടി യൂണിറ്റ് |
| മാനന്തവാടി മേഖല | : | വലിയകൊല്ലി യൂണിറ്റ് |
| മണിമൂളി മേഖല | : | നരിവാലമുണ്ട യൂണിറ്റ് |
| മുള്ളൻകൊല്ലി മേഖല | : | ശിശുമല യൂണിറ്റ്, മുള്ളൻകൊല്ലി യൂണിറ്റ് |
| നടവയൽ മേഖല | : | നടവയൽ യൂണിറ്റ് |
| നിലമ്പൂർ മേഖല | : | നിലമ്പൂർ യൂണിറ്റ് |
| നീലഗിരി മേഖല | : | കയ്യൂന്നി യൂണിറ്റ് |
| പയ്യമ്പള്ളി മേഖല | : | ഒണ്ടയങ്ങാടി യൂണിറ്റ് |
| തരിയോട് മേഖല | : | കുറുമണി യൂണിറ്റ് |

**ഞായറാഴ്ച പ്രവർത്തി ദിനമാക്കാനുള്ള തീരുമാനം പ്രതിഷേധാർഹം**

**മാനന്തവാടി:** ഒക്ടോബർ 2 ഞായറാഴ്ച പ്രവർത്തിദിനമാക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കണം എന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത. ക്രൈസ്തവർ വളരെ പ്രാധാന്യം കൽപ്പിക്കുകയും പ്രത്യേകമായി ആചരിക്കുകയും ചെയ്യുന്ന ദിവസമാണ് ഞായറാഴ്ച്ച. അന്നേദിവസം ഔദ്യോഗിക പരിപാടികൾ ഒഴിവാക്കിയിരുന്ന മുൻകാലങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി ഞായറാഴ്ചകളിൽ നിർബന്ധിത പരിപാടികൾ നടപ്പാക്കുന്ന ശൈലിയാണ് കഴിഞ്ഞ കുറച്ചു നാളുകളിലായി വർദ്ധിച്ചുവരുന്നത്. പൊതു അവധി ദിനമായ ഞായറാഴ്ച ദിനം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവൃത്തി ദിനമാകണമെന്നുള്ള സർക്കാർ ഉത്തരവുകൾ അംഗീകരിക്കാൻ ആവില്ലെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് റ്റിബിൻ വർഗീസ് പാറക്കൽ അറിയിച്ചു. ക്രൈസ്തവ സമൂഹത്തിനെതിരെ വെല്ലുവിളിയായി ഉയരുന്ന ഇത്തരം നിലപാടുകൾ തിരുത്താൻ സർക്കാർ സംവിധാനങ്ങൾ തയ്യാറാവുകയും ഒക്ടോബർ 2 ലെ പരിപാടികൾ മറ്റൊരു ദിവ

സത്തേക്ക് പുനഃക്രമീകരിക്കുകയും ചെയ്യണമെന്ന് രൂപതാ സമിതി ആവശ്യപ്പെട്ടു.

**തെരുവുനായ്ക്കളുടെ ശല്യം മൂലം മനുഷ്യർ ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാത്തത് പ്രതിഷേധാർഹം**

വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ വിളയാട്ടം കാരണം ജനങ്ങൾ ഭീതിയിലായിരിക്കുകയാണ്. ധൈര്യമായി പുറത്തിറങ്ങാനോ, കുട്ടികളെ ധൈര്യത്തോടെ സ്കൂളിലേക്ക് വിടാനോ ജനങ്ങൾക്ക് ഭയമാണ്. കഴിഞ്ഞ നാല് മാസത്തിനിടെ തെരുവ് നായ്ക്കളുടെ കടിയേറ്റ് ഏഴു ജീവനുകളാണ് നഷ്ടമായത്. മനുഷ്യ സുരക്ഷക്ക് ഭീഷണിയായ അക്രമണകാരികളായ തെരുവ് നായ്ക്കൾക്ക് എതിരെ വേണ്ട നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിതീകരിച്ച സാഹചര്യത്തിൽ സാമ്പളുകൾ പോലും നോക്കാതെ, പാവപ്പെട്ട കർഷകരുടെ പന്നികളെ കൊന്നൊടുക്കുകയും, പക്ഷിപ്പനിയുടെ നാളുകളിൽ ലക്ഷക്കണക്കിന് പക്ഷികളെ കൊന്നൊടുക്കുകയും ചെയ്തിട്ട്, തെരുവുനായ്ക്കളുടെ ശല്യം മൂലം മനുഷ്യർ ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ഒരു നടപടിയും സ്വീകരിക്കതെ തെരുവുനായ്ക്കളോട് മാത്രം കാണിക്കുന്ന അമിതമായ സഹാനുഭൂതി ആശങ്കാജനകമാണ്. തെരുവുനായകൾ കൂട്ടമായി എത്തുമ്പോൾ ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനു പരിഹാരമായി തെരുവ് നായകളെ പിടികൂടി വന്ധ്യംകരണം നടത്തുകയും ജനങ്ങളുടെ സഞ്ചാരത്തിനും ജീവനും ഭീഷണിയായി നിലനിൽക്കുന്ന തെരുവുനായ ശല്യത്തിനെതിരെ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് രൂപതാ സമിതി ആവശ്യപ്പെട്ടു.

**പത്ര പ്രസ്താവന-** കടുവയുടെ ആക്രമണം ജനങ്ങളുടെ സുരക്ഷ സർക്കാർ ഉറപ്പാക്കണം കെ.സി.വൈഎം മാനന്തവാടി രൂപത.

ജനവാസ മേഖലകളിൽ വർദ്ധിച്ചുവരുന്ന കടുവയുടെ ആക്രമണത്തിനെതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപതാസമിതി അവശ്യപ്പെട്ടു. ശനിയാഴ്ച്ച പുലർച്ചെ ബത്തേരി, ചീരാൽ സ്വദേശി സ്കറിയാ

യുടെ പശുവിനെ കടുവ കൊന്നതോടെ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പശുക്കളുടെ എണ്ണം പത്തായി. ഒരാഴ്ച മുൻപും ഇതേ പ്രദേശത്ത് കടുവ ഇറങ്ങിയിരുന്നു. ജില്ലയിലെ മുഴുവൻ വനംവകുപ്പ് ഓഫീസുകളിലും നിന്നുള്ള സംയുക്ത സേന വെള്ളിയാഴ്ച്ച രാവിലെ മുതൽ പ്രദേശത്ത് തിരച്ചിൽ നടത്തിയെങ്കിലും കടുവയെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. മുൻപ് വയനാട് സുൽത്താൻ ബത്തേരിയിൽ വാകേരി ഏതൻ വാലി എസ്റ്റേറ്റിലെ വളർത്തുനായയെ കടുവ ആക്രമിച്ച് കൊന്നിരുന്നു. പരിസരത്ത് കടുവകടിച്ചുകൊന്ന മാനിന്റെ ജഡവും കണ്ടെത്തിയിരുന്നു. കടുവകളെ തുരത്താനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് വനംവകുപ്പ് അറയിച്ചിരുന്നെങ്കിലും നടപടികൾ വേണ്ട വിധം നടക്കുന്നില്ലെന്ന് ആക്ഷേപമുയരുന്ന ഈ സാഹചര്യത്തിൽ പ്രതിഷേധം ശക്തമാക്കുകയാണ് കെ.സി.വൈ.എം മാനന്തവാടി രൂപത. ജനവാസ മേഖലയിലിറങ്ങി ആക്രമണം നടത്തുന്ന കടുവയെ പിടിക്കാനുള്ള നടപടി അടിയന്തരമായി കൈക്കൊള്ളണമെന്നും, അതോടൊപ്പം വന്യജീവി അക്രമങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും ജനങ്ങളുടെയും വളർത്ത് മൃഗങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം സർക്കാരിന് ഉണ്ടെന്നും കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് റ്റിബിൻ പാറക്കൽ ആവശ്യപ്പെട്ടു. ജനജീവിതത്തിന് ഭീഷണിയായി തുടരുന്ന ഇത്തരം ആക്രമണ സംഭവങ്ങളിൽ നടപടികൾ കൃത്യമായി സ്വീകരിക്കാതെ തുടരുന്ന സർക്കാർ സംവിധാനങ്ങളുടെ അനാസ്ഥ അവസാനിപ്പിക്കണമെന്നും, അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധ പരിപാടികളുമായി കെ.സി.വൈ.എം മുന്നിട്ടിറങ്ങുമെന്നും രൂപത സമിതി അഭിപ്രായപ്പെട്ടു.

**EWS സംവരണ നടപടിക്ക് അഭിനന്ദനങ്ങൾ**

മുന്നോക്ക വിഭാഗത്തിലെ പിന്നോക്കകാർക്ക് 10% സംവരണം ഏർപ്പെടുത്തി കൊണ്ടുള്ള കേന്ദ്രസർക്കാർ നടപടിയാണ് ചീഫ് ജസ്റ്റിസ് യു.യു ലളിത് അധ്യക്ഷനായ അഞ്ചംഗ ഭരണഘടന ബെഞ്ച് ശരിവെച്ചത്. തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ 10% മുന്നോക്ക സംവരണം നടപ്പാക്കിയാണ് കേന്ദ്രസർക്കാർ ഭരണഘടന ഭേദഗതി നടത്തിയത്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സഹായം

ലഭ്യമാക്കേണ്ടത് അനിവാര്യതയാണെന്ന് കോടതി കണ്ടെത്തി. നീതിയുടെ ഈ വിധിക്കായി നിയമപോരാട്ടങ്ങൾ നടത്തി, അക്ഷീണം യത്നിച്ച, പ്രയത്നിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

**ആശംസകൾ**

പിതൃവാത്സല്യത്തോടെ അജഗണത്തെ നയിക്കാൻ, സുവർണ്ണ ജൂബിലി വർഷത്തിൽ മാനന്തവാടി രൂപത സഹായ മെത്രാനായി നിയോഗിക്കപ്പെട്ട മാർ അലക്സ് താരാമംഗലം പിതാവിന് യുവജനപ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന കെ.സി.വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റ് അംഗം ആൽബിൻ കൂട്ടുങ്കലിനും വധു ആഷ്‌ലിനും ആശംസകൾ.

കർമ്മധീരതയോടെ പ്രസ്ഥാനത്തിന്റെ ഒപ്പമായിരുന്നു കൊണ്ട് പുതിയ ജീവിത ലക്ഷ്യവുമായി വിദേശത്തേക്ക് യാത്ര യാകുന്ന സംസ്ഥാന സെനറ്റ് അംഗവും രൂപത സിൻഡിക്കേറ്റ് അംഗവുമായ ജിയോ ജെയിംസ് മച്ചുക്കുഴിക്ക് യാത്രാ മംഗളങ്ങൾ.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ വൈദികൻ ബഹു. മാത്യു അത്തിക്കൽ അച്ചനും, കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻകാല പ്രസിഡന്റ് ഷാജു പി. ജയിംസിന്റ പിതാവ് ചാക്കോ പാറപ്പി ള്ളിക്കും, മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന്റെ സഹോദരൻ മാത്തുക്കുട്ടിക്കും മകൻ വിൻസിനും ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**മാനന്തവാടി**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മാനന്തവാടി മേഖലാ സാഹിത്യ മത്സരം മാനന്തവാടി ടൗൺ ചർച്ചിൽ വെച്ച് നടത്തി. 152 പേരോളം പങ്കെടുത്തു. മേഖലാ കലാമത്സരം കണിയാരം റ്റി. റ്റി. ഐയിൽ വെച്ച് നടത്തി. 100 ഓളം വരുന്ന യുവ ജനങ്ങൾ പങ്കെടുത്തു. കണിയാരം യൂണിറ്റ് ഒന്നും, ആലാറ്റിൽ യൂണിറ്റ് രണ്ടും, തവിഞ്ഞാൽ യൂണിറ്റ് മൂന്നും സ്ഥാനങ്ങൾ കര സ്ഥമാക്കി. ബത്തേരിയിൽവച്ച് നടത്തിയ രൂപതാ കലാ മത്സ രത്തിൽ മാനന്തവാടി മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**നീലഗിരി**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നീലഗിരി മേഖലയുടെ സാഹിത്യ മത്സരം അരുൾ നിലയം, കുന്നലാടി എന്നിങ്ങനെ രണ്ടു സെന്ററുകളിലായി മത്സരം നടത്തപെട്ടു. 60 ഓളം അംഗങ്ങൾ പങ്കെടുത്തു. ഞായറാഴ്ച ഗാന്ധിജയന്തിയോനുബന്ധിച്ചു പൊതു അവധി നല്കാത്തതിനെതിരെ യൂണിറ്റ് തലങ്ങളിൽ ഒപ്പ് ശേഖരണം നടത്തി. തെരുവ് നായ ശല്യത്തിന് എതിരെ മേഖലയുടെ പ്രതിഷേധം അറിയിച്ചു. കലാ മത്സരങ്ങൾ ഓൺലൈനായി നടത്തപ്പെട്ടു. വിവിധ യൂണിറ്റിൽ നിന്ന് 50 ഓളം അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**മണ്ണുവയൽ**

കലാ മത്സരങ്ങൾ ഓൺലൈനായി നടത്താൻ തീരുമാനിച്ചു. മണ്ണുവയൽ യൂണിറ്റിൽ ഓണാഘോഷവും പരിശുദ്ധ മാതാവിന്റെ ജന്മദിനവും ആഘോഷിച്ചു.

**കുന്നലാടി**

കലാ സാഹിത്യ മത്സരത്തിൽ മേഖലാതലത്തിൽ യുവജനങ്ങൾ പങ്കുകൊണ്ടു. ഓണാഘോഷവും പരിശുദ്ധ മാതാവിന്റെ ജന്മദിനവും ആഘോഷിച്ചു.

**കുറുമണി**

രൂപതയുടെയും മേഖലയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സാഹിത്യ മത്സരത്തിലും, മേഖലയുടെ നേതൃത്വത്തിൽ തരിയോട് വെച്ച് നടന്ന കലാമൽസരത്തിലും യുവജനങ്ങൾ പങ്കെടുത്തു. KCYM ആന്തത്തിൽ ഒന്നാം സ്ഥാനവും, നാടൻ പാട്ടിന് രണ്ടാം സ്ഥാനവും, പ്രസംഗ മത്സരത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു. ബത്തേരിയിൽ വെച്ച് നടന്ന രൂപതാ കലാമത്സരത്തിൽ KCYM ആന്തത്തിന് ഒന്നാം സ്ഥാനത്തിന് അർഹരായി.

**കല്ലോടി**

മിഷൻ മാസ സമാപനത്തിനും, മിഷൻ പിരിവിനും കെ.സി. വൈ.എം അംഗങ്ങൾ സഹായിച്ചു. യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിച്ചു. ഇടവകയിലെ തിരുമംഗലം എന്ന കോളനി അംഗങ്ങൾ സന്ദർശിക്കുകയും സാധിക്കുന്ന സഹായങ്ങൾ നൽ

കുകയും ചെയ്തു. മാനന്തവാടി രൂപത സുവർണ്ണ ജൂബിലി വർഷ തിരുസ്വരൂപ പ്രയാണത്തിൽ ഇടവകയിൽ പരിശുദ്ധ മാതാവിനെ സ്വീകരിക്കുന്നതിന് സഹകരിച്ചു. താരാമംഗലം പിതാവിന്റെ മെത്രാഭിഷേക ഒരുക്കങ്ങൾക്കും, സകല മരിച്ച വിശ്വസികളുടെയും തിരുനാളിനോട് അനുബന്ധിച്ച് സെമിത്തേരി വൃത്തിയാക്കുവാനും അംഗങ്ങൾ സഹകരിച്ചു. മാനന്തവാടി ജില്ലാ ആശുപത്രി സന്ദർശിക്കുകയും ഒരു നേരത്തെ ഭക്ഷണത്തിനുള്ള സാധനങ്ങളും സഹായങ്ങളും നൽകി. വിശുദ്ധ ചാൾസ് ബെറോമിയയുടെ തിരുനാളിനോട് അനുബന്ധിച്ച് ഇടവകയിലെ മതാധ്യാപകർക്ക് ആശംസകൾ നൽകി. ക്രിസ്തുദാസി സമൂഹത്തിൽ നിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട സിസ്റ്റർ സൂസമ്മ കുഴിത്തോടിന് ആദരഞ്ജലികൾ അർപ്പിച്ചു.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

നവംബർ മാസത്തെ ഓഫ്ലൈൻ വിവാഹ ഒരുക്ക കോഴ്സിൽ 103 പേർ സംബന്ധിച്ചു. ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ഡിസംബർ 16,17,18,19 തിയതികളിൽ ആണ് നടത്തപ്പെടുന്നത്.

**മാതൃവേദി**

നവംബർ 1- ന് അലക്സ് പിതാവിന്റെ മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ രൂപതാ ടീം പങ്കെടുത്തു.

രൂപതയിലെ 13 മേഖലകളിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശനം നടത്തിവരുന്നു. കഴിഞ്ഞ പ്രവർത്തവർഷം നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച എല്ലാ യൂണിറ്റ്, മേഖലാ ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, മാതൃവേദി അമ്മമാർ, എല്ലാവർക്കും അഭിനന്ദനങ്ങളും, നന്ദിയും.

ഡിസംബർ 10- ന് രൂപതയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടത്തപ്പെടുന്ന സംഗമത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുക്കുക.

ചെയിൻ റോസറി നടത്തി മാനന്തവാടി മേഖല പ്രാർത്ഥിക്കുന്നു. (വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി) ഡിസംബർ 28-ന് നടക്കുന്ന രൂപതാ പതിനേഴാം വാർഷിക ജനറൽ ബോഡിയും നടത്തപ്പെടുന്നു. വാർഷികത്തിൽ ഓരോ യൂണിറ്റിൽനിന്നും ആറുപേർ വീതം പങ്കെടുക്കാവുന്നതാണ് (ആനിമേറ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ )

ഓരോ യൂണിറ്റും രൂപത വിഹിതമായി 400 രൂപയും രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ വീതവും നൽകേണ്ടതാണ്.

## Feliz Navidad - 2022

**ഡിസംബർ 17 ന് രൂപതാ മാതൃവേദി കരോൾ ഗാനമത്സരം**

മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ടീം രൂപതാ കരോൾ ഗാനമത്സരത്തിൽ പങ്കെടുക്കുക.

**മേഖലാ വാർത്തകൾ**

**തരിയോട്**

ജനറൽ ബോഡി കോട്ടത്തറ സെന്റ് ആന്റണിസ് ദേവാല

യത്തിൽ വച്ച് നടത്തി. മാതാവിന്റെ തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള ജപമാല റാലിയിലും സ്നേഹവിരുന്നിലും പങ്കെടുത്തു. മേഖലാ ഡയറക്ടർ, ആനിമേറ്റർ, മേഖലാ ഭാരവാഹികൾ എന്നിവർ എല്ലാ ശാഖകളും സന്ദർശിച്ച് 2021-22 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചു.

**മുള്ളൻകൊല്ലി**

മേഖല ടീം എല്ലാ ശാഖകളിലും സന്ദർശനം നടത്തി മേഖലാ റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിച്ചു. ഇരുളം യൂണിറ്റിൽ വച്ച് നടന്ന ജപമാല റാലിയിൽ എല്ലാ യൂണിറ്റുകളിൽ നിന്നും അമ്മമാരുടെ സജീവമായ സഹകരണത്തോടെ ജപമാല റാലി നടത്തി.

**മണിമൂളി**

ലോക സംരക്ഷണത്തിനായി പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പുതിയ ആനിമേറ്ററെ തിരഞ്ഞെടുത്തു. 30,31 തീയതികളിലായി മേഖലയുടെ എല്ലാ ശാഖകളിലും ജപമാല റാലി നടത്തി.

**കല്പ്പറ്റ**

വൈത്തിരി സെന്റ്. മേരീസ് പള്ളിയിൽ വച്ച് ജപമാല റാലി നടത്തി. എല്ലാ ഇടവകകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. സമ്പൂർണ്ണ ബൈബിൾ എഴുതിയ സോഫി തോമസിന് മെമന്റോ നൽകി ആദരിച്ചു.

**ശാഖാ വാർത്തകൾ**

**പുതുശ്ശേരിക്കടവ്**

70 വയസ്സിനു മുകളിലുള്ള മാതാപിതാക്കളെ ആദരിച്ചു.

**കോട്ടത്തറ**

ജപമാല മാസാചരണം, ജപമാല രാജ്ഞിയുടെ തിരുനാൾ എന്നിവ ആചരിച്ചു. ശാഖ എക്സിക്യൂട്ടീവ് നടത്തി. രോഗി സന്ദർശനം നടത്തി. തരിയോട് മേഖലയുടെ നേതൃത്വത്തിൽ കോട്ടത്തറ ശാഖയിൽ വച്ച് വിവിധ ശാഖകളുടെ പ്രവർത്തന റിപ്പോർട്ടുകൾ വിലയിരുത്തി. മേഖല ഭാരവാഹികൾ സന്ദർശനം നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. സെമിത്തേരി വൃത്തിയാക്കി. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസിൽ പങ്കെടുത്തു.

**പേരിയ**

ലഹരി വിരുദ്ധ സെമിനാറിൽ പങ്കെടുത്തു. ചിട്ടി നറുക്കെടുപ്പ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പൂളപ്പാടം**

മിഷൻ റാലിയിൽ പങ്കെടുത്തു. ചോക്കാട് 'ശാന്തി സദനം' സന്ദർശിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ജപമാല റാലി നടത്തി.

**മരക്കടവ്**

ജപമാല റാലിയിൽ പങ്കെടുത്തു. ഒരു നിർധന രോഗിക്ക് 3000/- രൂപ സഹായം നൽകി.1000 ശീതകാല പച്ചക്കറി തൈകൾ വിതരണം നടത്തി. ലഹരി വിരുദ്ധ ബോധവൽക്കരണ മാജിക് ഷോയിൽ പങ്കെടുത്തു.

**മഞ്ഞൂറ**

ജപമാല മാസാചരണം നടത്തി. അഖണ്ഡ ജപമാല നടത്തി. രോഗി സന്ദർശനം നടത്തി. മേഖലാ ഭാരവാഹികൾ സന്ദർശനം നടത്തി.

**ചിത്രഗിരി**

വിവിധ നിയോഗങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. മേഖല ജപമാല റാലിയിൽ പങ്കെടുത്തു. രോഗിസന്ദർശനം നടത്തി. വിധവകളുടെ കൂട്ടായ്മ നടത്തി.

**പോരൂർ**

ജപമാല മാസാചരണം നടത്തി. ജപമാല റാലിയിൽ 7 പേർ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**കബനിഗിരി**

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആചരിച്ചു. പള്ളിയിലേക്കാവശ്യമായ ചൂലുകൾ നിർമ്മിച്ചു നൽകി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. നിർധനരായ വ്യക്തികൾക്കായി വസ്ത്ര ശേഖരണം നടത്തി. ജപമാല റാലി നടത്തി

**ഇരുളം**

ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിച്ചു. മേഖല മീറ്റിങ്ങിൽ പങ്കെടുത്തു. സെമിനാർ നടത്തി. മേഖല വിസിറ്റ് നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ്കൂടി. രോഗിസന്ദർശനം നടത്തി. ചികിത്സാ സഹായമായി ഒരു കുടുംബങ്ങൾക്ക് 3000/- രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പാലാങ്കര**

ജപമാല മാസാചരണം നടത്തി. അഖണ്ഡ ജപമാല നടത്തി. രോഗി സന്ദർശനം നടത്തി. 1000/- രൂപ സഹായം നൽകി. സെമിത്തേരി വൃത്തിയാക്കി.

**കുഞ്ഞോം**

ജപമാല മാസാചരണം നടത്തി. വചനകവചം, തിരുവചന പാഥേയം, സാന്താ മോനിക്കാ മധ്യസ്ഥ പ്രാർത്ഥന എന്നിവയിൽ പങ്കുചേർന്നു. വിവിധ നിയോഗങ്ങൾക്കുവേണ്ടി ചെയിൻ റോസറി നടത്തി.രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**മൺവയൽ**

വി. കൊച്ചുത്രേസ്യയുടെ തിരുനാൾ, വി. ജോൺ പോൾ രണ്ടാമൻ തിരുനാൾ, ജപമാല രാജ്ഞിയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. രോഗി സഹായം നല്കി. ദേവാലയ ശുചികരണം നടത്തി.

**വിമലഗിരി**

നാലു മക്കളുള്ള 50 വയസ്സിൽ താഴെയുള്ള മാതാപിതാക്കൾ ഉള്ള 3 കുടുംബങ്ങളെ ആദരിച്ചു. സമ്മാനങ്ങൾ നൽകി.

**പനംചിറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് ജനറൽ ബോഡി കൂടി. ജപമാല റാലി നടത്തി. പ്രായമായ മാതാപിതാക്കളെ സന്ദർശിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പന്തിപ്പൊയിൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജപമാല മാസാചരണം നടത്തി. ഒരു നിർധന വിദ്യാർത്ഥിക്ക് പഠനസഹായമായി 3000 രൂപ നൽകി. ചികിത്സാസഹായമായി 2000/- രൂപ നൽകി.

**തരിയോട്**

ജപമാല മാസാചരണം നടത്തി. രോഗിസന്ദർശനം നടത്തി. ചികിത്സാ സഹായമായി 2500/- രൂപ നൽകി. 70 വയസ്സിന് മുകളിലുള്ള ദമ്പതികളെ ആദരിച്ചു. ജപമാല റാലിയിൽ പങ്കെടുത്തു. സിമിത്തേരി വൃത്തിയാക്കി. മിഷൻ മാസത്തിന് ആവശ്യമായ 450 കൊടികൾ തയ്ച്ചു കൊടുത്തു.

**നടവയൽ**

എയ്ഞ്ചൽ മീറ്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു.7000/- രൂപ സംഭാവന നൽകി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. സാധു സഹായമായി 2000/- രൂപയും വിവാഹസഹായമായി 2000/-രൂപയും നൽകി. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു.

**പൂളപ്പാടം**

ജപമാല മസാചരണം നടത്തി. മിഷൻ റാലിയിൽ പങ്കെടുത്തു. ചോക്കാട് ശാന്തിസദൻ സന്ദർശിച്ചു. വിവിധ കലാപരിപാടികൾ നടത്തി. 6000/- രൂപ സംഭാവന നൽകി.

**പട്ടാണിക്കൂപ്പ്**

വിവിധ നിയോഗങ്ങൾക്കായി മധ്യസ്ഥ പ്രാർത്ഥന നടത്തി. ജപമാല റാലിക്ക് നേതൃത്വം നൽകി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. കുരിശടി വൃത്തിയാക്കി. ചികിത്സാസഹായം നൽകി.

**സീതാമൗണ്ട്**

വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ആചരിച്ചു. അഖണ്ഡ ജപമാല നടത്തി. മേഖലാ ടീം യൂണിറ്റിൽ സന്ദർശനം നടത്തി. രോഗി സന്ദർശനം നടത്തി. സഹായമായി 3000 /-രൂപ നൽകി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു

**പാടിച്ചിറ**

ജപമാല മാസാചാരണം നടത്തി. ജപമാല റാലി നടത്തി. ആദിവാസി കോളനിയിലേക്ക് വസ്ത്രങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി. ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു.

**ആടിക്കൊല്ലി**

ജപമാല റാലിയിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മേഖല വിസിറ്റ് നടത്തി. മരക്കടവ് വൃദ്ധസദനത്തിൽ വസ്ത്രവിതരണം നടത്തി. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു.

**നരിവാലമുണ്ട**

ഓൺലൈൻ കുടുംബ ബൈബിൾ ക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകി. ലോഗോസ് ക്വിസ് വിജയികൾക്ക് സമ്മാനം നൽകി. LSS,USS വിജയികളെ അനുമോദിച്ചു. ജപമാല മാസാചരണം നടത്തി. ജപമാല റാലി നടത്തി.

**ബോയ്സ് ടൗൺ**

ജപമാല മാസാചാരണം നടത്തി. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപ പ്രയാണ സ്വീകരണം, ജപമാല റാലി എന്നിവയിൽ പങ്കെടുത്തു. കോളയാട് സ്നേഹഭവൻ സന്ദർശിച്ചു. ഭക്ഷണസാധനങ്ങളും വസ്ത്രവും നൽകി. മേഖലാ സാഹിത്യ മൽരത്തിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. ജപമാല മാസാചാരണം നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.പള്ളി വൃത്തിയാക്കി. വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ചു.

**മണിമൂളി**

വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. എക്സിക്യൂട്ടീവ് കൂടി. ജപമാല റാലി, അഖണ്ഡ ജപമാലഎന്നിവ നടത്തി. രോഗി സന്ദർശനം നടത്തി.

**വാളാട്**

ജപമാല മാസാചരണം നടത്തി. ജപമാല റാലിയിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപ പ്രയാണ സ്വീകരണത്തിൽ പങ്കെടുത്തു. പള്ളി വൃത്തിയാക്കി.

**കരിമാനി**

വിവിധ നിയോഗങ്ങൾക്കായ് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജപമാല റാലി നടത്തി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ ജപമാല റാലിയിൽ 13 പേർ പങ്കെടുത്തു.

**മച്ചിക്കൊല്ലി**

രോഗിസന്ദർശനം നടത്തി. ലോഗോസ് പരീക്ഷയിൽ വിജയിച്ചവർക്കു സമ്മാനങ്ങൾ നൽകി. 10 ദിവസത്തെ ആഘോഷമായ ജപമാലയിലും ദിവ്യബലിയിലും എല്ലാ അമ്മമാരും പങ്കെടുത്തു.

**വലിയകൊല്ലി**

എക്സിക്യൂട്ടിവ് കൂടി. ജപമാല നടത്തി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**തലപ്പുഴ**

രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു. മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം സ്വീകരണം, ജപമാല റാലി എന്നിവയിൽ പങ്കെടുത്തു.

**ഏലപ്പീടിക**

എക്സിക്യൂട്ടിവ് കൂടി. ജപമാല റാലിയിൽ പങ്കെടുത്തു. പള്ളി പരിസരം, സിമിത്തേരി എന്നിവ വൃത്തിയാക്കി.

**കയ്യൂന്നി**

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, ലോകവൃദ്ധ ദിനം, ദേശീയ സേവന ദിനം, വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ, ലോക പുഞ്ചിരി ദിനം, ലോക മാനസികാരോഗ്യ ദിനം, അന്താരാഷ്ട്ര ബാലികാ ദിനം എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. അഖണ്ഡ ജപമാല നടത്തി.

**മരകാവ്**

വണക്കമാസാചരണം നടത്തി. ജപമാല റാലി നടത്തി. മിഷൻ റാലിയിൽ പങ്കെടുത്തു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.മേഖല ജപമാല റാലി, മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തു.

**യവനാർകുളം**

ജപമാല മാസാചാരണം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ജപമാല റാലിയിൽ പങ്കെടുത്തു.

**മാനന്തവാടി**

ജപമാല മാസാചാരണം നടത്തി. രോഗീ സഹായമായി 10000 രൂപ നൽകി സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ശാഖാ വാർഷിക റിപ്പോർട്ട് മേഖലക്ക് നൽകി. ജപമാല റാലിയിൽ 14 പേർ പങ്കെടുത്തു.

**വാളേരി**

ലോക വയോജന ദിനം, സേവനദിനം, ജപമാല രാജ്ഞിയുടെ തിരുനാൾ എന്നിവ ആചരിച്ചു. സിമിത്തേരി വൃത്തിയാക്കി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. ബൈബിൾ പഞ്ചഗ്രന്ഥി വായന മത്സരം നടത്തി. രോഗീ സന്ദർശനം നടത്തി. ചികിത്സാ സഹായമായി ഒരു നിർധന രോഗിക്ക് 28,600/ നൽകി. എക്സിക്യുട്ടീവ് മീറ്റിംഗ് നടത്തി. മേഖലാ വിസിറ്റ് നടന്നു. ചിട്ടി നറുക്കെടുപ്പ് നടത്തി. സാന്താമോനിക്കാ പ്രാർത്ഥനയിൽ പങ്കെടുത്തു. വചന കവചം നടത്തി.

**വഞ്ഞോട്**

ജപമാലമാസാചരണം നടത്തി. കപ്പേളകൾ വൃത്തിയാക്കി. സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് യോഗം കൂടി.

**ബത്തേരി**

ജപമാല മാസാചാരണം നടത്തി. ജപമാല റാലി നടത്തി. സമ്പൂർണ ബൈബിൾ പാരായണം നടത്തി.

**പേരിയാ**

എക്സിക്യുട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. ചിട്ടി നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പ്രശാന്തിഗിരി**

ജപമാല മാസാചരണം നടത്തി. ജപമാല റാലിയിൽ 12 പേർ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. 25 വ്യക്തികൾ 1606 പ്രാവശ്യം കൊന്ത ചൊല്ലി.

**കണിയാരം**

എക്സിക്യൂട്ടീവ് കൂടി. ജപമാല റാലിയിൽ 25 പേർ പങ്കെ

ടുത്തു. മേഖലാതല മത്സരത്തിൽ പങ്കെടുത്തു. സമ്മാനങ്ങൾ കരസ്ഥമാക്കി.

**കൽപ്ര**

അമ്മമാരുടെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ കുടുംബങ്ങളും സന്ദർശനം നടത്തി. സെമിത്തേരി വൃത്തിയാക്കാൻ 20 അമ്മമാർ വന്ന് സഹായിച്ചു. മാതാവിനെ അലങ്കരിച്ചു വെച്ച് ഇടവകയിലും ഭവനങ്ങളിലും കൊന്തനമസ്കാരം നടത്തി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് അയച്ചു കൊടുത്തു.

**വടപുറം**

ജപമാലമാസാചാരണം നടത്തി. രോഗിസന്ദർശനം നടത്തി. എക്സിക്യൂട്ടിവ് അംഗങ്ങൾ 10 വിവിധ നിയോഗങ്ങൾക്കു വേണ്ടി ജപമാലയർപ്പിച്ചു. ഏകദിന സെമിനാർ നടത്തി. മേഖല സന്ദർശനം നടത്തി. വാർഷിക റിപ്പോർട്ട് സമർപ്പിച്ചു.

**ദ്വാരക**

ജപമാല മാസാചരണം നടത്തി. ചെയിൻ റോസറി, ഭക്തി ഗാനമത്സരം എന്നിവ നടത്തി. പള്ളി പരിസരം, സെമിത്തേരി എന്നിവ വൃത്തിയാക്കി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലയ്ക്ക് വാർഷിക റിപ്പോർട്ട് നൽകി. മേഖലാ വിസിറ്റ് നടത്തി. ലഹരി വിരുദ്ധ വാഹനപ്രചരണ ജാഥ നടത്തി. മിഷൻ ഗ്രാമ സന്ദർശനം നടത്തി. ആവശ്യമായ മരുന്നുകൾ, ഡ്രസ്സുകൾ എന്നിവ ശേഖരിച്ച് നൽകി. സെമിത്തേരി ശുചീകരണം നടത്തി.

**പുതിയിടം**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ജപമാല റാലിയിൽ 16 പേർ പങ്കെടുത്തു. സെമിത്തേരി വൃത്തിയാക്കി.

**കേളകം**

രോഗീ സന്ദർശനം നടത്തി സാമ്പത്തിക സഹായം നല്കി. ഫണ്ട് ശേഖരണാർത്ഥം അച്ചാർ സംരംഭം തുടങ്ങി. അനാഥാലായത്തിന് സാമ്പത്തിക സഹായം നല്കി.

**കുറുമണി**

ജപമാല രാജ്ഞിയുടെ തിരുനാൾ ആചരിച്ചു. ലോഗോസ് ക്വിസ് വിജയികൾക്ക് സമ്മാനം നല്കി. മേഖലാ ജപമാല റാലിയിൽ പങ്കെടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

നവംബർ മാസത്തെ ഏകദിന കൺവെൻഷൻ ഒരു ദിവ്യ കാരുണ്യ കൺവെൻഷനായി നടത്തി. സിയോൻ ശുശ്രൂഷകർ ആദ്യവെള്ളിയാഴ്ച്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥ നയും ആരാധനയും നടത്തി ഒരുങ്ങി.

ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം സിയോൻ ഹാളിൽ നടന്നു. ബ്ര. ജോസ് മാളോല സ്തുതിയാരാധനക്ക് നേതൃത്വം നൽകി. ആരാധന സഭയുടെ മാനന്തവാടി പ്രൊവിൻ സിലെ സമർപ്പിതർ ജപമാല ചൊല്ലി പ്രാർത്ഥിച്ചു, കൺവെൻ ഷന് നിയോഗം വെച്ച് പങ്കെടുത്തു, സഹകരിച്ചു. വാകേരി ഇട വക വികാരി ബഹു. ഫാ. ജെയ്സ് പൂതക്കുഴി വി. ബലിയർപ്പിച്ചു.

സിയോൻ ധ്യാനകേന്ദ്രത്തിന്റെ മുൻ ഡയറക്ടർ റവ. ഫാ. ജോൺ പുതുക്കുളം വി. കുർബാനയെപ്പറ്റി വചനപ്രഘോഷണം നടത്തി, ആരാധനക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനങ്ങൾ ആലപിച്ചു.

നവംബർ 11 ന്, രണ്ടാം വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ (എല്ലാ രണ്ടാം വെള്ളിയാഴ്ചയും) സിയോൻ ടീമിന്റെ നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തി പ്രാർത്ഥിച്ചു. നവംബർ 12 ന് രണ്ടാം ശനിയാഴ്ച പൊതുസ്പിരിച്വൽ ഷെയറിം ങ്ങിന് ബ്ര. പൈലി പെലക്കുടി, ബ്ര. ജോസ് മാളോല, ശ്രീമതി എൽസി കുളത്തിങ്കൽ, സി. ആൽഫി SH, സി. ജോസിലിയ CMC, സി. കാർമൽ CMC, എന്നിവർ നേതൃത്വം നൽകി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറ മ്പിൽ, റവ. ഫാ. സോണി വാഴകാട്ട് എന്നിവർ ഞായറാഴ്ചക ളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കുവെച്ചു.

നവംബർ 20 മുതൽ 23 വരെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം സിയോനിൽ നടന്നു.

നവംബർ 25 ന് നാലാം വെള്ളിയാഴ്ച്ച വൈകിട്ട് 7 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടന്നു. ബ്ര. MC സെബാസ്റ്റ്യൻ, പനമരം വചനം പങ്കുവെച്ചു. കോർഡിനേറ്റർ ബ്ര. ജോസ് മാളോല, ബ്ര. ബേബി കുപ്പയിൽ എന്നിവർ ആരാധന നയിച്ചു.

നവംബർ 27 മുതൽ 30 വരെ കല്ലുമുക്ക് സെന്റ് ജോർജ് ഇടവകയിൽ വാർഷിക ധ്യാനം. നടത്തി. ഫാ. സോണി വാഴകാട്ട്, ബ്ര. ജോസഫ് വട്ടക്കുന്നേൽ, ബ്ര. ബിജു പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

**N.B:** അടുത്ത ആദ്യശനി കൺവെൻഷൻ, ഫെബ്രുവരിയിൽ നടക്കുന്ന ബൈബിൾ കൺവെൻഷന്റെ ഒരുക്കമായി അണക്കര മരിയൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 3 ന് രാവിലെ 9 മുതൽ ആരംഭിക്കും.

ഡിസംബർ മാസത്തെ താമസിച്ചുള്ള ധ്യാനം 19 ന് തിങ്കളാഴ്ച്ച വൈകിട്ട് 5 ന് ആരംഭിച്ച് 22 ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും.

ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ Spiritual Sharing ന് സൗകര്യം ഉണ്ടായിരിക്കും.

2023 ഫെബ്രുവരി 22–26 ദിവസങ്ങളിൽ നടക്കുന്ന ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി പ്രാർത്ഥിച്ചൊരുങ്ങാം.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ പ്രത്യാശ അർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ (സങ്കീർത്തനം 27.14)

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

നാം യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുകയാണല്ലോ. ദൈവപുത്രന്റെ ജനനത്തിന് മുന്നൊരുക്കമായി 25 ദിവസങ്ങൾ നാം നോമ്പ് ആചരിക്കുകയും ചെയ്യുന്നു. ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങൾ വർജ്ജിച്ച് പ്രാർത്ഥനാനിരതരായി നാം ഒരുങ്ങുകയാണ്. ഈ മുന്നൊരുക്കത്തിന്റെ സമാപനത്തിൽ ക്രിസ്തുമസ് നാം ആഘോഷിക്കുകയും ചെയ്യുന്നു. പിന്നീട് പുതുഞായർ വരെ ക്രൈസ്തവർക്ക് ആഘോഷത്തിന്റെ നാളുകളാണ്. പുതുവത്സരം, പള്ളിപ്പെരുന്നാളുകൾ, വിവാഹങ്ങൾ, ഓശാന, ഈസ്റ്റർ എന്നിങ്ങനെ ഒട്ടേറെ ആഘോഷങ്ങൾ നമ്മെ കാത്തുനില്ക്കുകയാണ്. ഈ ആഘോഷങ്ങളല്ലാം നമ്മെ ആനന്ദപുളകിതരാക്കും ദൂരെദേശങ്ങളിലായി കഴിയുന്ന കുടുംബാംഗങ്ങളുടെ ഒത്തുചരലും, സന്തോഷങ്ങൾ പങ്കുവയ്ക്കുന്ന അവസരങ്ങളുമായി ഈ കാലയളവ് മാറ്റപ്പെടുകയും ചെയ്യുന്നു. ഈ ആഘോഷങ്ങൾ നമ്മുടെ ബന്ധങ്ങൾ കൂടുതൽ ദൃഢമാകുന്നതിനും ഹേതുവാകുന്നുണ്ട്. മുമ്പൊക്കെവിളവെടുപ്പിന്റെ സമയവും ഈ കാലത്തായതിനാൽ കുടിയേറ്റ ഗ്രാമങ്ങളിലെ സീസൺ കൂടിയായിരുന്നുഈ സമയം.

ഈ നോമ്പ് ആചരണത്തിനും ആഘോഷങ്ങൾക്കുമിടയിൽ നാം വിൻസെൻഷ്യൻ സഹോദരർ തങ്ങളുടെ ആത്മീയ ചൈതന്യം വളർത്തുന്നതോടൊപ്പം ദൈവം നമ്മെ ഏല്പ്പിച്ച മഹത്തായ ഉത്തരവാദിത്വങ്ങളിൽനിന്നും വ്യതിചലിക്കരുത്. നമുക്കുചുറ്റും ദാരിദ്രത്താലും രോഗങ്ങളാലും വലയുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. കൊവിഡിനുശേഷം ലോകം മുഴുവൻ കടുത്ത് സാമ്പത്തിക പ്രതിസന്ധിയിലൂടെ

കടന്നുപോകുകയാണ്. അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ വികസിതരാജ്യങ്ങൾപോലും വലിയ സാമ്പത്തിക തകർച്ചയെ അഭിമുഖീകരിക്കുകയാണ്. നമ്മെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരുന്ന ഇംഗ്ലണ്ട്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തികപ്രതിസന്ധി അവിടെനിന്നുള്ള ടിിന്നിംഗ് ഗ്രാന്റ് നിലയ്ക്കുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നമുക്കുചുറ്റുമുള്ള പാവപ്പെട്ടവരെ സഹായിക്കുവാൻ നാം ഇവിടെ നിന്നുതന്നെ ധനസമാഹരണം നടത്തേണ്ടിയിരിക്കുന്നു. നോമ്പുകാലത്ത് നമ്മുടെ പരിത്യാഗങ്ങൾ വഴി ലഭിക്കുന്ന പണംനമ്മുടെ ചുറ്റുമുള്ള ദരിദ്രർക്ക് ഭക്ഷണമായി രോഗികൾക്ക് മരുന്നായി മാറട്ടെ. ഓരോ വിൻസെൻഷ്യനും അവന്റെ സമയവും സമ്പത്തും മറ്റുള്ളവർക്കായിപങ്കുവയ്ക്കുന്നവരാകണം. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലൂടെ നാളിതുവരെയും ഓരോ വിൻസെൻഷ്യനും എന്തുചെയ്തുവെന്ന് ഇത്തരുണത്തിൽ ആത്മശോധന ചെയ്യുന്നത് ഉത്തമമായിരിക്കും. ഇത് മറ്റാരുടെ മുന്നിലും കണക്കുകളായി അവതരിപ്പിക്കുവാനല്ല, പ്രത്യുത ദൈവ സന്നിധിയിൽ ബോധിപ്പിക്കുവാനുള്ള കണക്കുകളാണ്. നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക (മിക്ക. 6.8) എന്ന പ്രവാചകശബ്ദം എപ്പോഴും നമ്മുടെ മനോമുകുരത്തിൽ ഉണ്ടായിരിക്കണം.

എല്ലാവർക്കും ദൈവപുത്രന്റെ തിരുപ്പിറവിയുടെ ആശംസകൾ.

**സി.സി. ബോർഡ് അംഗങ്ങളുടെ ഫോൺ നമ്പറുകൾ**

റവ. ഫാ.ജോജോ കുടക്കച്ചിറ
(ആത്മീയഉപദേഷ്ടാവ്) 8589826522
ബ്രദർ ബാബു നമ്പുടാകം (പ്രസിഡന്റ്)
9447235759.8606385759
ബ്രദർ തങ്കച്ചൻ മേപ്പാടത്ത് (സഹരക്ഷാധികാരി) 994743385
ബ്രദർ ജിൽസ്. എം. മേക്കൽ (സഹരക്ഷാധികാരി) 9447170344
ബ്രദർ ജോണി പാറ്റാനി (സീനിയർ വൈ.പ്രസി.) 9895661187
സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ (വൈ.പ്രസി) 9846758928
ബ്രദർ ജോസ് തുരുത്തിപ്പാറ (വൈ.പ്രസി.) 9495324323

ബ്രദർ കെ.പി.ജോൺ (ജന.സെക്ര.) 9526602262
ബ്രദർ മാത്യു പുതുപ്പറമ്പിൽ (സെക്രട്ടറി) 9946717020
ബ്രദർ വിൻസെൻറ് റാത്തപ്പള്ളിൽ (ട്രഷറർ) 9495532042
ബ്രദർ രാജു വലിയാറ (പ്രോജക്ട്സ് മാനേജർ) 7012038578
ബ്രദർ ബെന്നി മാങ്കോട്ട് (യൂത്ത് കോ-ഓർഡിനേറ്റർ) 9747336503
ബ്രദർ ഷിന്റോ നാമറ്റത്തിൽ (ട്രിന്നിംഗ് ഓഫീസർ) 9048377049
സി. വത്സമ്മ പീറ്റർ ഇളയച്ചാനി (വനിത പ്രതിനിധി) 9487344234

**സി.സി.യോഗം**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നവംബർ 12ന് ദ്വാരക പാസ്റ്ററൽ സെന്ററിലെ സി.സി. ഓഫീസിൽ ചേർന്നു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. ജന. സെക്രട്ടറി ബ്രദർ കെ. പി. ജോൺ പ്രവർത്തന റിപ്പോർട്ടും, സി. സി. ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളിൽ വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സി.സി. സീനിയർ വൈ. പ്രസി. ബ്രദർ ജോണി പാറ്റാനി സന്ദേശം നല്കി. മാനന്തവാടി രൂപതാ സഹായ മെത്രാൻ അലക്സ് താരമംഗലം പിതാവിന്റെ സഹോദരൻ, സഹോദര പുത്രൻ എന്നിവരുടെ അകാല വേർപാടിൽ യോഗം അനുശോചിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. പ്രാദേശികതലത്തിൽ കോൺഫ്രൻസുകൾ കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും അതാത് കോൺഫ്രൻസുകൾക്കു കീഴിലെ പാവപ്പെട്ടവരെയും രോഗികളെയും കണ്ടെത്തി സഹായങ്ങൾ എത്തിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുവാനും തീരുമാനിച്ചു. സംഘടനാപ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി സംഘടനയിലേക്ക് ഒരംഗം ഒരംഗത്തെക്കൂടി എന്ന മുദ്രവാക്യമുയർത്തി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. അടുത്ത ഒരു വർഷത്തിനുള്ളിൽ സംഘടനയിലെ അംഗങ്ങളുടെ എണ്ണം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ കൂട്ടായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. സംഘടനാപ്രവർത്തനം കോൺഫ്രൻസുകൾ മുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി ഓരോ എ.സി. പ്രസിഡന്റുമാരെ സഹായിക്കുവാ

നായി ഓരോ സി.സി. ബോർഡ് അംഗങ്ങളെ ചുമതലപ്പെടുത്തി. അതാത് എ.സി. യോഗങ്ങളിൽ അതാത് എ.സികളിലേക്ക് ചുമതലപ്പെടുത്തിയിരിക്കുന്ന സി.സി. ബോർഡ് അംഗങ്ങളെക്കൂടി പങ്കെടുപ്പിക്കുവാൻ എ.സി. ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ചുമതലപ്പെടുത്തിയ സി.സി. ബോർഡ് അംഗങ്ങൾ, അവരുടെ ചുമതലയിലുള്ള എ.സി.കൾ എന്നിവ യാഥാക്രമം ചുവടെ ചേർക്കുന്നു.

ബ്രദർ ജോസ് തുരുത്തിപ്പാറ നിലമ്പൂർ, മണിമൂളി ബ്രദർ റോയ് ലൂയീസ് ഗൂഡല്ലൂർ, ബ്രദർ വിൻസെന്റ് റാത്തപ്പള്ളി, ബത്തേരി, ബ്രദർ കെ.പി ജോൺ വാഴവറ്റ, ബ്രദർ ജോണി പാറ്റാനി കല്പ്പറ്റ, ചുണ്ടക്കര. ബ്രദർ തങ്കച്ചൻ മേപ്പാടത്ത് കുറുമ്പാല, തോണിച്ചാൽ, ബ്രദർ രാജു വലിയാറ കല്ലോടി, പയ്യംപള്ളി ബ്രദർ ജിൽസ് എം. മേക്കൽ കൊട്ടിയൂർ, മാനന്തവാടി. ബ്രദർ ബെന്നി മാങ്കോട്ട് പാടിച്ചിറ, നടവയൽ സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ തരിയോട്, ബ്രദർ ബാബു നമ്പുടാകം പുൽപ്പള്ളി

**2023 മെമ്പർഷിപ്പ് കാമ്പൈൻ വർഷം**

2023 വർഷം സി.സി. മെമ്പർഷിപ്പ് കാമ്പൈൻ വർഷമായി ആചരിക്കുകയാണ്. കോൺഫ്രൻസുകൾ ഇല്ലാത്ത ഇടവകകളിൽ അതാത് ഇടവകകളിലെ ബഹു. വികാരിയച്ചന്മാരുമായി സഹകരിച്ച് കോൺഫ്രൻസുകൾ രൂപീകരിക്കുകയാണ് ഇതിന്റെ ആദ്യഘട്ടം. ഇതോടൊപ്പം ഒരംഗം ഒരംഗത്തെക്കൂടി എന്ന മുദ്രാവാക്യമുയർത്തി നിലവിലുള്ള എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും ഓരോരുത്തരെക്കൂടി തങ്ങളുടെ കോൺഫ്രൻസുകളിൽ അംഗമായി ചേർക്കുകയെന്നതാണ് ഈ അവസരത്തിൽ ചെയ്യേണ്ടത്. ഇക്കാര്യങ്ങളിൽ കോൺഫ്രൻസ് പ്രസിഡണ്ടുമാർ, എ.സി. ഭാരവാഹികൾ, എ.സി. പ്രസിഡണ്ടുമാരെ സഹായിക്കുവാൻ നിയമിതരായിരിക്കുന്ന സി.സി. ബോർഡ് അംഗങ്ങൾ എന്നിവർ സജീവ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓരോ മാസവും എ.സി, സി.സി. തലത്തിൽ ഇതിന്റെ അവലോകനവും ഉണ്ടായിരിക്കുന്നതാണ്.

**എ.സി.സംഗമം**

കുറുമ്പാല എ.സി. തല സംഗമം പുതുശ്ശേരികടവ് ക്രിസ്തു രാജ ദൈവാലയ ഓഡിറ്റോറിയത്തിൽ നടന്നു. എ.സി. പ്രസി. ബ്രദർ രാജു വലിയാറ അധ്യക്ഷം വഹിച്ചു. കോൺഫ്രൻസ് ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. പോൾ എടയകൊണ്ടാട്ട് ഉദ്ഘാടനം ചെയ്തു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ മുഖ്യസന്ദേശം നല്കി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം, സീനിയർ വൈ. പ്രസി. ബ്രദർ ജോണി പാറ്റാനി, സഹരക്ഷാധികാരിമാരായ ബ്ര. ജിൽസ് എം. മേക്കൻ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, വൈ. പ്രസി. സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. സി. സി. ഭാരവാഹികൾക്ക് സ്വീകരണം നല്കി.

**കോൺഫ്രൻസ് വാർത്തകൾ**

കല്പ്പറ്റ എ.സി.യുടെ കീഴിലുള്ള നത്തംകുനി കോൺഫ്രൻസിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. എ. സി ജനറൽ സെക്രട്ടറി ബ്രദർ ജൂഡി കൊരണ്ടിയാർകുന്നേൽ തെരഞ്ഞെടുപ്പിന് നേതൃത്വം നല്കി. ഭാരവാഹികൾ ബ്ര.ബേബി തോമസ് മണലോത്ത് (പ്രസി.), ബ്ര. ജോർജ്ജ്കുട്ടി ഇലവുനിൽക്കുംതടത്തിൽ (സെക്ര.), ബ്ര.രാജു മണലോത്ത് (ട്രഷറർ).

എല്ലാവർക്കും ക്രിസ്മസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

പ്രാർത്ഥനാശംസകളോടെ,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി.സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്ര. ബാബു നമ്പുടാകം**

(സി.സി. പ്രസിഡണ്ട്)

# സാമൂഹ്യ സേവനരംഗം (WSSS)

**സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന കെ.എഫ്.ഡബ്ല്യു പ്രൊജക്ടിന്റെ പുരോഗതി വിലയിരുത്തുന്നതിന് നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. വിവിധ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കിയ അസിസ്റ്റന്റ് ജനറൽ മാനേജർ നീർത്തട സമൂഹവുമായി സംവദിക്കുകയുണ്ടായി. നീർത്തട കമ്മിറ്റി മീറ്റിംഗിൽ പങ്കെടുക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്ത അസിസ്റ്റന്റ് ജനറൽ മാനേജർ നീർത്തടത്തിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി.

**ജിയോ ടാഗ് രേഖപ്പെടുത്തൽ**

നബാർഡ് നീർത്തട വികസന പരിപാടിയുടെ ഭാഗമായി ജിയോ ടാഗ് ചെയ്യുന്ന പദ്ധതി പ്രവർത്തനങ്ങൾ 02 നീർത്തടങ്ങളിലും പുരോഗമിക്കുന്നു. ഭുവൻ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ജിയോ ടാഗ് രേഖപ്പെടുത്തൽ നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർമാരായ ദീപു ജോസഫ്, ബിജു കെ. ജെ എന്നിവർ നേതൃത്വം നൽകുന്നു.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**
**(ശനിയാഴ്ച്ച ദിവസങ്ങളിൽ)**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ്പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU - GKY പദ്ധതിയിൽ ബ്യൂട്ടീഷൻ കോഴ്സ് വിജയകരമായി പൂർത്തിയാക്കുകയും എല്ലാവരും പരിശീലനത്തിനായി വിവിധ ബ്യൂട്ടീപാർലറുകളിൽ ജോയിൽ ചെയ്യുകയും ചെയ്തു. അതുപോലെ വിജയകരമായി പഠനം പൂർത്തിയാക്കിയ എല്ലാവരുടെയും പരീക്ഷ നടത്തി. കൂടാതെ മാനന്തവാടി സെന്ററിൽ ഫുഡ് പ്രൊസസിംഗ് ആൻഡ് പ്രിസർവേഷൻ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നു. SC/ST/ MINORITY വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി 25 സീറ്റുകളാണ് ലഭ്യമായിട്ടുള്ളത്. തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും സൗജന്യമായി നൽകുന്നു. 156 പേർ പഠന പരിശീലനം പൂർത്തിയാക്കിയ ഈ ബാച്ചിൽ 152 ഓളം പേർക്ക് ജോലി നൽകുവാനും സാധിച്ചു. ഇതിൽ 87 ആളുകൾ 03 മാസത്തിന് മുകളിലായി ജോലി ചെയ്തുവരുന്നു.

ഇതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000, 2000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. 2023 മാർച്ച് വരെയുള്ള എല്ലാ ബാച്ചുകളിലേക്കും അഡ്മിഷൻ പൂർത്തിയായി കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9526476596 എന്ന നമ്പറിലോ WSSSന്റെ ഓഫീസുമായോ ബന്ധപ്പെടുക.

### സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാൻ കുടുംബ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി നീങ്ങുന്നു. കുടുംബങ്ങളെ 10 ക്ലസ്റ്ററുകളായി തിരിച്ച് വാർഷിക വരുമാന പദ്ധതി രൂപീകരണത്തെ സംബന്ധിച്ച് ക്ലാസുകൾ നടത്തി. ക്ലാസ്സുകൾക്ക് രൂപതാ കോ-ഓർഡിനേറ്റർ സി. അനിലിറ്റ് നേതൃത്വം നൽകി. സേവ് എ ഫാമിലി ഇന്ത്യാ ഓഫീസ് എറണാകുളത്തു വച്ചു നടന്ന കോ-ഓർഡിനേ

റ്റേഴ്സിന്റെ മീറ്റിംഗിലും ട്രെയിനിംഗിലും സി. അനിലിറ്റ് പങ്കെടുത്തു. ഈ പദ്ധതിയിൽ പുതിയതായി 30 കുടുംബങ്ങൾക്ക് കൂടി അംഗത്വം നൽകുന്നതിന് അവസരമുണ്ട്. അർഹരായവരുടെ പേരു വിവരം WSSS ഓഫീസിൽ നൽകി സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ അംഗ പരിമിതരായ കുട്ടികൾക്ക് വിനോദയാത്രയും തുടർപരിശീലനവും നടത്തി. സുൽത്താൻ ബത്തേരി നിർമ്മൽ ജ്യോതി ഭവനിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ 2-ാം ഘട്ട തുടർപരിശീലനം 26-10-2022 ന് നടത്തി. WSSS അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സി. ജെസ്സി മാങ്കോട്ടിൽ സ്വാഗതം ആശംസിച്ചു. സി. ടീന പരിശീലനത്തിന് നേതൃത്വം നൽകി. 25 കുട്ടികൾ പങ്കെടുത്തു. തുടർന്ന് കാരാപ്പുഴ ഡാം സന്ദർശിച്ചു. 25 കുട്ടികളും 8 മുതിർന്നവരും അടക്കം 33 പേർ പങ്കെടുത്തു. വാഹനത്തിലും പിക്നിക് സ്ഥലത്തുമായി കുട്ടികൾക്ക് ഉല്ലാസം പകരുന്ന വിവിധ ഗെയിമുകൾ നടത്തി. ഫാ. ജിനോജ് പാലത്തടത്തിൽ, സി. മേബിൾ, സി. ജെസ്സി, സി.ടീന, സഹാ കോഡിനേറ്റർ മിനി എന്നിവർ നേതൃത്വം നൽകി.

**ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്**

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ 27-10-2022 ന് WSSS ഓഡിറ്റോറിയത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിമുക്തി താലൂക്ക് തല കോഡിനേറ്റർ ആയ സിവിൽ എക്സൈസ് ഓഫീസർ വിജേഷ് കുമാർ ക്ലാസ്സെടുത്തു. ലഹരി ഉപയോഗിക്കുന്നതിന്റെ ലക്ഷണങ്ങൾ, ദൂഷ്യവശങ്ങൾ, അധ്യാപകർ/രക്ഷിതാക്കൾ ചെയ്യേണ്ടത്, ഇതിന് എതിരെയുള്ള നിയമങ്ങൾ എന്നിവയെകുറിച്ച് പരാമർശിച്ചു. ക്ഷേമനിധി ബോർഡ് അംഗങ്ങളായ ശ്രീ. ഉസ്മാൻ, ശ്രീ.വിനോദ്, ശ്രീ. ശ്രീജേഷ്, ശ്രീമതി വിനീത, ശ്രീമതി സജിത എന്നിവർ പങ്കെടുത്തു. സെമിനാറിൽ 60 ക്ഷേമനിധി അംഗങ്ങൾ പങ്കെടുത്തു. KLM കോഡിനേറ്റർ മിനി നേതൃത്വം നൽകി.

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

**SWS തലത്തിൽ നടത്തിയ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാർ**

തവിഞ്ഞാൽ SWS യൂണിറ്റിലെ അംഗങ്ങൾക്കായി നടത്തിയ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറിൽ തലപ്പുഴ പോലീസ് സ്റ്റേഷൻ ASI സാദിർ സാർ ക്ലാസെടുത്തു. യൂണിറ്റ് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, സെക്രട്ടറി മേരി ജോസഫ് എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

കല്ലോടി യൂണിറ്റിൽ നടത്തിയ ലഹരി വിരുദ്ധ ബോധവത് ക്കരണ സെമിനാറിൽ കല്ലോടി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബിനു മൂലേപ്പറമ്പിൽ ക്ലാസെടുത്തു. കുട്ടികളിൽ വളർന്നു വരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും ശാരീരിക മാനസിക പ്രശ്നങ്ങളെ കുറിച്ചും ക്ലാസിൽ വിശദീകരിച്ചു. യൂണിറ്റ് പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ചു. വത്സ, ജെസി എന്നിവർ നേതൃത്വം നൽകി.

ഒണ്ടയങ്ങാടി SWSൽ നടത്തിയ ലഹരി വിരുദ്ധ ബോധവത് ക്കരണ സെമിനാറിൽ റീജിയണൽ കോഡിനേറ്റർ ആലീസ് സിസിൽ ക്ലാസെടുത്തു. കുട്ടികളുടെ ലഹരി ഉപയോഗം കുറക്കുന്നതിൽ മാതാപിതാക്കളുടെ പങ്കിനെ കുറിച്ച് ക്ലാസിൽ വിശദീകരിച്ചു. യൂണിറ്റ് പ്രസിഡണ്ട് റീന കൂട്ടുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രമണി ഷിജു നന്ദി പറഞ്ഞു.

പയ്യമ്പള്ളി SWS യോഗത്തിൽ സ്നേഹിതയുടെ കോഡിനേറ്റർ ശ്രീമതി. സിമി ലഹരിയുടെ ദുരുപയോഗത്തെ കുറിച്ച് ക്ലാസെടുത്തു. റീയിയണൽ കോഡിനേറ്റർ ആലീസ് സിസിൽ യോഗത്തിന് നേതൃത്വം നൽകി.

കണിയാരം SWS യൂണിറ്റ് മീറ്റിംഗിൽ യൂണിറ്റ് ഡയറക്ടർ റവ ഫാ. സണ്ണി മഠത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. ജോയി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസെടുത്തു. മേരി ജോസഫ്, സാൽവി ചാക്കോ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**മസാലപ്പൊടി നിർമ്മാണ പരിശീലനം**

കാരക്കാമല SWS ൽ അംഗങ്ങൾക്കായി നടത്തിയ മസാലപ്പൊടി നിർമ്മാണ പരിശീലനം കോഡിനേറ്റർ സുജ മാത്യുവും യവനാർകുളം യൂണിറ്റ് അംഗങ്ങൾക്കായി നടത്തിയ പരിശീലനത്തിന് റീജിയണൽ കോഡിനേറ്റർ ഷീന ആന്റണിയും

നേതൃത്വം കൊടുത്തു. മായം കലരാത്ത കറിപൗഡറുകൾ സ്വന്ത മായി ഉണ്ടാക്കി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പ്രസ്തുത പരിശീലനത്തിലൂടെ ചിക്കൻ മസാല, മീറ്റ് മസാല, ഫിഷ് മസാല, സാമ്പാർപ്പൊടി, മസാല കാപ്പി എന്നീ പൗഡറു കൾ ഉണ്ടാക്കുവാൻ പരിശീലനം നൽകി.

**വാർഷിക ആഘോഷം നടത്തി**

പാടിച്ചിറ SWS ന്റെ വാർഷികം WSSS എക്സിക്യൂട്ടീവ് ഡയ റക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയ റക്ടർ റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജോയിന്റ് ഡയറക്ടർ സി. ലൂസി CMC, റീജിയണൽ കോഡിനേറ്റർ സുജ മാത്യു, എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രസ്തുത യോഗത്തിൽ വച്ച് SSLC, +2 പരീക്ഷകളിൽ ഫുൾ A+ നേടിയവർക്ക് ക്യാഷ് പ്രൈസ് നൽകി ആദരിച്ചു. യൂണിറ്റ് സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. CDO ഷീന മൈക്കിൾ സ്വാഗതവും പ്രസിഡണ്ട് ലില്ലി തോമസ് നന്ദിയും പറഞ്ഞു.

**ആട് വിതരണം**

പ്രളയകാലത്ത് കുടുംബങ്ങൾക്ക് കൈതാങ്ങായി WSSS ലൂടെ നൽകിയ ആടുകളിൽ നിന്നും ആദ്യ പെൺകുഞ്ഞിനെ അർഹരായ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതിയിൽ കമ്മന യൂണിറ്റിൽ ആട് വിതരണം നടത്തി.

**ആശാകിരണം**

ആശാകിരണം പദ്ധതിയുടെ ഭാഗമായി WSSS ൽ തുറന്നു പ്രവർത്തിക്കുന്ന ഡ്രസ്സ് ബാങ്കിലേക്ക് നടവയൽ, കബനിഗിരി എന്നീ യൂണിറ്റുകളിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് നൽകി

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഈ സാമ്പത്തിക വർഷം 1250 കുടുംബങ്ങൾ അംഗത്വമെടുത്തു. ഇതുവരെയുള്ള ക്ലെയിമുകളിൽ നിന്നായി 536456 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി അംഗങ്ങൾക്ക് ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

## ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീട നാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസ പദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

### കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. 7600 കർഷകരാണ് വിവിധ മീറ്റിങ്ങുകളിലായി 24 പഞ്ചായത്തുകളിലായി പങ്കെടുത്തത്. പങ്കെടുത്ത മുഴുവൻ കർഷകർക്കും നിലവിലെ ഫാം ഡയറിയുടെ

കാലാവധി കഴിഞ്ഞതിനാൽ പുതിയ ഫാം ഡയറികൾ നൽകുകയും ചെയ്തു.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

WSSS തവിഞ്ഞാൽ, WSSS മീനങ്ങാടി, WSSS പുൽപള്ളി, WSSS പനമരം എന്നീ 04 ICS കളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്പ് (ISCOP) നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ മേജർ. വെങ്കിടേഷ്, ശ്രീ. ഗാന്ധി കനകസഭ, ശ്രീ. മിഥുൻ, ശ്രീ. രാഘവൻ, കുമാരി. ശരണ്യ, ശ്രീ. അഭിനാഷ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു**

ഒക്ടോബർ മാസം പുൽപള്ളി, വൈത്തിരി, പനമരം, തൊണ്ടർനാട്, വെള്ളമുണ്ട, വെങ്ങപ്പള്ളി, അമ്പലവയൽ പഞ്ചായത്തുകളിലായി ഏഴ് സെമിനാറുകൾ സംഘടിപ്പിച്ചു. സുജ ജോയ്, ജിൻസി, ആൻ ജോൺ, പ്രജിത്ത, ജോസ്, എൽദോ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറുകളിൽ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. നിതിൻ പാലക്കാട്ട്, പുർച്ചസ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. ജോബി എന്നിവർ പങ്കെടുക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

ബയോ മുള്ളൻകൊല്ലി, WSSS ഇടവക, WSSS തവിഞ്ഞാൽ, WSSS 02 എന്നീ 04 ICS കളിലും ബയോവിൻ, കഫേ, വോഫാ എന്നീ ട്രേഡുകളിലുമായി പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ ഇക്കോ സെർട്ടിൽ നിന്നുള്ള NOP ഓഡിറ്റ്, ICS കോർഡിനേറ്റർ ശ്രീ. ജോബി, ഡോക്യുമെന്റേഷൻ ഓഫീസർ രമ്യ എന്നിവരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ ശ്രീ. ഭൂപതി മണികണ്ഠൻ, ശ്രീ. നിഖിൽ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**മോഡൽ ഫാം പ്രോജക്ട്**

നാപ് ന്റെ നേതൃത്വത്തിൽ കാപ്പി കർഷകർക്കായി നടത്തപ്പെടുന്ന 'കോഫി ഡവലപ്മെന്റ് പ്ലാൻ' പ്രോജക്ടിലേക്ക് കഫേയെ തെരഞ്ഞെടുക്കുകയും, പ്രോജക്ടിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ബോയ്സ് ടൗൺ കേന്ദ്രീകരിച്ച ആരംഭിക്കുകയും ചെയ്തു.

**കോഫി ഫോറം മീറ്റ്**

ഒക്ടോബർ മാസം 17 , 18 തീയ്യതികളിലായി ഇന്തോനേഷ്യയിലെ ബാലിയിൽ വച്ച് നടന്ന പ്രൊഡ്യൂസേഴ്സ് കോഫീ ഫോറം യോഗത്തിൽ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ എന്നിവർ പങ്കെടുത്തു.

**മാർക്കറ്റിങ്**

ഒക്ടോബർ മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഒക്ടോബർ മാസം, 77507 കിലോ നാളികേരം 35 രൂപ നിരക്കിലും, 2474 കിലോ കുരുമുളക് 550 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഒക്ടോബർ മാസത്തിലും, നാളികേരം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**റേഡിയോ സെറ്റ് വിതരണം - കാനറാ ബാങ്ക് സഹായം**

കാനറാ ബാങ്ക് 117-ാമത് ഫൗണ്ടേഴ്സ് ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ആക്റ്റിവിറ്റി പ്രോഗ്രാമിനോടനുബന്ധിച്ച് റേഡിയോ മാറ്റൊലിക്ക് നൽകുന്ന 150 റേഡിയോ സെറ്റുകളുടെ വിതരണോദ്ഘാടനം നവംബർ 18 ന് നടത്തി. കാനറാബാങ്ക് എ.ജി.എം വി.സി സത്യപാൽ വിതരണോദ്ഘാടനം നിർവ്വഹിച്ചു. ജില്ല ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ, നല്ലൂർനാട് കാനറാ ബാങ്ക് മാനേജർ അനുരാഗ് ഭാർഗ്ഗവ, മാറ്റൊലിക്കൂട്ടം അംഗങ്ങൾ, വോളണ്ടിയേഴ്സ്, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**വയനാട് ഡിജിറ്റലിലേക്ക് - പ്രോഗ്രാം അവലോകനം**

വയനാട് ഡിജിറ്റലിലേക്ക് എന്ന പ്രോഗ്രം പ്രക്ഷേപണം പൂർത്തിയായതിന്റെ ഭാഗമായി നബാർഡിന്റെ നേതൃത്വത്തിൽ പ്രോജക്ട് അവലോകന യോഗം നടത്തി. നവംബർ 17 ന് റേഡിയോ മാറ്റൊലി ഓഫീസിൽ വെച്ച് നടന്ന അവലോകന യോഗത്തിൽ നബാർഡ് ഡിസ്ട്രിക്ട് ജനറൽ മാനേജർ ജിഷ വി, ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ, സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി എന്നിവർ പങ്കെടുത്തു.

**സന്ദർശനം**

ജില്ലാ കളക്ടർ എ. ഗീത ഐ.എ.എസ് ഒക്ടോബർ 27 നും ജില്ലാ സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുമായ ഉബൈദുള്ള സി. ഒക്ടോബർ 29 നും മാറ്റൊലി സന്ദർശിച്ചു.

**സൗജന്യനേത്ര പരിശോധനക്യാമ്പ്, ലഹരിപ്രതിരോധ ബോധവത്കരണ ക്യാമ്പ്**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടേയും മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റേയും സംയുക്താഭിമുഖ്യത്തിൽ വെള്ളമുണ്ട മംഗലശ്ശേരിമല എൽ.പി സ്കൂളിൽ വെച്ച്

നവംബർ 4 ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ സൗജന്യ നേത്ര പരിശോധന ക്യാമ്പ്, ലഹരി പ്രതിരോധ ബോധവത്കരണ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. തുടർന്ന് വിവിധ റേഡിയോ പ്രോഗ്രാമുകളുടെ റെക്കോർഡിംഗും നടന്നു.

**ലഹരി വിരുദ്ധ സന്ദേശയാത്ര**

മാനന്തവാടി എക്സൈസ് റേഞ്ച് ഓഫീസിന്റെയും ദ്വാരക റേഡിയോ മാറ്റൊലിയുടേയും ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിന്റേയും ആഭിമുഖ്യത്തിൽ ഒക്ടോബർ 28 ന് ലഹരി വിരുദ്ധ സന്ദേശ ഫ്ളാഷ് മോബും ലഹരി വിരുദ്ധ ക്വിസ് മത്സരവും സംഘടിപ്പിച്ചു. മാനന്തവാടി, ദ്വാരക, നാലാം മൈൽ എന്നിവിടങ്ങളിൽ അവതരിപ്പിച്ച പരിപാടിയിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് ഡിപിൻ അഗസ്റ്റിൻ, റെനീഷ് ആര്യപ്പിള്ളിൽ, ബാസിൽ തേവർക്കുന്നേൽ, പ്രജിഷ രാജേഷ് എന്നിവർ പങ്കെടുത്തു.

**പ്രാദേശിക മാധ്യമ ശില്പശാല**

കേന്ദ്ര വാർത്താപ്രക്ഷേപണ മന്ത്രാലയത്തിന്റെ കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ ബത്തേരിയിൽ വെച്ച് ഒക്ടോബർ 27 ന് പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച ശില്പശാലയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളിൽ പങ്കെടുക്കുകയും കമ്മ്യൂണിറ്റി റേഡിയോയെക്കുറിച്ചും പ്രവർത്തനങ്ങളേക്കുറിച്ചും സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തേക്കുറിച്ചും വിഷയാവതരണം നടത്തി. റെനീഷ് ആര്യപ്പിള്ളിൽ സെമിനാറിൽ സംബന്ധിച്ചു.

**ശിശുദിനം**

ശിശുദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി പ്രോഗ്രാമുകൾ കുട്ടികളുടെ നേതൃത്വത്തിൽ അവതരിപ്പിച്ചു. ദ്വാരക എ.യു. പി സ്കൂൾ വിദ്യാർത്ഥികളായ സാനിയ സാനു, ഷെസ മെഹറിൻ, അന്ന മരിയ റെജി, അലൻ ഷിജു, നാജിയ ഫാത്തിമ, മാളവിക എസ്, അന്ന ക്രിസ്റ്റിന എന്നീ കുട്ടികളാണ് അവതാരകരായി എത്തിയത്. പത്രശബ്ദം, ചുറ്റുവട്ടം, മാറ്റൊലി ഫ്ളാഷ്, ശിശുദിനവുമായി ബന്ധപ്പെട്ട നുറുങ്ങുകൾ ആശംസകൾ എന്നിവയാണ് അവതരിപ്പിച്ചത്. ദ്വാരക എ.യു.പി സ്കൂൾ അധ്യാപകരായ സിസ്റ്റർ ബിജി പോൾ, ഷെല്ലി ജോസ് എന്നിവർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

നവം. 17 ന് ദ്വാരക എ.യു.പി സ്കൂൾ അസംബ്ളിയിൽ വെച്ച് ശിശുദിനത്തിന് പരിപാടികൾ അവതരിപ്പിച്ച കുട്ടികൾക്ക് സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി സമ്മാനങ്ങൾ വിതരണം ചെയ്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഡിജിറ്റലാകാം ജാഗ്രതയോടെ – ഡിജിറ്റൽ ബാങ്കിംഗ് അറിയേതെല്ലാം ഒക്ടോബർ 21 ന് ഡിജിറ്റൽ ബാങ്കിംഗ് അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി ബ്ലോക്ക് സാമ്പത്തിക സാക്ഷരതാ കൗൺസിലർ ജിലി ജോർജ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**നിയമം നൽകുന്ന അവകാശങ്ങൾ**

നിയമ പരിരക്ഷയെക്കുറിച്ചുള്ള പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. നവം. 03 ന് നടത്തിയ പരിപാടിയിൽ ജില്ലാ സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ ഉബൈദുള്ള സി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**പ്രമേഹം – കോവിഡിനു മുൻപും പിൻപും**

പ്രമേഹം കോവിഡിനു മുൻപും പിൻപും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ബത്തേരി വിസ്മയ ഡയബെറ്റീസ് സെന്ററിലെ ഡോ. ശ്രീനിവാസൻ (Member RSSDI) ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്വം**

എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്വം എന്ന പ്രോഗ്രാമിന്റെ ഭാഗമായി പുതുശ്ശേരിക്കടവ് എടമുക്കോളനിയിൽ ഒക്ടോബർ 19 ന് ബോധവത്കരണ പരിപാടിയും ഗ്രാമമാറ്റൊലിയും സംഘടിപ്പിച്ചു.

**ടെക്നീഷ്യൻ (ട്രെയിനി)**

ബാസിൽ തേവർക്കുന്നേൽ ടെക്നീഷ്യൻ (ട്രെയിനി) ആയി ഒക്ടോബർ 25 ന് ജോയിൻ ചെയ്തു.

**പങ്കാളിത്തം**

സിക്കിൾസെൽ അനീമിയ, തലാസിമിയ രോഗികൾക്ക് ഫോർട്ടിഫൈഡ് അരി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പൊതുവിതരണവകു

പ്പിന്റെ നേതൃത്വത്തിൽ കല്പറ്റ ഓഷ്യൻ ഹോട്ടലിൽ ഒക്ടോബർ 26 ന് സംഘടിപ്പിച്ച ബോധവത്കരണ ശില്പശാലയിൽ റെനീഷ് ആര്യപ്പിള്ളിൽ പങ്കെടുത്തു.

കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന റേഡിയോ 90 എഫ്.എം നവംബർ 07 ന് സന്ദർശിക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു.

**കോളേജ് മാഗസിൻ പ്രകാശന കർമ്മം**

നവംബർ 11 ന് നടന്ന ദ്വാരക ഗുരുകുലം കോളേജ് കലാമേള ഒരുമ 2022 സാംസ്കാരിക സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ കോളേജ് മാഗസിൻ പ്രകാശന കർമ്മം സ്റ്റേഷൻ ഡയറക്ർ ഫാ. ബിജോ കറുകപ്പിള്ളി നിർവ്വഹിച്ചു.

**ഡിജിറ്റൽ അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ**

സ്മാർട്ടിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ വെച്ച് ഒക്ടോബർ 27,28 തിയ്യതികളിൽ നടന്ന ഡിജിറ്റൽ അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ എന്ന പ്രോഗ്രാമിന്റെ അവലോകന യോഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ പങ്കെടുത്തു.

**പഠന സന്ദർശനം**

വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ പ്രതിനിധികൾ റേഡിയോ മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിക്കുന്നതിനേക്കുറിച്ച് സംസാരിക്കുന്നതിനായി നവംബർ 4 ന് വന്നു.

വെള്ളമുണ്ട യുണൈറ്റഡ് കൾച്ചറൽ സെന്റർ ആൻഡ് ലൈബ്രറിയിലെ കുട്ടികൾ വിവിധ പ്രോഗ്രാമുകൾ അവതിരിപ്പിക്കുന്നതിനായി നവംബർ 5 ന് വന്നു.

ആലപ്പുഴ പാറ്റൂർ ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ 7 ാം സെമസ്റ്റർ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 11 ന് മാറ്റൊലി സന്ദർശിച്ചു.

മലപ്പുറം പരപ്പനങ്ങാടി SNM HSS ലെ 60 ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി നവംബർ 18 ന് മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

## LEDP Entrepreneurship -Training, Kayyunni

തമിഴ്നാട് നബാർഡ് ധനസഹായത്തോടെ NDS ഉം നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന സംരംഭകത്വ പരിശീലന പരിപാടി 17.09.2022 നു കയ്യൂന്നി യൂണിറ്റ് ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുരയുടെ അധ്യക്ഷതയിൽ NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ തിരി തെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ആടുവളർത്തൽ സംരംഭകത്വം, വിപണനം, രോഗപ്രതിരോധ നടപടികൾ എന്നീ വഷയങ്ങളിൽ കപ്പാല വെറ്റിനറി ഹോസ്പിറ്റൽ സർജൻ ഡോക്ടർ ശരണ്യ ക്ലാസുകൾ നയിച്ചു. ആട് വളർത്തൽ സംരംഭക്ത്വ പരിശീലനത്തിനായി കയ്യൂന്നി, പനംചിറ, പോത്തുകൊല്ലി, കാരകൊല്ലി, എരുമാട, അയ്യൻകൊല്ലി എന്നിവിടങ്ങളിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 37 വനിതകൾക്ക് ആയിട്ടാണ് ഈ പരിശീലനപരിപാടി നടത്തപ്പെട്ടത്.

അതോടൊപ്പം ആടുവളർത്തൽ പദ്ധതിയിൽ കുറഞ്ഞ പലിശ നിരക്കിൽ എങ്ങനെ ലോൺ സൗകര്യം നേടിയെടുക്കാം എന്ന വിഷയത്തിൽ എരുമാട് കാനറാ ബാങ്ക് മാനേജർ ശ്രീമതി. ലിയ ക്ലാസുകൾ നയിച്ചു. ആടുവളർത്തലുമായി ബന്ധപ്പെട്ടു രോഗ പ്രതിരോധത്തിനായി നമ്മുടെ ചുറ്റിലുമുള്ള പച്ചമരുന്നുകൾ എങ്ങനെ പ്രായോഗികമായി ഉപയോഗപ്പെടുത്താം എന്ന വിഷയത്തിൽ സിസ്റ്റർ ജ്യോതി SKD ക്ലാസ് നയിച്ചു. ഇന്നത്തെ കാല ഘട്ടത്തിൽ സമൂഹത്തിൽ വനിതകൾ എങ്ങനെ സംരംഭത്തിലൂടെ

വിജയിക്കാം എന്ന വിഷയത്തിൽ ഫാദർ അനൂപ് കൊല്ലംകുന്നേൽ ക്ലാസുകൾ നയിച്ചു. സംരംഭത്തിന് ഇറങ്ങിത്തിരിക്കുന്ന വനിതാ സംരംഭകരുടെ സമൂഹവുമായുള്ള ഇടപെടൽ/ആശയവിനിമയം, പെരുമാറ്റം എന്ന വിഷയത്തിൽ മാസ്റ്റർ ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ ക്ലാസുകൾ നയിച്ചു. വളർത്തുമൃഗങ്ങളിൽ നിന്നും ആളുകൾക്കു പെട്ടെന്ന് വന്നേക്കാവുന്ന രോഗങ്ങൾ അതിനുള്ള പ്രതിവിധികൾ എന്ന വിഷയത്തിൽ കപ്പാല FHC ഹെഡ് നഴ്സ് ശ്രീമതി. രേണുക ക്ലാസുകൾ നൽകി.

പരിശീലന പരിപാടികൾ സമാപനസമ്മേളനം 27.09.2022 നു തമിഴ് തായ്‌വാഴ്തോടു കൂടി കയ്യൂന്നി യൂണിറ്റ് ഡയറക്ടർ. ഫാ. വിൻസെന്റ് കളപ്പുരയിൽ അധ്യക്ഷതയിൽ NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ, നബാർഡ് AGM ശ്രീ. തിരുമല റാവു, ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ (DIC) മാനേജർ ശ്രീ. ഷണ്മുഖ ശിവ, എന്നിവരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പത്ത് ദിവസത്തെ സംരംഭകത്വ പരിശീലനം പൂർത്തിയാക്കിയ 37 വനിതാ സംരംഭകർ പരിപാടിയുടെ സമാപന സമ്മേളനത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു പങ്കെടുത്തു.

നബാർഡ് AGM ശ്രീ. തിരുമല റാവു, ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ (DIC) മാനേജർ ശ്രീ. ഷണ്മുഖ ശിവ, എന്നിവർ ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്തു. പരിശീലന പരിപാടിയുടെ തുടർച്ച എന്നോണം വിജയകരമായി നടന്നു വരുന്ന ഫാമുകൾ സന്ദർശിച്ചു പഠിക്കുന്നതിനുള്ള EXPOSURE VISIT നടത്തപ്പെടുന്നതോടൊപ്പം വിവിധ ബാങ്കുകളിൽ നിന്ന് പ്രധാനമന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ (PMEGP) പദ്ധതി മൂലം പങ്കെടുത്ത എല്ലാവർക്കും ലോൺ സൗകര്യം ചെയ്തു തരുമെന്നും, NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ അറിയിച്ചു. ദേശീയ ഗാനത്തോടെ സമാപന സമ്മേളനം അവസാനിച്ചു.

### LEDP Entrepreneurship -Training, NDS ഓഡിറ്റോറിയം ഗൂഡല്ലൂർ

തമിഴ്നാട് നബാർഡ് ധനസഹായത്തോടെ NDS ഉം നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP 2 ദിവസത്തെ സംരംഭകത്വ പരിശീലന പരിപാടി NDS ഓഡിറ്റോറിയത്തിൽ

വെച്ചു നവംബർ മാസം 3, 4 തിയതികളിൽ നടത്തപ്പെട്ടു. കഴിഞ്ഞ മാസങ്ങളിൽ നടത്തപ്പെട്ട സംരംഭകത്വ പരിശീലന പരിപാടികളിൽ വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ വന്ന 50 ഓളം വനിതാ സംരംഭകരാണ് ഇതിൽ പങ്കെടുത്തത്. പരിപാടിയുടെ ഉൽഘാടനം NDS ഡയറക്ടർ ഫാ. ബിനോയ് കെ. സെബാസ്റ്റ്യൻ നിർവഹിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് വർഗീസ്, ട്രെനെർ ശ്രീ. ജൂഡ് മാർട്ടിൻ, പ്രൊജക്റ്റ് കോർഡിനേറ്റർ ശ്രീ.സുബിൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

NDS അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് വർഗ്ഗീസ്, ഓവാലി വെറ്ററിനറി വിഭാഗം സർജൻ ഡോ. നന്ദിനി, ഗൂഡല്ലൂർ അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലുള്ള വില്ലേജ് ഹെൽത്ത് നഴ്സസ് ശ്രീമതി. പ്രഭാവതി & ടീം, ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. 2 ദിവസത്തെ ട്രെയിനിങ് പ്രോഗ്രാമിന്റെ സമാപനത്തോടനുബന്ധിച്ചു PMEGP വഴി പങ്കെടുത്തവർക്ക് സബ്സിഡിയോട് കൂടിയ ലോണിനു അപേക്ഷിക്കുകയും ചെയ്തു.

**EXPOSURE VISIT, POOKODE**

NDS ഉം തമിഴ്നാട് നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP പദ്ധതിയുടെ ഭാഗമായി 10 ദിവസം നീണ്ടു നിന്ന ട്രെയിനിങ് പൂർത്തിയാക്കിയ വനിതാ സംരംഭകരെ വയനാട് പൂക്കോട്ടുള്ള കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെക് 19.10.2022 കൊണ്ടു പോവുകയുണ്ടായി. രാവിലെ 10 മണിക്ക് യൂണിവേഴ്സിറ്റിയിൽ എത്തിച്ചേർന്നു. ഔദ്യോഗിക മീറ്റിംഗ് 10.30 മണിക്ക് ആരംഭിച്ചു. യൂണിവേഴ്സിറ്റി EXTENTION വിഭാഗം ഡീൻ ശ്രീ. എം.കെ. നാരായണൻ സാർ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. ഡോ. ബിമൽ ബഷീർ (ഹെഡ്ഓഫ് ദി ഡിപ്പാർട്മെൻറ്) അസിസ്റ്റൻറ് പ്രൊഫെസ്സർ വെറ്ററിനറി EXTENTION വിഭാഗം ഏവർക്കും സ്വാഗതമാശംസിച്ചു. യൂണിവേഴ്സിറ്റി EXTENTION വിഭാഗം ഡീൻ ശ്രീ. എം. കെ. നാരായണൻ സാർ അധ്യക്ഷപ്രസംഗം നടത്തി. ശ്രീ.ജൂഡ് മാർട്ടിൻ (ട്രെയ്നർ ) NDS നെക്കുറിച്ചും, LEDP പദ്ധതിയെക്കുറിച്ചും വിശദീകരിച്ചു. ഡോ. ജോൺ എബ്രഹാം പ്രൊഫസർ & ഹെഡ് ഓഫ് DEPT. LPM (KVASU ) , ഡോ. ദീപക് മാത്യു ഹെഡ് ILFC (KVASU ), ഫാ.

സെന്തിൽ മുരുകൻ, ഹെഡ് യൂണിവേഴ്സിറ്റി GOAT ഫാം എന്നിവർ GOAT REARING ൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകി. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ശ്രീ.സുബിൻ ജോസ് ഫാം വിസിറ്റിനു ARRANGEMENTS ചെയ്തു തന്ന യൂണിവേഴ്സിറ്റി വെറ്റിനറി ഡിപ്പാർട്മെന്റിനും, അനിമൽ HUSBANDRY EXTENTION ഡിപ്പാർട് മെന്റിനും നന്ദി അറിയിച്ചു. ട്രെയിനിങ്ങിനു ശേഷം കർഷകർ യൂണിവേഴ്സിറ്റിയിലെ വിവിധ ഫാമുകൾ നേരിട്ട് സന്ദർശിച്ചു പരിശീലനം നേടി. 4 മണിയോട് കൂടി തിരിച്ചു.

## CHES CHETTALI SCIENTIST VISIT

കർണാടകയിലെ കുടകിലുള്ള Central Horticultural Experiment Station Chettalli (CHES CHETTALLI) യിലെ സയന്റിസ്റ്റ്മാരായ പ്രൊഫ. മധു, പ്രൊഫ. ദീക്ഷിത് എന്നിവർ NDS സന്ദർശിക്കുകയുണ്ടായി. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ ഇവരെ വരവേറ്റു. ഡിറക്ടറുടെ നിർദ്ദേശപ്രകാരം, അവകാഡോ ട്രെയിനിങ് പൂർത്തിയാക്കിയ കർഷകരുടെ കൃഷി സ്ഥലങ്ങൾ സംഘം നേരിട്ട് സന്ദർശിച്ചു വിലയിരുത്തി. ഇൻസെക്ടിസൈഡ് എഫ്ഫെക്ട് ആയ ശ്രീ. ബെന്നി തോമസ് എന്നയാളുടെ കൃഷയിടത്തെ അവക്കാഡോ മരം ഇവർ മുറിച്ചു പഠനത്തിനായി വിലത്തിരുത്തി. പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ശ്രീ സുബിൻ ജോസ്, ട്രെയ്നർ ശ്രീ. ജൂഡ് മാർട്ടിൻ എന്നിവർ ഈ സംഘത്തോടൊപ്പം ഉണ്ടായിരുന്നു. അവോക്കാഡോ മരം ഉണങ്ങുന്നതിനു കാരണമായ ഇൻസെക്ടുകളെ കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി നീലഗിരിയിൽ നിന്നും കളക്ട് ചെയ്ത സാംപിൾസ് CHETTALLI ലാബിൽ പരിശോധന നടത്തിയതിന്റെ റിസൾട്സ് NDS നെ അറിയിച്ചു.

### ദേശീയ ജൽജീവൻ മിഷൻ

ദേശീയ ജൽജീവൻ മിഷൻ ISA പ്രവർത്തനങ്ങൾ ഇടിവണ്ണ , ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിജയകരമായി നടന്നു വരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടി തലത്തിൽ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ വിജയകരമായി പൂർത്തീകരിച്ചു. രണ്ടു പഞ്ചായത്തിലും ഉള്ള സ്കൂൾ തലത്തിൽ നടത്തേണ്ടുന്ന വിദ്യാർത്ഥികൾക്കായുള്ള ജൽജീവൻ ചിത്ര രചന മത്സരങ്ങളും, അതോടൊപ്പം സമ്മാനദാനവും നടത്തപ്പെട്ടു.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തു തലത്തിൽ ജലഗുണ നിലവാര പരിശോധന പരിശീലന പരിപാടികൾ നടന്നു വരുന്നു. കഴിഞ്ഞ വർഷങ്ങളിൽ കുടുംബശ്രീ മൂലം ജലപരിശോധന നടത്താതിരുന്ന വാർഡുകളിലാണ് ജലജീവൻ പദ്ധതി മൂലം പരിശീലനം നൽകി വരുന്നത്. എടവണ്ണ ഗ്രാമ പഞ്ചായത്തിൽ 14 -ാം വാർഡായ പാണ്ടിയാട് വാർഡ്, വാർഡ് 15 ഏഴുകളരി , വാർഡ് 13 കൊളപ്പാട് , വാർഡ് 5 മുണ്ടേങ്ങര, വാർഡ് 22 ഒതായി എന്നിവിടങ്ങളിൽ വിജയകരമായി പരിശീലന പരിപാടി പൂർത്തിയാക്കി. കൂടുതൽ ആളുകൾ ജൽ ജീവൻ പദ്ധതിയിലേക്കു ചേരുന്നതിനു ഈ പരിശീലന പരിപാടികൾ കൊണ്ടു സാധിക്കുന്നു.

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ കൂത്തുപറമ്പ് വാർഡ് 9, വാർഡ് 10 തച്ചണ്ണ, വാർഡ് 6 പൂവത്തിങ്കൽ, വാർഡ് 5 വേഴക്കോട്, വാർഡ് 19 കിണറടപ്പൻ എന്നീ വാർഡുകളിൽ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കി. ഇതോടൊപ്പം SHG വനിതകൾക്കുള്ള ജൽ ജീവൻ ബോധവൽക്കരണ പരിപാടികൾക്കുള്ള ആസൂത്രണം നടന്നു വരുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS




പരസ്പരം കാവലാളുകൾ ആകാം ആക്കാം നമുക്ക്. കത്തോലിക്കാ കോൺഗ്രസ് എന്ന സംഘടന നമ്മളെ അതിനായി സ്വാഗതം ചെയ്യുന്നു.

**ഒറ്റയ്ക്ക് ഒറ്റയ്ക്ക് വളരാതെ നമുക്ക് ഒന്നിച്ച് വളരാം**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി പ്രവർത്തന സജ്ജമായി ഒരുമിക്കുന്ന നല്ല സമയമാണിത്. ഇത് നമ്മുടെ ജൂബിലി വർഷം. മാനന്തവാടി രൂപത ദൈവകൃപയാൽ നന്മയുടെ അമ്പതു വർഷം പൂർത്തിയാക്കുന്നു. ദൈവം തന്ന അനുഗ്രഹത്തിന് നന്ദിയായി ധാരാളം കാര്യങ്ങൽ നമുക്ക് ചെയ്യാൻ ഉണ്ട്. നമ്മുടെ ഇടവക യൂണിറ്റുകളിൽ കത്തോലിക്കാ സമിതികൾ രൂപമാകണം. എല്ലാവരും സജ്ജരാകരണം. നമ്മൾ മനസ്സ് വെച്ചാൽ ഇത് സജ്ജമാകും. നമുക്ക് ലഭിക്കേണ്ട എല്ലാ വിധ ആനുകൂല്യങ്ങളെ പറ്റിയും അവകാശങ്ങളെ പറ്റിയും ബോധവാന്മാരാകേണ്ട സമയം ഇനിയും അതിക്രമിച്ചിട്ടില്ല. നമ്മുടെ സമുദായ അവകാശങ്ങൾക്കു വേണ്ടി കർമ്മ ധീരതയോടെ നമുക്ക് പ്രവർത്തിക്കാം. കത്തോലിക്കാ കോൺഗ്രസ് വിഭാവനം ചെയ്യുന്ന ഹെൽപ്പ് ഡെസ്ക് എന്ന പ്രവർത്തനത്തിൽ എല്ലാ മേഖലകളിലോട്ടും വ്യാപിപ്പിക്കുന്നു അതോടൊപ്പം ക്യാമ്പയിൻ എഗൈൻസ്റ്റ് നർക്കോട്ടിക്സ് CAN - CAMPAIGN AGAINST NARCOTICS എന്ന പ്രോഗ്രാമിലും എല്ലാ മേഖലകളുടെയും യൂണിറ്റുകളുടെയും പ്രവർത്തന സാന്നിധ്യം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ സജ്ജമായ സിവിൽ എക്സൈസ് ഓഫീസേഴ്സ് സജ്ജരാണ് എന്ന് നമ്മളെ അറിയിച്ചിട്ടുമുണ്ട്. നമ്മുടെ ഇടവകകളിൽ നിന്നും കൃത്യമായിട്ടുള്ള പ്ലാനുകളും പദ്ധതികളും പ്രതീക്ഷിക്കുകയും ചെയ്യുന്നു. കത്തോലിക്കാ കോൺഗ്രസ് ഇതിന് നേതൃത്വം നൽകുന്നതും ആണ്.

**നമുക്ക് ഒരുമിച്ച് വളരാം ഒരുമിച്ച് നിൽക്കാം**

**1. ഒക്ടോബർ 2 ഞായർ പ്രവൃത്തിദിനമാക്കാനുള്ള നീക്കം പ്രതിഷേധാർഹം**

**മാനന്തവാടി:** ഒക്ടോബർ 2 ഞായറാഴ്ച പ്രവൃത്തി ദിനമാക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത സമിതി ആവശ്യപ്പെട്ടു.

വിവിധ കാരണങ്ങൾ പറഞ്ഞ് ക്രൈസ്തവർക്ക് ഏറെ പ്രാധാന്യമുള്ള ഞായറാഴ്ച്ചകളിൽ നിർബന്ധിത പരിപാടികൾ നടപ്പാക്കുന്ന പ്രവണത വർദ്ധിച്ചു വരികയാണ്. വിവിധ മത്സര പരീക്ഷകൾക്കും മറ്റു പരിപാടികൾക്കും ഞായറാഴ്ച ദിവസങ്ങൾ കൂടുതലായി ഉപയോഗിക്കുന്നു. ഇത്തരം നീക്കങ്ങൾ വഴി ക്രൈസ്തവരെ അപമാനിക്കുന്ന നിലപാട് സർക്കാർ തിരുത്തണമെന്നും കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു.

**2. ബഫർ സോൺ വിഷയത്തിൽ വനം മന്ത്രിയുടെ ചർച്ചയിൽ പ്രതിക്ഷേധം**

വയനാട് കളക്ട്രേറ്റിൽ വനം മന്ത്രിയുടെ അധ്യക്ഷതയിൽ വയനാട്ടിൽ വർദ്ധിച്ചു വരുന്ന വന്യജീവി ആക്രമണം, ബഫർ സോൺ വിഷയങ്ങളിൽ ആശങ്കകൾ പരിഹരിക്കാനും കൂടുതൽ ചർച്ചകൾക്കുമായി വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വയനാട്ടിലെ കാർഷിക വിഷയങ്ങളിൽ സജീവമായി ഇടപെടുന്ന കർഷക സംഘടനകളെയും മറ്റു അനുബന്ധ സംഘടനകളെയും ഒഴിവാക്കിയതിൽ ദുരൂഹതയെന്നു കത്തോലിക്കാ കോൺഗ്രസ്സ് മാനന്തവാടി രൂപത സമിതി.

കാലങ്ങളായി വയനാട് ജില്ലയിൽ പൊതു സമൂഹവും പ്രത്യേകിച്ച് കർഷകരും അനുഭവിച്ചു കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ ഇവിടുത്തെ രാഷ്ട്രീയപാർട്ടികൾ നിസംഗത പുലർത്തിയപ്പോൾ സമയാസമയങ്ങളിൽ ഉചിതവും ക്രിയാത്മകവും ആയ ഇടപെടലുകൾ നടത്തിയത് രാഷ്ട്രീയേതര സംഘടനകൾ ആണ്.

ബഫർസോൺ, ഇ എസ് സെഡ് വിഷയങ്ങളുടെ കാണാപ്പുറങ്ങളെ പഠിക്കുകയും സർക്കാരുകളുടെയും പൊതു സമൂഹത്തിന്റെയും മുൻപിൽ കൊണ്ട് വന്നതിലും ധാരാളം സംഭാവന

കൾ നൽകിയ വിവിധ കർഷക മത സംഘടനകൾ ഈനാട്ടിൽ ഉണ്ട്. അവരെയെല്ലാം തമസ്കരിക്കുകയും എന്നും കാർഷിക വിഷയങ്ങളിൽ നിസംഗത മാത്രം പുലർത്തുകയും ചെയ്യുന്ന രാഷ്ട്രീയപാർട്ടികളെ മാത്രം പങ്കെടുപ്പിച്ചു നടത്തിയ യോഗം ദുരൂഹവും ആശങ്ക ഉളവാക്കുന്നതുമാണ്.

**3.** മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്തു ശതമാനം സംവരണം ശരിവച്ച സുപ്രീം കോടതിവിധി നീതിയുടെ വിജയമാണെന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി. പത്തു ശതമാനം സാമ്പത്തിക സംവരണം നൽകുന്നത് ഭരണഘടനാ വിരുദ്ധമല്ലെന്ന് കോടതി കണ്ടെത്തി.

**4. കോടതി വിധി സ്വാഗതാർഹം**

ജാതി അടിസ്ഥാനത്തിൽ സംവരണം നൽകുമ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരിലെ അർഹതപ്പെട്ടവർക്ക് അവസരം നഷ്ടപ്പെട്ടിരുന്നു. പുതിയ വിധിവന്നതോടെ ഇതിന് മാറ്റം വരും. ജാതിയല്ല നീതിയാണ് പ്രധാനമെന്ന് സുപ്രീം കോടതി വിധിയിലൂടെ വ്യക്തമായിരിക്കുകയാണ്. വിധിയെ സ്വാഗതം ചെയ്തുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത പ്രസിഡന്റ് പ്രൊഫ. സാജു, സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ, അഡ്വ. ഗ്ലാഡിസ്, എന്നിവർ സംസാരിച്ചു.

5. കത്തോലിക്കാ കോൺഗ്രസ് പട്ടാണികുപ്പു യുണിറ്റ് പ്രവർത്തനവർഷം, യുണിറ്റ് തിരഞ്ഞെടുപ്പ്, സെമിനാർ എന്നിവ സംഘടിപ്പിച്ചു. യുണിറ്റ് പ്രസിഡന്റ് ശ്രീ റോയി കൂട്ടുങ്കൽ, സെക്രട്ടറി ശ്രീ. സജി പെരുമ്പിൽ, ട്രഷറർ ശ്രീ. ജെയ്സൺ ചാഞ്ഞപ്ലാക്കൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**6. ഹെൽപ്പ് ഡെസ്ക്ക് ശിൽപ്പശാല സംഘടിപ്പിച്ചു**

എ.കെ.സി.സി മാനന്തവാടി രൂപത സമിതി, മാനന്തവാടി രൂപത ജൂബിലി വർഷത്തോടനുബന്നിച്ച് ഹെൽപ്പ് ഡെസ്ക്ക് രൂപീകരണ ശിൽപ്പശാല നടത്തി. ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാക്കുവാൻ അവരെ സഹായിക്കുക, സ്ക്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക

എന്നിവയ്ക്കാണ് ഇടവകാതല ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിക്കുക.

മാനന്തവാടി രൂപതയിലെ ഇടവകകളിൽ നിന്നുള്ള ഹെൽപ്പ് ഡെസ്ക്ക് കൺവീനർമാർ ശിൽപ്പശാലയിൽ പങ്കെടുത്തു. പനമരം സെന്റ് ജൂഡ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ശിൽപ്പശാല മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ബിജു മാവറ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഹെൽപ്പ് ഡെസ്ക്ക് കൺവീനർ ശ്രീ രാജേഷ് ജോൺ, എ.കെ.സി.സി രൂപതാപ്രസിഡണ്ട് ശ്രീ കെ. പി സാജു, സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ഡയറക്ടർ ഫാ. ജോബി, ശ്രീമതി ഗ്ലാഡിസ് ചെറിയാൻ രൂപതാ കൺവീനർ ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജെയിംസ് തൈപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. തൃശൂർരൂപതാ ഹെൽപ്പ് ഡെസ്ക്ക് കോ-ഓഡിനേറ്റർമാരായ ശ്രീ. ജോമി ജോൺസൺ, ശ്രീ. റോണി എന്നിവർ ശിൽപ്പശാലക്ക് ത്യേതൃ്വം നൽകി.

**7. CAN ( CAMPAIGN AGAINST NARCOTICS)**

രൂപതാ തല ഉദ്ഘാടനം മാർ. അലക്സ് താരാമംഗലം പിതാവ് നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ് വിമൺസെല്ലും യൂത്ത് കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന കർമ്മ പരിപാടികൾക്ക് ഗ്ലോബൽ സെക്രട്ടറി ശ്രീമതി ഗ്ലാഡിസ് ചെറിയാൻ നേതൃത്വം നൽകി. ശ്രീ. ജെയ്മോൻ ഇ. ജെ, സിവിൽ എക്സൈസ് ഓഫീസർ ക്ലാസുകൾ നയിച്ചു. രൂപതയിലെ എല്ലാ ഇടവകകളിലും 'CAN ' കർമ്മപദ്ധതികൾ ഏറ്റെടുത്തുചെയ്യാൻ സമിതികൾ തയ്യാറാക്കി.

**8.** കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി നടവയൽ യൂണിറ്റിന്റെയും ജില്ലാ ഹോമിയോ ആശുപത്രിയുടെയും ജില്ലാ എക്സൈസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ മെഗാ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ലഹരിബോധവൽക്കരണ ക്ലാസ്, രക്ത പരിശോധന, ഫിസിയോ തെറാപ്പി, കൗൺസിലിംഗ്, യോഗ പരിശീലനം എന്നിവയുടെ ഉദ്ഘാടനം നടവയൽ ഹോളി ക്രോസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ആർച്ച് പ്രീസ്റ്റ് ഫാ. ജോസ് മേച്ചേരിയുടെ സാന്നിധ്യത്തിൽ പൂതാടി പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി മേഴ്സി സാബു നിർ

വച്ചു. യൂണിറ്റ് പ്രസിഡണ്ട് സജീ ഇ. വി, യൂണിറ്റ് സെക്രട്ടറി വിൻസന്റ്തോമസ്, സാബു നിരപ്പേൽ, ബിജു ആന്ത്രൂസ് എന്നിവർ സംസാരിച്ചു.

**9. കത്തോലിക്കാ കോൺഗ്രസ് ബത്തേരി മേഖല സമിതി കോടതി വിധി സ്വാഗതാർഹം**

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസത്തിനും സർക്കാർ ജോലിക്കും 10% സംവരണം അനുവദിച്ചുകൊണ്ടുള്ള 103 ഭരണഘടന ഭേദഗതി ശരിവെച്ച സുപ്രീം കോടതി വിധിയെ എ.കെ.സി.സി. ബത്തേരി ഫെറോന കമ്മറ്റി സ്വാഗതം ചെയ്തു.

പിന്നോക്ക സമുദായത്തിന്റെ നവോത്ഥാനത്തിനും സാമ്പത്തിക പുരോഗതിക്കും 75 വർഷമായി തുടരുന്ന ജാതീയ സംവരണം കാരണമായിട്ടുണ്ട്. അതോടൊപ്പം തന്നെ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സ്ഥിതി വളരെ ദയനീയമാണ്. ജാതീയവും സാമ്പത്തികവുമായ സംവരണത്തിലൂടെ മാത്രമേ സാമൂഹിക നീതി കൈവരിക്കാനാകൂ.

സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് സംവരണം ഏർപ്പെടുത്തിയതിനെ സംവരണവിഭാഗക്കാർ വിമർശിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നത് പ്രതിഷേധാർഹമാണ്.ആനുകൂല്യങ്ങളും അവകാശങ്ങളും ഒരു വിഭാഗത്തിൽ മാത്രം കേന്ദ്രീകരിക്കുന്നത് സാമൂഹിക നീതിയുടെ നിഷേധത്തിനും അസമത്വത്തിനും കാരണമാകും.

സുപ്രിം കോടതി വിധിയെ അഭിനന്ദിച്ചു കൊണ്ട് എ.കെ. സി. സി ബത്തേരിയിൽ പ്രകടനം നടത്തി. മേഖല പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി ചാൾസ് വടാശ്ശേരി, ഡേവി മാങ്കുഴ, ജോഷി കാരക്കുന്നൽ, ജേക്കബ് ബത്തേരി തോമസ് പട്ടമന, ജോയി പുളിക്കൽ, സാജു പുലിക്കോട്ടിൽ എന്നിവർ നേതൃത്വം നൽകി.

**സെബാസ്റ്റ്യൻ പുരക്കൽ**
കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത
ജനറൽ സെക്രട്ടറി

# ജീസസ് ഫ്രട്ടേണിറ്റി

''ഞാൻ കാരാഗ്രഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുത്തു വന്നു'' (മത്താ.25:36). ഈശോയുടെ ഈ വചനം ഹൃദയത്തിൽ ഉൾക്കൊണ്ടുകൊണ്ട് തടവറ പ്രേക്ഷിത പ്രവർത്തനത്തിൽ ഞങ്ങൾ വ്യാപൃതരാകുന്നു. തടവറ മക്കളുടെ മാനസിക ഉല്ലാസം ലക്ഷ്യ മാക്കി വിവിധ പരിപാടികളുമായി പ്രാർത്ഥിച്ച് ഒരുങ്ങി ഞങ്ങൾ തടവറ മക്കളുടെ അടുത്തേക്ക് കടന്നു ചെല്ലുന്നു.

ഒക്ടോബർ 24 ദീപാവലി ദിനത്തിൽ മാനന്തവാടി ജില്ലാ ജയിൽ വൈത്തിരി സബ്ജയിൽ എന്നിവിടങ്ങളിൽ വിവിധ കലാ പരിപാടികളുമായി തടവറ പ്രേക്ഷിത പ്രവർത്തകർ കടന്നുചെന്നു. മാനന്തവാടി ജില്ലാ ജയിലിൽ സെന്റ് ജോസഫ് ചർച്ച് കണിയാരം കെ.സി.വൈ.എം യൂണിറ്റും സെന്റ് ജോർജ് ചർച്ച് കല്ലോടി മിഷൻ ലീഗ് ശാഖയും സംയുക്തമായി വിവിധ പരിപാടികളോടെ തടവറ മക്കളുടെ അടുക്കലേക്ക് കടന്ന് വന്നു. ചെറുപുഷ്പ മിഷൻ ലീഗ് കയ്യൂന്നി ശാഖ വർണ്ണാഭമായ പരിപാടികളുമായി വൈത്തിരി ജയിലിലും സന്ദർശിച്ചു. കരളിനും, കണ്ണിനും, കാതിനും ഇമ്പമേകു ന്നതും മൂല്യാധിഷ്ഠിതവുമായ വിവിധ കലാപരിപാടികൾ ഇരു ജയിലുകളിലും അവതരിപ്പിക്കപ്പെട്ടു. 24-ാംതീയതി മാനന്തവാടി ജില്ലാ ജയിലിൽ ഫാ. റോബിൻസ് കുമ്പളക്കുഴി, ഡിക്കൻ അബിൻ എം. ഐ, സിസ്റ്റർ ലിൻസ F.C.C. ജീസസ് ഫ്രട്ടെണിറ്റി അനിമേറ്റർ സി. ജെസ്ന F.C.Cയും മറ്റ് ഭാരവാഹികളും നേതൃത്വം നൽകി. ദീപാവലിയുടെ സന്തോഷംപങ്കുവെച്ച് മധുരം നൽകി.

വൈത്തിരി സബ്ജയിലിൽ കയ്യൂന്നി ശാഖ ഡയറക്ടർ ഫാ. ക്ലിന്റോ പുലിക്കുന്നേൽ, സിസ്റ്റർ മേഴ്സി എസ്. എച്ച് പ്രസിഡന്റ് അലൻ പടിഞ്ഞാറയിൽ ജീസസ് ഫ്രെട്ടേണിറ്റി ആനിമേറ്റർ സി.ലില്ലി എസ് എച്ച് തുടങ്ങിയവർ നേതൃത്വം നൽകി.

11-11-2022ന് വൈത്തിരി സബ് ജയിലിൽ നടവയൽ സി.എം. സി. സിസ്റ്റേഴ്സ് സന്ദർശനം നടത്തുകയും തടവറ മക്കൾക്ക് ആശ്വാസവും മാനസിക ഉല്ലാസവും പകരുന്ന വിവിധ പരിപാടി കൾ അവതരിപ്പിക്കുകയും ചെയ്തു. സി. അർച്ചന സി. ആൻസി സി. ഡോണ ജീസസ് ഫ്രെട്ടേണിറ്റി ഡയറക്ടർ ഫാ. ടോമി പുത്തൻ പുരയ്ക്കൽ തുടങ്ങിയവർ സംസാരിക്കുകയും നേതൃത്വം നൽകു കയും ചെയ്തു. ഇരു ജയിലുകളിലെയും ജയിൽ നിവാസികളുടെ കലാപരിപാടികളും ജയിൽ ഉദ്യോഗസ്ഥരുടെ ഗാനമേളയും എല്ലാ വർക്കും ആവേശം പകരുന്നതായിരുന്നു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

## October – November 2022

- Kannur University SDE second year examination was conducted from 1st -8th November 2022.
- Vth Semester model examination was conducted from 8th -15th November 2022.
- The first year students showcased their talents on 'Tale nts Day' which was organised on 3rd November 2022.
- The college Table Tennis (women) Team secured Seco nd Runner-up in Kannur University Inter-collegiate Tab le Tennis Championship. Malavika Bijukumar of III Zoology has been selected for South Zone Inter University Table Tennis Championship for the year 2022-23.
- NSS: An exhibition and sale of mops was organized in the college auditorium on 18th October 2022. The mops were produced by Employment Training Centre for Tribal Women, Extension Centre, Mary Matha Arts and Science College.
- NCC : Organized Unity Run to celebrate Rashtriya Ektha Diwas on 31st October 2022.
- ASAP : An orientation and training Programme for first year UG students was organized by the ASAP District Cell Wayand on 19th October 2022.
- Vimukthi Club: Vimukthi Club in association with Assisi LP School organized 'BODHI- an anti drug awareness programme for the Begur Colony residents' on 28th October 2022. Mr. Sanil S, Excise Circle Inspector was the resource person. An awareness programme and flash mob was also organized.

- Department of Physics: Department of Physics in asso ciation with KSEB and IQAC organized 'POWER QUIZ' on 20th October 2022.
- Department of Mathematics: Department of Mathematics organized Mathematical quiz 'Epsilon 22' on 31st October 2022 and 'Live quiz through quizizz' on Natio nal Educational Day, 11th November 2022.
- They also organized Intercollegiate Mathematics Quiz competition 'Sigma 2022' on 4th November 2022.
- Department of Chemistry: As part of Keralapiravi celeb ration, Department of Chemistry organized Thiruvathira on 1st November 2022.
- Department of Commerce: Department of Commerce in association with IQAC organized 'FOOD FEST' to promote the entrepreneurial culture among the students on 3rd November 2022.
- Department of Computer Science: The department has been recognized as a Research Center under Kannur University.
- Department of Malayalam: Celebrated Malayalam Day & Kerala Piravi and organized different programmes from 1st to 7th November 2022. The department organized Seminar on 'Malayalam Language and Malayali'. Mr. P T Sugathan, President, Library Council was the keynote speaker.
- Dr. Sanu V F, Dr. Eldho K J, Dr. Ramya Krishnan M: Have been recognized as Research Supervisors in Zology, Computer Science and Commerce departments respectively under Kannur University.

**Dr Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതയുടെ കെസിബിസി മദ്യവിരുദ്ധ സമിതിയും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും സംയുക്തമായി നടത്തിയ ലഹരിവിരുദ്ധ വാരാചരണ മത്സരങ്ങളിൽ വിജയികളായ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉള്ള സമ്മാനങ്ങൾ ദ്വാരക എ. യു. പി സ്കൂളിൽ വെച്ച് വിതരണം ചെയ്തു. 2018 ന് ശേഷം സർവീസിൽ പ്രവേശിച്ച അധ്യാപകർക്കായുള്ള റിഫ്രഷ്മെന്റ്  കോഴ്സ് നവംബർ മാസം പന്ത്രണ്ടാം തീയതി കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. തേവര സേക്രട്ട് ഹാർട്ട് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ റവ. ഫാ. സാബു തോമസ് 'ആരായിരിക്കണം ഒരു അധ്യാപകൻ' എന്ന വിഷയത്തിൽ നയിച്ച ക്ലാസ്സ് അധ്യാപകർക്ക് ഏറെ ഉപകാരപ്രദമായി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**1. സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

വിദ്യാർത്ഥികൾ വീടുകളിൽ സേവനദിനം ആചരിച്ചുകൊണ്ട് ഗാന്ധിജയന്തി ദിനം വേറിട്ടതാക്കി. മാതാപിതാക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. ഇരിട്ടി ഉപജില്ലാതല മത്സരങ്ങളിൽ വിദ്യാർത്ഥികൾ മികച്ച വിജയം കരസ്ഥമാക്കി.

**2 സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

മാനന്തവാടി ഉപജില്ലാതല പ്രവർത്തിപരിചയമേളയിൽ ഉജ്ജ്വല വിജയം നേടി. തൽസമയം മത്സരയിനങ്ങളിൽ വിദ്യാലയം ഉപജില്ലയിൽ രണ്ടാം സ്ഥാനവും പ്രദർശന വിഭാഗത്തിൽ ഒന്നാം സ്ഥാനവും നേടി.  2021-22 അധ്യായന വർഷത്തെ എൽ. എസ്.എസ് സ്കോളർഷിപ്പിന് രണ്ട് കുട്ടികൾ അർഹരായി. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായനയ്ക്ക് അവസരം ഒരുക്കാൻ അലീന സ്മാരക വായനശാലയിൽ അംഗത്വം എടുത്തു. വിവിധ ഇനങ്ങളിൽ വിജയികളായ കുട്ടി

കളെ ആദരിക്കുവാനായി പ്രതിഭാ സംഗമം നടത്തി ലഹരി വിരുദ്ധ കാമ്പയിനിന്റെ ഭാഗമായിലഹരിക്കെതിരെ കൈമുദ്ര പതിപ്പിക്കൽ കുട്ടിച്ചങ്ങല തീർക്കൽ ലഹരിവസ്തുക്കളുടെ പ്രതീകാത്മക രൂപങ്ങൾ കത്തിക്കൽ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടത്തി. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ജനകീയ ചർച്ച സംഘടിപ്പിച്ചു.

**3. സെന്റ് മാർട്ടിൻ എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കലാമേള നടത്തി കുട്ടികളെ മികവിലേക്ക് നയിക്കുന്നതിനുള്ള അക്ഷര ചങ്ങാത്ത പരിപാടി ഊർജ്ജസ്വലമായി മുന്നോട്ടു പോകുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിരുദ്ധ ചങ്ങല തീർത്തു ലഹരി പ്രതീകാത്മക വസ്തുക്കൾ കത്തിച്ചു. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. കേരളപ്പിറവി ദിനത്തിൽ പ്രത്യേക അസംബ്ലി നടത്തുകയും മത്സരങ്ങൾ നടത്തുകയും ചെയ്തു. കേരള പാഠ്യ പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു.

**4. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപീടിക**

ഗാന്ധിജയന്തി ദിനാചരണത്തിന്റെ ഭാഗമായി വിദ്യാലയ പരിസരം വൃത്തിയാക്കി. പൂന്തോട്ട നിർമ്മാണത്തിന് തുടക്കം കുറിച്ചു. ലഹരി വിമുക്ത കേരളം പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ലഹരി വിമുക്ത സന്ദേശം നൽകുന്ന തെരുവ് നാടകം അവതരിപ്പിച്ചു.

**5. എ. എൽ. പി സ്കൂൾ കണിയാരം**

വിദ്യാലയത്തിൽ ലഹരിവിരുദ്ധ കാമ്പയിനിന്റെ ഭാഗമായി ഫ്ളാഷ് മോബ് നടത്തി. കുട്ടികൾ മനുഷ്യ ചങ്ങല തീർത്ത് പ്രതിജ്ഞയെടുത്തു.

**6. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു. കേരളപ്പിറവി ദിനത്തിൽ ലഹരി വിരുദ്ധ ചങ്ങല തീർക്കുകയും വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു. മലയാളഭാഷ പ്രവർത്തനങ്ങളുടെ ഭാഗമായി അക്ഷര ബോർഡ് സ്ഥാപിക്കുകയും വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പച്ചക്കറി തോട്ടത്തിന് ആരംഭമായി. ശിശുദിനം സമുചിതമായി ആചരിച്ചു.

**7. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുജന റാലിയും മനുഷ്യച്ചങ്ങലയും സംഘടിപ്പിച്ചു. ശുദ്ധജലം ജീവ ജലം എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ സംഘടിപ്പിച്ചു.

**8. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

ഗോത്ര വിദ്യാർത്ഥികളുടെ ഉയർച്ചയെ ലക്ഷ്യമാക്കി ഗോത്രാരവം എന്ന പരിപാടി വിവിധ കോളനികളിൽ സംഘടിപ്പിച്ചു. വൈത്തിരി ഉപജില്ല ശാസ്ത്രമേളയിൽ വിവിധ വിഭാഗങ്ങളിൽ വിദ്യാലയം ആദ്യം മൂന്ന് സ്ഥാനങ്ങൾ കൈവരിച്ചു. മദ്യവിരുദ്ധ സമിതിയും കോർപ്പറേറ്റ് ഏജൻസിയും ചേർന്ന് സംഘടിപ്പിച്ച ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളിൽ വിദ്യാലയം രണ്ടാം സ്ഥാനം നേടി. കഴിഞ്ഞ അധ്യായന വർഷം രണ്ട് വിദ്യാർത്ഥികൾ എൽ. എസ്. എസ് സ്കോളർഷിപ്പ് നേടി. ലഹരി വിരുദ്ധ ആചരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി. ശീതകാല പച്ചക്കറി കൃഷി ആരംഭിച്ചു. ശിശുദിന ആചരണത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു.

**9. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടം**

വോട്ടിംഗ് മെഷീൻ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഇലക്ട്രോണിക് വോട്ടിംഗ് മെഷീന് സമാനമായി സ്കൂൾ ലീഡർ തിഞ്ഞെടുപ്പ് നടത്തി. കുട്ടികൾ കൊണ്ടുവന്ന പച്ചക്കറി വിത്തുകൾ ഉയോഗിച്ച് പച്ചക്കറി കൃഷി ആരംഭിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തുകയും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

**10. ദേവമാത എൽ. പി സ്കൂൾ ആടിക്കൊല്ലി**

ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് വിദ്യാലയവും പരിസരവും വൃത്തിയാക്കി. വിദ്യാലയത്തോട് ചേർന്ന് പച്ചക്കറി ത്തോട്ടം നിർമ്മിച്ചു. ഇടത്തേരി ഉപജില്ല ശാസ്ത്രമേളയിൽ മികച്ച വിജയം കൈവരിച്ചു. 2021-22 വർഷത്തെ എൽ. എസ്. എസ് സ്കോളർഷിപ്പിന് മൂന്ന് കുട്ടികൾ അർഹരായി. വനിതാ ശിശു ക്ഷേമസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രസംഗമത്സരത്തിൽ വിജയം കരസ്ഥമാക്കി.

**11. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

ശിശുദിനം സമുചിതമായി ആചരിച്ചു. വർണ്ണശബളമായ റാലിയും വിവിധ മത്സരങ്ങളും നടത്തി. രക്ഷിതാക്കളുടെ സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

**12. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

ഗാന്ധിജയന്തി വിപുലമായി ആചരിച്ചു. വിവിധ മത്സരങ്ങൾ നടത്തി. അക്ഷയ ദീപകം പരിപാടിയിലൂടെ വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നു. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി അധ്യാപകർക്ക് പരിശീലനം നൽകി. ഉപജില്ലാ ശാസ്ത്രമേളയിൽ സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ ഗണിതശാസ്ത്രമേളകളിൽ വിജയം കൈവരിച്ചു. ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തി.

**യു. പി വിഭാഗം**

**1. സെന്റ് ജോസഫ് ടി. ടി. ഐ മാനന്തവാടി**

വിദ്യാലയത്തിൽ പുതിയതായി നിർമ്മിച്ച ബാസ്ക്കറ്റ് ബോൾ കോർട്ട് ഉദ്ഘാടനം ചെയ്തു. വിദ്യാലയത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. ഗാന്ധിജയന്തി ദിനത്തിൽ സർവ്വമത പ്രാർത്ഥന നടത്തി. ലഹരിവിരുദ്ധ ജന ജാഗ്രത സമിതി രൂപീകരിച്ചു. ഉപജില്ലാ തലത്തിൽ വിവിധ മേഖലകളിൽ വിദ്യാലയംഉന്നത വിജയങ്ങൾ കൈവരിച്ചു. കെ.സി.ബി.സിയുടെ ലഹരിവിരുദ്ധ മത്സരങ്ങളിലെ വിജയികൾക്കുള്ള അവാർഡുകൾ ഏറ്റുവാങ്ങി. ലഹരി ബോധവൽക്കരണ ക്ലാസ് നടത്തി. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. കഴിഞ്ഞ വർഷത്തെ എൽ. എസ്. എസ് കോളർഷിപ്പിന് 6 കുട്ടികൾ അർഹരായി. ഡി. എൽ. എഡ് ഭാഗത്തിന്റെ കമ്മീഷൻ പൂർത്തിയായി. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു.

**2. സെന്റ് മേരിസ് യു. പി സ്കൂൾ തരിയോട്**

വിദ്യാലയത്തിലെ ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ക്യാമ്പയിൻ സംഘടിപ്പിച്ചു. വൈത്തിരി ഉപജില്ല കായികമേളയിൽ തിളക്കമാർന്ന വിജയം നേടി.

**3. സെന്റ് മേരിസ് എ. യു. പി സ്കൂൾ കമ്പനിഗിരി**

കുഷ്ഠരോഗ നിവാരണത്തിന്റെ ഭാഗമായി അധ്യാപകർക്കായി പരിശീലനം സംഘടിപ്പിച്ചു. ബത്തേരി ഉപജില്ല കായിക

മേള വിദ്യാർത്ഥികൾ മാറ്റുരച്ചു. കഴിഞ്ഞ വർഷത്തെ നല്ല പാഠം പ്രവർത്തനങ്ങൾക്കുള്ള അവാർഡ് ഏറ്റുവാങ്ങി. കെ.സി.ബി.സി യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പോസ്റ്റർ നിർമ്മാണ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു. ശിശുദിനത്തിൽ വർണ്ണാഭമായ റാലി സംഘടിപ്പിച്ചു. വ്യത്യസ്തങ്ങളായ പരിപാടികളോടെ ശിശുദിനം മനോഹരമാക്കി.

**4. അസംപ്ഷൻ യു. പി സ്കൂൾ ബത്തേരി**

തപോഭവനത്തിലെ വൃദ്ധ മാതാപിതാക്കൾക്ക് എല്ലാ ആഴ്ചയും വിദ്യാർത്ഥികൾ പൊതിച്ചോറ് നൽകിവരുന്നു. സംസ്ഥാനതല ശാസ്ത്രമേളയിൽ ടീചെര്സ് പ്രോജക്ട് ഇനത്തിൽ എ ഗ്രേഡ് കരസ്ഥമാക്കി. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി റാലി, പോസ്റ്റർ നിർമ്മാണം, ബോധവൽക്കരണ ക്ലാസ് എന്നിവ സംഘടിപ്പിച്ചു. ഉപജില്ല ജില്ലാതല ശാസ്ത്രമേളകളിൽ വിജയികളായവരെ ആദരിച്ചു. എൽ എസ് എസ് പരീക്ഷയിൽ 11 വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു. ഗോത്ര ഫെസ്റ്റ് സംഘടിപ്പിച്ചു. വയനാട് ജില്ല ശിശുക്ഷേമ സമിതി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കി. സംസ്ഥാനതലത്തിൽ മികച്ച നല്ല പാഠം പ്രവർത്തനത്തിനുള്ള നാലാം സ്ഥാനം വിദ്യാലയം കരസ്ഥമാക്കി.

**5. സെന്റ് തോമസ് യു. പി സ്കൂൾ മുള്ളൻകൊല്ലി**

ഉപജില്ലാതല മത്സരങ്ങളിൽ പ്രവർത്തിപരിചയമേളയിലും കായികമേളയിലും ഓവറോൾ ചാമ്പ്യൻഷിപ്പിന് അർഹരായി. ശിശുദിനത്തോടനുബന്ധിച്ച് വയനാട് ശിശുക്ഷേമവകുപ്പ് നടത്തിയ മത്സരങ്ങളിൽ വിജയം നേടി. ഒരു മാസം നീണ്ടുനിന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു.

**6. എ. യു. പി സ്കൂൾ ദ്വാരക**

നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ പേപ്പർ ബാഗ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. ഒരു മാസക്കാലം നീണ്ടു നിന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യത്യസ്ത മായ നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി. ലഹരിവിമുക്ത ക്ലബ്ബും നല്ല പാഠം യൂണിറ്റും ചേർന്ന് തയ്യാറാക്കി 'ജാലം' ആൽബം പ്രകാശനം ചെയ്തു. 2021-22 അധ്യായന വർ ഷത്തെ എൽ. എസ്. എസ്, യു എസ് എസ് സ്കോളർഷിപ്പു കൾക്ക് യഥാക്രമം ഏഴും എട്ടും കുട്ടികൾ അർഹരാവുകയും ഗിഫ്റ്റഡ് സ്റ്റുഡൻസായി തിരഞ്ഞെടുക്കുകയും ചെയ്തു. വിവിധ ഉപജില്ല മേളകളിൽ വിദ്യാലയം അഭിമാനകരമായ നേട്ടങ്ങൾ കൈവ രിച്ചു. ഫിഫ വേൾഡ് കപ്പിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഗോൾ ക്യാമ്പയിൻ സംഘടിപ്പിച്ചു. ശിശുദിനം വിപുലമായി ആഘോഷിച്ചു.

**7. സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

വൈത്തിരി ഉപജില്ല മേളകളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ലൈബ്രറി കൗൺസിലുമായി ചേർന്ന് കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിന് രചനാ മത്സരങ്ങൾ നടത്തി. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തു.

**8. സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

ഗാന്ധിജയന്തി ദിനത്തിന്റെ ഭാഗമായി മത്സരങ്ങൾ സംഘ ടിപ്പിച്ചു. കഴിഞ്ഞ വർഷത്തെ യു. എസ് സ്കോളർഷിപ്പിന് മൂന്ന് വിദ്യാർത്ഥികൾ അർഹരായി പഞ്ചായത്ത്തല ജല് ജീവൻ മിഷൻ കഥാരചന മത്സരങ്ങളിലും ന്യൂമാത്സ് പരീക്ഷയിലും വിജയം കൈവരിച്ചു.

**9. സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

വിദ്യാലയത്തിൽ കരാത്തെ പരിശീലനം ആരംഭിച്ചു. മണി കിലുക്കം എന്ന പേരിൽ നഴ്സറി കലോത്സവം നടത്തി. ശിശുക്ഷേമ സമിതിയുടെ വിവിധ മത്സരങ്ങളിൽ വിജയം കൈവരിച്ചു. കേരളപ്പിറവി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തി. ലഹരിവിരുദ്ധ കാമ്പയിനിന്റെ ഭാഗമായി ''അണയട്ടെ

ലഹരി തെളിയട്ടെ പുതുജീവൻ'' എന്ന ആശയത്തെ മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ നടത്തി.

**10. സെന്റ് സെബാസ്റ്റ്യൻസ് എ. യു. പി സ്കൂൾ പാടിച്ചിറ**

ലഹരിവിരുദ്ധ കാമ്പയിനിന്റെ ഭാഗമായി റാലി സംഘടിപ്പിക്കുകയും തെരുവുനാടകം അവതരിപ്പിക്കുകയും ചെയ്തു. മാതാപിതാക്കൾക്ക് ലഹരിവിരുദ്ധ സെമിനാർ നടത്തുകയും വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഉപജില്ലാ കായികമേളയിൽ വിദ്യാർത്ഥികൾ മാറ്റുരച്ചു. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു. കേരളപ്പിറവി ദിനം സമുചിതമായി ആചരിച്ചു.

**11. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

പൊതു തലമുറ കടന്നുപോകുന്ന മാനസിക സംഘർഷങ്ങളെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി ക്ലാസ്സ് നൽകി. അനേകം വിഭവങ്ങൾ ഒരുക്കി ഭക്ഷ്യമേള സംഘടിപ്പിച്ചു. ലഹരി വിരുദ്ധ സന്ദേശവുമായി ദീപശിഖ പ്രയാണം നടത്തി.

**12. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി മുഴുവൻ വിദ്യാർഥികളെയും ഉൾപ്പെടുത്തി വിദ്യാർത്ഥികൾ ശൃംഖല സംഘടിപ്പിച്ചു. കേരള പാഠ്യ പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു. സ്കൂൾ കലാമേള വസന്തോത്സവം എന്ന പേരിൽ സംഘടിപ്പിച്ചു.

**ഹൈസ്ക്കൂൾ വിഭാഗം**

**1. സെന്റ് തോമസ് ഹൈസ്ക്കൂൾ നടവയൽ**

ഉപജില്ലാതല മത്സരങ്ങളിൽ യുപി വിഭാഗവും ഹൈസ്ക്കൂൾ വിഭാഗവും ആദ്യ സ്ഥാനങ്ങൾ തന്നെ കരസ്ഥമാക്കി കൊണ്ട് ഉപജില്ലയിൽ ഒന്നാം സ്ഥാനത്തിന് അർഹരായി. ജില്ലാതല അറിവ് ഉത്സവത്തിൽ വിജയങ്ങൾ കൈവരിച്ചു. സംസ്ഥാനതല ശാസ്ത്രമേളയിൽ വിവിധ ഇനങ്ങളിൽ വിജയികളായി. ലഹരി വിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടത്തി. വിദ്യാലയ പരിസരത്ത് പച്ചക്കറി തോട്ടം നിർമ്മിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു.

**2. നിർമ്മല ഹൈസ്ക്കൂൾ കബനിഗിരി**

ലഹരിവിരുദ്ധ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി സംവാദം സംഘടിപ്പിക്കുകയും രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി പ്രത്യേക പരിശീലനം നൽകുകയും ചെയ്തു. ഉപജില്ല ശാസ്ത്രമേളയിൽ ഐടി മേളയിൽ ചാമ്പ്യൻഷിപ്പും ഗണിതമേളയിൽ റണ്ണറപ്പ് സ്ഥാനവും നേടി. പുതിയ പാചകപ്പുരയുടെ ഉദ്ഘാടനം നടത്തി. കെ. സി. ബി. സി മദ്യവിരുദ്ധസമിതിയും കോർപ്പറേറ്റ് ഏജൻസിയും ചേർന്ന് സംഘടിപ്പിച്ച ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളിൽ വിദ്യാലയം മൂന്നാം സ്ഥാനം നേടി.

**3. സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ കല്ലോടി**

വിദ്യാർത്ഥികൾക്കായി നിയമ ബോധവൽക്കരണ ക്ലാസ് നടത്തി.ഡി. എം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫയർ ആൻഡ് റെസ്ക്യൂ മോക് ഡ്രിൽ നടത്തി. ലഹരിവിരുദ്ധ ക്യാമ്പയിൻ സന്ദേശയാത്ര ഫ്ളാഷ് മോബ് എന്നിവ സംഘടിപ്പിച്ചു. കേരളപാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ചസംഘടിപ്പിച്ചു. പി. എം. ഫൗണ്ടേഷന്റെ നേതൃത്വത്തിൽ SET TO SUCCESS എന്ന പ്രോഗ്രാം നടത്തി. ജില്ലാ ശിശുക്ഷേമസമിതി നടത്തിയ മത്സരങ്ങളിലും സയൻസ് ടാലന്റ് സെർച്ച് പരീക്ഷയിലും വിജയം നേടി. മാനന്തവാടി ഉപജില്ലാ പ്രവർത്തി പരിചയ മേളയിൽ നേടുകയും സംസ്ഥാനതലത്തിൽ പങ്കെടുത്തവർ മികച്ച വിജയം നേടുകയും ചെയ്തു.

**4. ഫാ. ജി. കെ. എം ഹൈസ്ക്കൂൾ കണിയാരം**

വിദ്യാലയത്തിലെ കലാമേള സർഗോത്സവം എന്ന പേരിൽ നടത്തപ്പെട്ടു. സ്പേസ് വീക്കിന്റെ ഭാഗമായി ഉപകാരപ്രദമായ ക്ലാസുകൾ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കാൻ ജന ജാഗ്രത സമിതി രൂപീകരിച്ചു. വിവിധ പ്രവർത്തനങ്ങൾ നടത്തി. സഹപാഠിക്ക് ഒരു കൈത്താങ്ങ് പരിപാടിക്ക് തുടക്കമായി. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് വിദ്യാലയവും പരിസരവും മറ്റും വൃത്തിയാക്കി.

**5. Assumption ഹൈസ്ക്കൂൾ ബത്തേരി**

സമൂഹത്തെ ഒന്നാകെ നശിപ്പിക്കുന്ന ലഹരിക്കെതിരെ വിദ്യാർത്ഥികൾ അണിനിരുന്നു. ജില്ലാ സോഷ്യൽ സയൻസ് മേളയിലും ഗണിതശാസ്ത്രമേളയിലും വിദ്യാലയം രണ്ടാം സ്ഥാനം

നേടി. സ്കൗട്ട് ഗൈഡ്  വിദ്യാർത്ഥികൾ  ലഹരി മുക്ത സൈക്കിൾ റാലി സംഘടിപ്പിച്ചു.

**6. സെന്റ് കാതറൈൻസ് ഹൈസ്ക്കൂൾ പയ്യമ്പള്ളി**

കേരളപ്പിറവി ദിനത്തിൽ ലഹരി വിരുദ്ധ റാലിയും മനുഷ്യ ചങ്ങലയും സംഘടിപ്പിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ലഹരി പിശാചിന്റെ കോലം കത്തിക്കുകയും ചെയ്തു. സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ വിദ്യാലയം മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**7. ഐ. ജെ. എം ഹൈസ്ക്കൂൾ കൊട്ടിയൂർ**

ഇരിട്ടി ഉപജില്ല ശാസ്ത്രമേളയിൽ  ഓവർ റോളും സാമൂഹ്യ ഗണിതശാസ്ത്രമേളകളിൽ റണ്ണറപ്പ് നേട്ടവും പ്രവർത്തി പരിചയമേളയിൽ മൂന്നാം സ്ഥാനവും കൈവരിച്ചു. ലഹരിവിരുദ്ധ കാമ്പയിനിന്റെ ഭാഗമായി മുഴുവൻ വിദ്യാർത്ഥികളും ലഹരി വിരുദ്ധ ചുമരിൽ കയ്യൊപ്പ് ചാർത്തി കേരള പിറവിദിനം സമുചിതമായി ആഘോഷിച്ചു. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനകീയ ചർച്ച സംഘടിപ്പിച്ചു.

**8. സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ അടയ്ക്കാത്തോട്**

വിദ്യാലയത്തിലെ സ്കൗട്ട് ഗൈഡ് കുട്ടികൾക്കായുള്ള ത്രിദിന ക്യാമ്പ് നടത്തി. ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. അങ്ങാടി കടവ് ഡോൺബോസ്കോ കോളേജിലെ ഡ്രീംസ് സംഘടന കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസും ചിത്രരചന മത്സരവും നടത്തുകയും വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**9. ക്രൈസ്റ്റ്  കിംഗ് ഹൈസ്ക്കൂൾ മണിമൂളി**

മലപ്പുറം ജില്ല സാമൂഹ്യശാസ്ത്രമേളയിൽ മികച്ച വിജയം കരസ്ഥമാക്കി.

**ഹയർ സെക്കൻഡറി സ്ക്കൂൾ വിഭാഗം.**

**1. സെന്റ്  കാതറൈൻസ്  ഹയർസെക്കൻഡറി സ്ക്കൂൾ, പയ്യംമ്പള്ളി**

2022-23 വർഷത്തെ മാനന്തവാടി ഉപജില്ല കായികമേളയിൽ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഉപജില്ല ജില്ലാശാസ്ത്രമേളകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു ലഹരി വിരുദ്ധ സന്ദേശവുമായി സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾ തെരുവു നാടകം അവതരിപ്പിച്ചു. ലഹരി വിരുദ്ധ റാലിയും മനുഷ്യ ചങ്ങലയും സംഘടിപ്പിച്ചു.

**2. സെന്റ് തോമസ് ഹയർസെക്കൻഡറി സ്ക്കൂൾ നടവയൽ**

വിദ്യാലയത്തിൽ ലഹരിവിരുദ്ധ സെമിനാർ നടത്തി. സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ല എക്സൈസ് ടീമുമായി സൗഹൃദ ഫുട്ബോൾ മത്സരം നടത്തി. ഫെഡാർ ഇന്റർനാഷണൽ സെമിനാർ മാനന്തവാടി ബിഷപ്പ് മാർ ജോസ് പോരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. എൻ. എസ്. എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞയും ഭദ്രദീപം തെളിയിക്കുകയും ചെയ്തു. സ്കൂൾ കൗൺസിലിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു. സ്കൂൾ പാർല മെന്റ് തിരഞ്ഞെടുപ്പ് നടത്തി. സ്കൗട്ട് ആൻഡ് ത്രിദിന ക്യാമ്പ് നടത്തി. നാഷണൽ കരാട്ടെ ചാമ്പ്യൻഷിപ്പിന് യോഗ്യത നേടി.

**3. ഫാ. ജി. കെ. എം ഹയർ സെക്കൻഡറി സ്ക്കൂൾ കണിയാരം**

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സൈക്കിൾ റാലിയും തെരുവ് നാടകവും സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഉപജില്ലാതലത്തിൽ വിവിധ മേഖലകളിൽ ആദ്യമൂന്ന് സ്ഥാനങ്ങളിൽ എത്തിച്ചേരാൻ വിദ്യാലയത്തിന് കഴിഞ്ഞു. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഗാന്ധി അനുസ്മരണവും നടത്തി. ജില്ലാ തലകലോത്സവത്തിനായി. ജില്ലാതല കലോത്സവത്തിനായി വിദ്യാലയം ഒരുങ്ങുന്നു.

**4. സെന്റ് ജോസഫ്സ് ഹയർസെക്കൻഡറി സ്കൂൾ കല്ലോടി**

വെയിറ്റ് ലിഫ്റ്റിംഗ് മത്സരത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിജയം നേടി. ഉപജില്ല കായികമേളയിൽ മികവാർന്ന വിജയങ്ങൾ കരസ്ഥമാക്കി. അക്കാദമികവും അക്കാദമികേതരവുമായ നിരവധി നേട്ടങ്ങളിലൂടെ നമ്മുടെ വിദ്യാലയങ്ങൾ സമൂഹത്തിന്റെ മുൻനിരയിൽ നിലയുറപ്പിക്കുന്നു എന്നുള്ളത് ഏറെ സന്തോഷകരമാണ്. വിവിധ മേഖലകളിൽ വിജയക്കൊടി പാറിച്ച ഊർജ്ജവുമായി മുന്നോട്ടുള്ള ദിനങ്ങളിൽ കൂടുതൽ നന്നായി പ്രവർത്തിക്കാൻ ഏവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**December 2022**

*01 Thursday...............Bathery: SH Nursing College Blessing*

*02 Friday...................Out of Station*

*03 Saturday...............Engaged*

*04 Sunday..................Kalpetta: Pastoral Visit*

*05 Mon - 9 Satur........KCBC*

*10 Saturday...............Diocesan Leaders' Meet*

*11 Sunday..................Kottathara: Pastoral Visit*

*16 Friday...................Holy Qurbana: SKD Mother House*

*18 Sunday..................Edivanna Pastoral Visit & Blessing of Renovated Altar*

*21 Wed - 23 Fri.........Noon: Visitors' Day*

*24 Saturday................Cathedral - Christmas*

*25 Sunday..................Christmas*

*26 Monday.................Kottathara: Ordination: Dn. Arun Poyikayil*

*27 Tuesday.................Vilumbukandam: Ordination: Dn. Anoop Kochery*

*28 Wednesday............Poroor: Ordination: Dn. Jijo Pallattukunnel*

*29 Thursday...............Kalluvayal: Ordination: Dn. Aneesh Purakkal*

*30 Friday.................Out of Station*

*31 Saturday..............Nilambur: Ordination: Dn. Thomas Njallampuzha*

# *Auxiliary Bishop's Programme*

**December 2022**

*01 Thursday...............Engaged*

*04 Sunday..................Badiyadka, Bible Convention*

*05 Mon- 08 Thur.......Ernakulam, KCBC*

*09 Friday...................Manimooly, Popular Mission Retreat*

*10 Saturday...............Dwaraka, Diocesan Leaders' Meet*

*11 Sunday..................Payyampally, Forane Catechism Teachers' Convention*

*13 Tueseday...............Batheri, Bishop's House*

*17 Saturday................Morning   Batheri, CRI meeting : Afternoon: Mananthavady, Christmas Celebration*

*24 Saturday...............Manimooly - Christmas*

*25 Sunday..................Christmas*

*26 Monday................Engaged*

*27 Tuesday................Afternoon:  Kurmbalakotta, Ordination of Dn. Amal Pannackal*

*28 Wednesday............Dwaraka, Mathruvedi Anniversary*

*29 Thursday...............Mannanam, Holy Qurbana*

*31 Saturday................Engaged*